ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 01 മെയ് 2018 ലക്കം 01

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490- - 2342440

# ഉള്ളടക്കം


1. സർക്കുലർ ........ 5
2. Prot. No.157/18, സർക്കുലർ നമ്പർ 08/2018 ........ 9
3. Prot. No.0184/2018 ........ 13
4. കെസിബിസി സർക്കുലർ – മെയ്ദിന സന്ദേശം ........ 18
5. കെസിബിസി സർക്കുലർ ........ 23
6. കച്ചേരിക്കാര്യം ........ 30
7. പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 34
8. സെമിനാരി വാർത്തകൾ ........ 37
9. വിശ്വാസപരിശീലനം ........ 41
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 44
11. ചെറുപുഷ്പ മിഷൻലീഗ് ........ 46
12. തിരുബാലസഖ്യം ........ 49
13. യുവജനശുശ്രൂഷ ........ 50
14. കുടുംബപ്രേഷിതത്വം ........ 57
15. വിദ്യാഭ്യാസ ഏജൻസി ........ 62
16. സാൻജോസ് അക്കാദമി ........ 68
17. വിമൽജ്യോതി വാർത്തകൾ ........ 71
18. നിർമ്മലഗിരി വാർത്തകൾ ........ 74
19. കെസിബിസി മദ്യവിരുദ്ധ സമിതി ........ 76
20. പ്രതീക്ഷ – ചികിത്സാകേന്ദ്രം ........ 79
21. സാമൂഹ്യസേവനവേദി ........ 81
22. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 85
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 86
24. Programme of the Archbishop Mar George Njaralakatt ........ 89
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 90
26. Programme of the Abp. Emeritus Mar George Valiamattam ........ 93
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 94
28. Programme of the Auxiliary Bishop Mar Joseph Pamplany ........ 97

*സർക്കുലർ*

# കത്തോലിക്ക കോൺഗ്രസ്സ് ശതാബ്ദിയാഘോഷം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ,

സീറോ മലബാർ സഭയുടെ അത്മായ സംഘടനയായ കത്തോലിക്ക കോൺഗ്രസ് നൂറ് വർഷങ്ങൾ പൂർത്തിയാക്കുകയാണ്. കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങൾ മെയ് മാസം 11 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ തൃശ്ശൂരിൽ നടക്കുകയാണ്. 1918 ൽ ചങ്ങനാശ്ശേരിയിൽ ഉദ്ഘാടനം ചെയ്ത 'കേരള കത്തോലിക്ക മഹാജനസഭ' എന്ന സംഘടനയാണ് ഇന്ന് കത്തോലിക്ക കോൺഗ്രസ് എന്ന പേരിൽ ശതാബ്ദിയാഘോഷത്തിൽ എത്തിനിൽക്കുന്നത്. കത്തോലിക്ക തിരുസഭയിൽ അത്മായരുടെ ദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം നിർവചിക്കുന്നുണ്ട്: 'ഭൗതിക ജീവിത സംവിധാനങ്ങളെ ദൈവഹിതമനുസരിച്ച് ക്രമീകരിക്കാനും മെത്രാന്മാരോടും വൈദികരോടും ചേർന്നു നിന്നുകൊണ്ട് ലോകത്തിൽ സുവിശേഷത്തിന്റെ പുളിമാവും ഭൂമിയുടെ ഉപ്പുമായിത്തീരാനുമുള്ളതാണ് അത്മായരുടെ ദൈവവിളി'. ഈ പ്രബോധനം രൂപപ്പെടുന്നതിനും വർഷങ്ങൾക്കുമുമ്പേ നമ്മുടെ സഭയിൽ ആരംഭിച്ച കത്തോലിക്ക കോൺഗ്രസ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത അത്മായ ദൗത്യം കാര്യക്ഷമമായി നിർവ്വഹിക്കുകയുണ്ടായി.

സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയപരവുമായ താൽപ്പര്യങ്ങളുടെ സംരക്ഷണത്തിനും സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്കുവേണ്ടി പതിറ്റാണ്ടുകളായി കത്തോലിക്ക കോൺഗ്രസ് നൽകിയ നിസ്തുലമായ സംഭാവനകളെയും ആദ്യകാല നേതാക്കന്മാരെയും നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. സമീപ കാലഘട്ടങ്ങളിൽ പലവിധ കാരണങ്ങളാൽ സംഘടനയുടെ ശക്തി കുറഞ്ഞുവന്ന സാഹചര്യത്തിലാണ് സീറോ മലബാർ മെത്രാൻ സിനഡ് കത്തോലിക്ക കോൺഗ്രസിന്റെ പുതിയ നിയമാവലി അംഗീകരിക്കുകയും അതുവഴി സംഘടനയെ ശക്തിപ്പെടുത്തുന്ന പ്രവർത്തന സംവിധാനം രൂപപ്പെടുത്തുകയും ചെയ്തത്. ഇന്ന് കത്തോലിക്ക കോൺഗ്രസ് അതിന്റെ കഴിഞ്ഞകാല പ്രതാപത്തിലേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നട

ത്തുന്ന പ്രവർത്തനങ്ങളിലൂടെ അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്.

കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങളുടെ പ്രാധാന്യം അടങ്ങിയിരിക്കുന്നത് ഈ സംഘടനയുടെ ആനുകാലിക പ്രസക്തിയാണ്. ആന്തരികവും ബാഹ്യവുമായ വെല്ലുവിളികൾ ഏതൊരു സമൂഹത്തെയും പോലെ നമ്മുടെ സമുദായത്തിനും എക്കാലവും നേരിടേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഇന്ന് നമ്മുടെ സഭ നേരിടുന്ന വെല്ലുവിളികൾ സജീവ ശ്രദ്ധയും ജാഗ്രതയും ആവശ്യപ്പെടുന്നവയാണ്. സുവിശേഷ സാക്ഷ്യത്തിന്റെ പ്രധാന വേദികളായ വിദ്യാഭ്യാസം, ആതുരസേവനം, രാഷ്ട്രസേവനം എന്നീ മേഖലകളിൽ നമ്മുടെ സമുദായം നൽകിയ അതുല്യ സംഭാവനകൾ തമസ്കരിക്കുകയും, സഭയുടെ സേവനമേഖലകളിൽ മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന പുതിയ പ്രവണതയെ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. മതേതരത്വത്തിന്റെ മഹനീയ ആശയം ഉയർത്തിപ്പിടിക്കുന്ന ഭാരതത്തിന്റെ ഭരണഘടനയുടെ യഥാർത്ഥ ചൈതന്യവും ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന ന്യൂനപക്ഷാവകാശങ്ങളും ധ്വംസിക്കപ്പെടുന്ന സാഹചര്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. രണ്ടായിരം വർഷങ്ങളായി ഭാരതീയ സംസ്കാരത്തിൽ ഉൾച്ചേർന്ന് ജീവിച്ചവരാണ് ക്രൈസ്തവരെന്ന് നമ്മെത്തന്നെയും മറ്റുള്ളവരെയും ഓർമ്മപ്പെടുത്തേണ്ട ആവശ്യകതയിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. ഇത്തരം സാഹചര്യങ്ങളും സമാനമായ മറ്റ് പ്രതിസന്ധികളും വളർന്നുവരുന്ന ഈ സാഹചര്യത്തിൽ ഐക്യത്തോടെ പ്രവർത്തിക്കുക, സംഘടിതമായി പ്രതികരിക്കുക എന്ന കാലഘട്ടത്തിന്റെ ആവശ്യത്തോടുള്ള ക്രിയാത്മക പ്രതികരണമാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

യേശുവിനോടും സഭയോടുമൊത്ത്, സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും മനുഷ്യകുലം മുഴുവന്റെയും പ്രകൃതിയുടെയും നിലനിൽപ്പിനും പുരോഗതിയ്ക്കുമായി ഒരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെന്ന പോലെ ഭാരതത്തിലും പീഡിപ്പിക്കപ്പെടുന്ന ക്രൈസതവ സഹോദരങ്ങളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും, മൗലികാവകാശങ്ങളുടെ നിഷേധത്തിനെതിരെയും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നയങ്ങൾക്കെതിരെയുമുള്ള പ്രതിഷേധം പ്രകടിപ്പിക്കാനുമുള്ള വേദിയാണ് ഈ ഒത്തുചേരൽ. ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം പ്രഘോഷിക്കാ

നും, ഭയം കൂടാതെ ജീവിക്കാനുമുള്ള ഭരണഘടനാവകാശം കാത്തു സൂക്ഷിക്കേണ്ടത്, പൂർവ്വികരോടും വരും തലമുറയോടും നമുക്കുള്ള കടപ്പാടും കടമയുമാണ്. വൈവിധ്യങ്ങളുടെ നടുവിലും, പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴും നമ്മൾ ചഞ്ചലചിത്തരല്ലെന്നും എല്ലാറ്റിനെയും അതിജീവിക്കുന്ന കൂട്ടായ്മയും സ്നേഹവും നമുക്ക് സ്വന്തമാണെന്നും തെളിയിക്കാനുള്ള വേദികൂടിയാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

'മതേതരത്വം രാഷ്ട്ര പുരോഗതിക്ക്' എന്നതാണ് ശതാബ്ദിയാഘോഷങ്ങൾക്ക് നമ്മൾ സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം. ഈ ആശയമാണ് നമ്മുടെ സമുദായ മഹാസമ്മേളനത്തിനൊരുക്കമായി വിവിധ തലങ്ങളിൽ ചർച്ച ചെയ്യേണ്ടത്. ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഇടവക, ഫൊറോന, രൂപത തലങ്ങളിൽ ആശയ കൈമാറ്റത്തിനും സമന്വനയത്തിനുമുള്ള വേദികൾ ഒരുക്കണം. ഒരു തരത്തിലുമുള്ള വിഭാഗീതയും സമുദായ ഐക്യത്തെ തകർക്കാതിരിക്കാൻ ജാഗരൂകരായിരിക്കണം. കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദി ആഘോഷം സഭയുടെയും സമുദായത്തിന്റെയും കൂട്ടായ്മ വിളിച്ചോതുന്ന ചരിത്ര മുഹൂർത്തമാക്കി മാറ്റാൻ എല്ലാവരും പരിശ്രമിക്കേണ്ടതുണ്ട്. നമ്മുടെ ഓരോ കുടുംബത്തിൽ നിന്നും ഒരാളെങ്കിലും കത്തോലിക്കാ കോൺഗ്രസ്സ് യോഗങ്ങളിൽ എത്തിചേരേണ്ടതാണ്. ബഹു. വൈദികരും സമർപ്പിതരും അത്മായ നേതാക്കളും ഈ ലക്ഷ്യത്തോടെ വേണം പ്രവർത്തിക്കുവാൻ.

2018 മെയ് 11,12,13,14 തിയ്യതികളിൽ തൃശ്ശൂരിൽ നടക്കുന്ന ശതാബ്ദി സമാപന സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അത്മായ പ്രതിനിധികൾ പങ്കെടുക്കുന്നു. സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടൊപ്പം സഭയിലെ എല്ലാ പിതാക്കന്മാരും സമ്മേളനത്തിൽ അണിചേരുമ്പോൾ ഈ സമ്മേളനം ചരിത്രത്തിൽ ഇടം പിടിക്കുമെന്ന് ഉറപ്പാണ്. മെയ് 11ന് മൺമറഞ്ഞ സമുദായനേതാക്കളുടെ ഛായചിത്രങ്ങൾ തൃശ്ശൂരിലെ സമ്മേളന നഗരിയിലേക്ക് ആഘോഷമായി കൊണ്ടുവരുന്ന ചടങ്ങ് നടക്കുന്നു. മെയ് 12ന് ഗ്ലോബൽ വർക്കിംങ്ങ് കമ്മറ്റി സമ്മേളനവും പതാക ഉയർത്തലുമാണ് പ്രധാന പരിപാടികൾ. മെയ് 13ന് ഒരുലക്ഷം പേർ പങ്കെടുക്കുന്ന റാലിയും സമുദായ മഹാസമ്മേളനവും നടക്കും. മെയ് 14 ന് പ്രതിനിധി സമ്മേളനത്തോടെ ശതാബ്ദിയാഘോഷങ്ങൾക്ക് സമാപനമാകും.

പ്രിയമുള്ളവരേ, നമ്മുടെ വിശ്വാസവും ബോധ്യങ്ങളും മുറുകെ പിടിച്ച് കൊണ്ട്, നീതിക്കും സത്യത്തിനും സമാധാനത്തിനും വേണ്ടി പ്രവർത്തന നിരതരാകാനുള്ള പ്രതിബദ്ധത നവീകരിക്കുവാൻ മെയ് 13-ാം തീയതി തൃശ്ശൂരിൽ നടക്കുന്ന മഹാറാലിക്കും സമ്മേളനത്തിനുമായി നമുക്ക് ഒത്തുചേരാം. ഉത്തമ വിശ്വാസികളും ഉത്തമ പൗരരുമായി, തലമുറകളെ പ്രചോദിപ്പിക്കാനുതകുന്ന ജീവിത മാതൃകകളായി നമുക്ക് പ്രവർത്തിക്കാം. വിശ്വാസത്തിൽ നമ്മുടെ പിതാവായ വി. തോമാശ്ലീഹയുടെ മാതൃകയിൽ കുരിശിന്റെ വഴിയിലൂടെ രക്ഷാകരമായി നമുക്കും സഞ്ചരിക്കാം. അസംഘടിതരും ഭയചകിതരുമായിരുന്ന ആദിമക്രൈസ്തവ സമൂഹത്തെ പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തിയതുപോലെ, ഈ കാലഘട്ടത്തിൽ ആത്മാവിന്റെ നവമായ അഭിഷേകം നമ്മെ ശക്തിപ്പെടുത്തട്ടെ. പരിശുദ്ധ അമ്മയുടെ പ്രാർത്ഥന, കൂട്ടായ്മയിൽ നമ്മെ നിലനിർത്തുകയും പ്രതിസന്ധികളിൽ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് ശതാബ്ദിയാഘോഷങ്ങളിലും വലിയ സഹകരണ മനോഭാവത്തോടെ പങ്കുചേരുവാനും എല്ലാവരോടും സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. ദൈവമഹത്വത്തിനും സഭയ്ക്കും രാഷ്ട്രത്തിനും സമുദായത്തിനുമായി സംഘടിക്കാം, പ്രബുദ്ധരാകാം, പോരാടാം.

സ്നേഹപൂർവ്വം,

**മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ**
ബിഷപ്പ്ലഗേറ്റ്, കത്തോലിക്ക കോൺഗ്രസ്സ്
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ മെയ് 6 ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.

**Prot. No. 157/18, സർക്കുലർ നമ്പർ 08/2018**

# മതബോധന ഞായർ

ഈശോയിൽ പ്രിയപ്പെട്ടവരെ,

അടുത്ത ഞായറാഴ്ച ജൂൺ മൂന്നിന് മതബോധന ഞായറായി ആചരിച്ചുകൊണ്ട് 2018-19 അധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് നമ്മൾ തുടക്കംകുറിക്കുകയാണ്. അതിരൂപതയിലെ 210 സൺഡേസ്കൂളുകളിലെ മുഴുവൻ കുട്ടികളേയും ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകമായി സമർപ്പിക്കുന്നു (ജൂൺ 8 വെള്ളി തിരുഹൃദയത്തിരുനാൾ). സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസജീവിതപരിശീലന കർത്തവ്യത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളസഭയിൽ ഇന്നുള്ള ദൈവവിളികൾക്കും കുടുംബഭദ്രതയ്ക്കും അടിസ്ഥാനമായി നിൽക്കുന്നത് ക്രമമായും ചിട്ടയായും കുട്ടികൾക്ക് നമ്മൾ നൽകുന്ന സൺഡേസ്കൂളുകളിലെ വിശ്വാസപരിശീലനമാണെന്നത് നിസ്തർക്കമായ കാര്യമാണ്.

സഭയുടെ ഏറ്റവും വലിയ ഉത്തരവാദിത്വവും കടമയുമാണ് വിശ്വാസപരിശീലനം. ദൈവത്തിന്റെ അമൂല്യദാനമായ വിശ്വാസം വളരുന്നതും ഫലംചൂടുന്നതും വിശ്വാസികളുടെ കൂട്ടായ്മയിലാണ്. അതിനാൽ മതബോധനശുശ്രൂഷയെ നമ്മുടെ കുടിയേറ്റ കാരണവന്മാർ ഏറെ മതിപ്പോടും വളരെ പ്രാധാന്യത്തോടുംകൂടിയാണ് വീക്ഷിച്ചത്. പലയിടങ്ങളിലും പള്ളികളും പള്ളിക്കുടങ്ങളും ആരംഭിക്കുന്നതിനുമുമ്പുതന്നെ അവർ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് ആരംഭംകുറിച്ചിരുന്നു എന്നത് അവരുടെ ആഴമായ വിശ്വാസത്തിന് തെളിവാണ്.

"നാം ഭൂമിയിലായിരിക്കുന്നത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുത്തെ ഇഷ്ടമനുസരിച്ച് നന്മചെയ്യുവാനും ഒരുദിവസം സ്വർഗ്ഗത്തിൽ പോകാനുമാണ്" എന്നാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (No.*1-3, 358*) പഠിപ്പിക്കുന്നത്. ഒരു ഇടവകയുടെ പരമപ്രധാനമായ ദൗത്യമാണ് ഇടവകാമക്കളെ വിശ്വാസത്തിൽ വളർത്തി സ്വർഗ്ഗത്തിലെത്തിക്കുക എന്നത്. നമ്മളിപ്പോൾ കുടിയേറ്റത്തിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ വിശ്വാസജീവിതത്തെ വഴിതെറ്റിക്കുന്ന പ്രവണതകൾ ഏറിവരികയാണ്. അധാർമ്മികതയുടെ വേലിയേറ്റവും മൂല്യശോഷണവും

സഭാപാരമ്പര്യങ്ങൾക്കും പഠനങ്ങൾക്കും നിരക്കാത്തവിധത്തിൽ വിശുദ്ധലിഖിതങ്ങളെ വ്യാഖ്യാനിക്കുന്ന വിവിധ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളും സഭാത്മക ജീവിതത്തെയും വിശ്വാസബോധ്യങ്ങളെയും വ്യതിചലിപ്പിക്കുവാൻ സാധ്യതയുണ്ട്. ഇത്തരുണത്തിൽ വർദ്ധിച്ച മൂല്യബോധവും അടിയുറച്ച വിശ്വാസവും സമ്പന്നമായ ആധ്യാത്മികതയും നിസ്വാർത്ഥമായ പ്രേഷിത ചൈതന്യവും സ്വായത്തമാക്കി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരണമെങ്കിൽ അവർക്ക് മെച്ചപ്പെട്ട വിശ്വാസപരിശീലനം കൂടിയേതീരു. ഇതിന് അടിസ്ഥാനമായി നിൽക്കുന്നത് കുടുംബത്തിലെ വിശ്വാസപരിശീലനവും തുടർന്നുള്ള മതബോധന ക്ലാസ്സുകളുമാണ്.

വിശ്വാസപരിശീലനത്തിന് അടിത്തറ പാകുന്നത് കുടുംബത്തിലാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ കുടുംബത്തെ "ഗാർഹിക സഭ" എന്നാണു വിശേഷിപ്പിച്ചത്. മാതാപിതാക്കൾ കുട്ടികളുടെ വിശ്വാസ പരിശീലകരും മാതൃകയുമാണ്. "വേരു പരിശുദ്ധമെങ്കിൽ ശാഖകളും അങ്ങനെതന്നെ" (റോമ 11:16) എന്ന് വി. പൗലോസ് ശ്ലീഹ അനുസ്മരിപ്പിക്കുന്നുണ്ട്. മാതാപിതാക്കൾ വേരുകളും മക്കൾ ശാഖകളുമാണ് ''ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പഠിപ്പിക്കുക'' എന്ന സുഭാഷിത വചനങ്ങൾ എത്രയോ അർത്ഥവത്താണ് (സുഭാ 22:6). ജനനനിമിഷം മുതൽ ഉറച്ച വിശ്വാസം ലഭിക്കുന്നതിനുള്ള കുട്ടിയുടെ എല്ലാ സാധ്യതകളും പ്രതീക്ഷകളും പ്രധാനമായും അവന്റെ മാതാപിതാക്കളുടെ ദൈവത്തോടുള്ള മനോഭാവത്തെയും അവർ നല്കുന്ന സൻമാതൃകകളെയും അധ്യാപനത്തെയും ആശ്രയിച്ചിരിക്കുന്നു എന്നാണ് വി. ഇവുലൂയിസ് പറഞ്ഞിരിക്കുന്നത്.

പ്രിയപ്പെട്ട മാതാപിതാക്കളെ, നമ്മുടെ കുടുംബത്തിൽ പരമ്പരാഗതമായി പുലർത്തിവരുന്ന നല്ല ശീലങ്ങളും നിഷ്ഠകളും ആധ്യാത്മികാനുഷ്ഠാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പ്രഭാതപ്രാർത്ഥന, ജപമാല, ബൈബിൾ പാരായണം, കുമ്പസാരം, വി.കുർബ്ബാന സ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്തസംഘടനകളിലെ പ്രവർത്തനം എന്നിവ മുടങ്ങാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കൂടാതെ കുടുംബത്തിലെ നല്ല പതിവുകളും ആചാരമര്യാദകളും ഞായറാഴ്ച്ച ആചരണവും കുട്ടികളെ പരിശീലിപ്പിക്കണം. ട്യൂഷൻ, ഇതര പരിശീലന പരിപാടികൾ എന്നിവ ഞായറാഴ്ചത്തെ മതബോധന ക്ലാസ്സുകൾക്ക് തടസ്സമാകാതെ ക്രമീകരിക്കേണ്ടതാണ്. സ്വന്തം ഇടവകയിൽനിന്നു മാറി പഠനത്തിനായി പോകുന്ന കുട്ടികളെ അവർ പഠിക്കുന്ന സ്ഥാപനത്തിനടുത്തുള്ള സൺഡേസ്കൂളിൽചേർത്ത്

വിശ്വാസപരിശീലനം പൂർത്തിയാക്കുവാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്.

കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന ദൈവവിശ്വാസവും ദൈവാശ്രയബോധവും പ്രത്യാശയും സഹോദരസ്നേഹവും ഐക്യവും പങ്കുവയ്ക്കലും ത്യാഗമനോഭാവവും നമ്മുടെ കുടുംബങ്ങളിൽ പുനഃപ്രതിഷ്ഠിക്കേണ്ടതാണ്. കുടുംബങ്ങൾ ദൈവവിളിയുടെ പരിശീലനകളരിയാണ്. നല്ല കുടുംബപശ്ചാത്തലത്തിൽനിന്ന് വരുന്നവർക്കേ നല്ല അജപാലകരായിരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കുഞ്ഞുങ്ങളെ വഴിതെറ്റിക്കുന്ന മദ്യം, മയക്കുമരുന്ന്, പുകയില, മറ്റു ലഹരിവസ്തുക്കൾ എന്നിവയ്ക്ക് നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കൊടുക്കരുത്. ടി.വി ചാനലുകൾ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവ കുഞ്ഞുങ്ങളെ വഴിതെറ്റിക്കാൻ സാധ്യതയുള്ളതിനാൽ മാതാപിതാക്കൾ ഇവയ്ക്കു നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. തെറ്റായ ബന്ധങ്ങളിൽ ഉൾപ്പെടാതിരിക്കാൻ മാതാപിതാക്കൾ കുട്ടികളുടെ നല്ല കാവൽക്കാരും സുഹൃത്തുക്കളുമായിമാറണം.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ മറ്റൊരു പ്രധാന വേദിയാണ് സൺഡേസ്കൂളുകൾ. 1 മുതൽ 12-ാം ക്ലാസ്സുവരെ നീണ്ടു നിൽക്കുന്ന വിശ്വാസപരിശീലന പദ്ധതിയാണ് നമ്മുടെ സഭയിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. വിശ്വാസപരിശീലനം ഒരു ഇടവകയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ല പരിശീലനം കൊടുക്കുവാൻവേണ്ട ഭൗതിക സാഹചര്യങ്ങൾ ഓരോ ഇടവകാസമൂഹവും ഒരുക്കേണ്ടതാണ്. കുട്ടികളെ സഭയോട് ചേർന്നു നിൽക്കുവാൻ സഹായിക്കുന്നതും, വി. കുർബ്ബാന കേന്ദ്രീകൃതവുമായ ഒരു വിശ്വാസപരിശീലനത്തിനാണ് നാം പ്രാധാന്യംകൊടുക്കേണ്ടത്. ഇളംതലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുന്നതിനും ആഴപ്പെടുത്തുന്നതിനും ദൈവാശ്രയവും ദൈവഭക്തിയും ദൈവഭയവുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുള്ള സൺഡേസ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങളുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സൺഡേസ്കൂളുകളിൽ നിസ്വാർത്ഥമായി വിശ്വാസരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും അവർക്ക്

ധാരാളം ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ പതിവനുസരിച്ച് മതബോധനവർഷം ആരംഭിക്കുന്ന ഞായറാഴ്ചയിലെ സ്തോത്രകാഴ്ച്ച മതബോധന പ്രവർത്തനങ്ങളുടെ ചിലവുകൾക്കായി നീക്കിവയ്ക്കുകയാണ്. വരുന്ന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധനഞായറിന്റെ ആശംസകൾ നേരുന്നു. കുഞ്ഞുങ്ങൾ "ബാലനായ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ" വളർന്നുവരാൻ നസ്രത്തിലെ തിരുകുടുംബം കൃപനൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളെയും ഞാൻ ആശീർവ്വദിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-04-2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ മെയ് 29 ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്. ജൂൺ 03 ലെ സ്തോത്രക്കാഴ്ച്ച മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ എത്തിച്ചുതരേണ്ടതുമാണ്.

Prot. No. 0184/2018

# സീറോ മലബാർ സിനഡ് ജനുവരി 2018

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജന ത്തിനും എഴുതുന്നത്.*

ഈശോയിൽ ഏററവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

നമ്മുടെ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തിയതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ദിവസങ്ങളിലാണ് സഭാസിനഡിന്റെ XXVI-ാം സമ്മേളനം നടത്തപ്പെട്ടത്.

ആദ്യമായി സഭാസിനഡിൽ പങ്കെടുക്കുന്ന തലശ്ശേരി അതിരൂപത സഹാ യമെത്രാൻ മാർ ജോസഫ് പാംപ്ലാനി, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, എന്നിവരേയും പുതുതായി രൂപം കൊണ്ട ഹൊസൂർ രൂപ താദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിനേയും സിനഡ് അനു മോദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. നമ്മുടെ സഭയ്ക്ക് പുതിയ രണ്ട് ഇടയൻമാരെകൂടി ലഭിച്ച വിവരം ഈ സിനഡിനിടയ്ക്ക് പ്രഖ്യാപി ക്കുകയുണ്ടായി. ഇടുക്കി രൂപതാദ്ധ്യഷനായി ഫാദർ ജോൺ നെല്ലിക്കുന്നേ ലും, സാഗർ രൂപതാദ്ധ്യഷനായി ഫാദർ ജെയിംസ് അത്തിക്കളം MSTയും നിയമിതരായി. ഈ പുതിയ പിതാക്കൻമാർക്കുവേണ്ടി ഏവരും പ്രാർത്ഥി ക്കുമല്ലോ.

തമിഴ്നാട്ടിൽ പുതിയതായി രൂപംകൊണ്ട ഹൊസൂർ രൂപതാ സ്ഥാപന ത്തിനു വേണ്ടി വർഷങ്ങളോളം പരിശ്രമിച്ച ഇരിങ്ങാലക്കുട രൂപതാ അധി കാരികൾക്കും മുൻ മേലദ്ധ്യഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും സിനഡ് കൃതഞ്ജതയർപ്പിച്ചു.

വിശാലമായ അതിർത്തികളോടെ രൂപീകൃതമായ പുതിയ ഷംഷാബാ് രൂപത അദ്ധ്യഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് സിനഡ് ആശംസകൾ അർപ്പിച്ചു. ഷംഷാബാദ് രൂപതാസ്ഥാപനത്തോടെ ഭാരതംമുഴുവനും പ്രേഷിതപ്രവർത്തനം നടത്തുവാനും അജപാലനശുശ്രൂയിൽ ഏർപ്പെടു വാനുംഉള്ള അവകാശാധികാരങ്ങൾ സീറോമലബാർ സഭയ്ക്ക് കൈവന്നി രിക്കുകയാണ് എന്ന് സിനഡ് വിലയിരുത്തി. ഈ അവകാശാധികാരങ്ങളോ ടുകൂടെയുള്ള പുതിയ സംവിധാനത്തിന് വഴിയൊരുക്കിയ ആദ്യത്തെ അപ്പ സ്തോലിക്ക് വിസിറ്ററായ അഭിവന്ദ്യ കർദ്ദിനാൾ ആന്റണി പടിയറ, മാർ ഗ്രിഗറി കരോട്ടേമ്പ്രയിൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ എന്നിവരെ സിനഡ് നന്ദിപൂർവ്വം അനുസ്മരിച്ചു. പുതിയ രൂപതയുടെ പ്രവർത്തനങ്ങൾക്ക്

മാതൃസഭയിൽനിന്നും സഭയിലെ സമർപ്പിതസമൂഹങ്ങളിൽനിന്നും ആത്മാർഥമായ സഹായസഹകരണങ്ങൾ ഉണ്ടാകേണ്ടതാണെന്ന് ഉത്ബോധിപ്പിക്കുന്നു. ഇന്ത്യയിൽ ആഗോളതലത്തിൽ അവകാശാധികാരങ്ങൾ വ്യാപിപ്പിച്ചു കിട്ടിയത് സുവിശേഷവത്കരണത്തിനുള്ള അവസരമായിട്ടും മററു വ്യക്തി സഭകളുമായി സമാധാനപരമായ സഹവർത്തിത്വത്തിനും ഉള്ള അവസരമായി കാണേണ്ടതുണ്ട്. സീറോ മലബാർ സഭയ്ക്ക് ഇന്ത്യയിൽ മുഴുവൻ അജപാലനാധികാരം ലഭിച്ചത് രജതജൂബിലി വർഷത്തിലാണ് എന്നത് ശ്രദ്ധേയമാണ്. പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മുരിയ്ക്കൻ, മാർ ടോണി നീലങ്കാവിൽ എന്നിവർക്ക് സിനഡ് ജൂബിലി ആശംസകൾ നേർന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

ഭാരതത്തിൽ കത്തോലിക്കാസഭ അടുത്ത കാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ചും സത്ന, സാഗർ, ജഗദൽപൂർ എന്നീ രൂപതകളിലെ ക്രൈസ്തവർക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ സിനഡ് ആശങ്കരേഖപ്പെടുത്തി.

മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി ആഘോഷങ്ങളെപ്പററി സിനഡ് വിശകലനം ചെയ്തു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നമ്മുടെ എല്ലാപിതാക്കൻമാരും ഒന്നു ചേർന്ന് ജനുവരി 13-ാം തീയതി കൃതജ്ഞതാബലി അർപ്പിക്കുകയുണ്ടായി. ഉച്ചകഴിഞ്ഞ് 2.30ന് നടന്ന പൊതുസമ്മേളനം കൽദായ കത്തോലിക്കാ സഭയുടെ പാത്രിയർക്കീസ് ലൂയീസ് റാഫേൽ സാക്കോ ഉത്ഘാടനം ചെയ്തു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ജാംബത്തിസ്ത ദികാത്രോ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എന്നെ കൂടാതെ സി.ബി.സി.ഐ പ്രസിഡന്റും സീറോ മലങ്കര സഭ മേജർ ആർച്ചു ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കബാവ, പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ച് ബിഷപ്പ് ഡോ. സിറിൽ വാസിൽ, വരാപ്പുഴ മുൻ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ഗ്രീക്ക് കത്തോലിക്കാസഭയുടെ അദ്ധ്യക്ഷ പദവിയിൽനിന്നും വിരമിച്ച ബിഷപ്പ് ഡിമിത്രിയോസ് സലാക്കസ്, സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്., സി.എം.സി. മദർ ജനറൽ സി. സിബി, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ബിജു പറയന്നിലം, മാതൃവേദി സെക്രട്ടറി ജിജി ജേക്കബ്, എസ്.എം.വൈ.എം പ്രസിഡന്റ് അരുൺ ഡേവിസ് എന്നിവരും തദവസരത്തിൽ ആശംസകൾ നേരുകയുണ്ടായി. സിനഡിൽ സംബന്ധിച്ചിരുന്ന സീറോ മലബാർ സഭയിലെ എല്ലാ പിതാക്കന്മാർക്കും പുറമെ സീറോ മലബാർ സഭയുടെ എല്ലാ രൂപതകളിൽനിന്നുമുള്ള വൈദികരുടേയും സമർപ്പിതരുടെയും അത്മായ സഹോദരങ്ങളുടേയും പ്രത്യേകമായി യുവജനങ്ങളുടേയും പ്രതിനിധികളും പ്രസ്തുതസമ്മേളനത്തിൽ പങ്കെടുത്തു.

കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയും അവരുടെ ജീവനും സ്വത്തിനും കൃഷിയ്ക്കും

സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കർഷകകുടുംബങ്ങളേയും കൃഷിയിടങ്ങളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് സിനഡ് പിതാക്കൻമാർ അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങൾക്കെതിരെ കിടങ്ങ്, ഉയർന്ന മതിൽ, സോളാർ, ഇലക്ട്രിക്കൽ വേലികൾ തുടങ്ങിയവ നിർമ്മിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും കാര്യമായ സഹായങ്ങൾ ഉണ്ടാകണമെന്ന് സിനഡ് ആവശ്യപ്പെട്ടു. മനുഷ്യ സംരക്ഷണത്തേക്കാൾ മൃഗസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന സമീപനരീതി തികച്ചും അപലപനീയമാണ്. ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്നതും നിലനിൽക്കുന്നതും (Sustainable) ആയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും സന്നദ്ധസംഘടനകളും മുന്നിട്ട് ഇറങ്ങേണ്ടതുണ്ട്. INFARM, AKCC XpS തുടങ്ങിയ സംഘടനകൾ ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതും പൊതുജനാഭിപ്രായരൂപീകരണത്തിന് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. മലയോര മേഖലയിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾക്കും, കാർഷിക വിളകളുടെ വിലയിടിവിനും, പ്രകൃതിക്ഷോഭം, തുടങ്ങിയ പ്രശ്നങ്ങൾക്കും ഒരു സാമ്പത്തിക സുരക്ഷാപദ്ധതി വിഭാവനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇത്യാദി പ്രശ്നങ്ങൾ കൊണ്ട് മലയോര മേഖലയിൽ കഴിയുന്നവർ കുടിയിറങ്ങുന്ന പ്രവണത സിനഡ് ആശങ്കാപൂർവ്വമാണ് നോക്കി കാണുന്നത്. ഇത് ഒരു പുതിയ രീതിയിലുള്ള കുടിയേററത്തിന് രൂപം കൊടുക്കുന്നു.

നമ്മുടെ സഭയിൽ ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി ഒരു കമ്മീഷന് രൂപം കൊടുത്തിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. മാതൃസഭയിൽ ദൈവവിളികൾ, പ്രത്യേകിച്ചും സ്ത്രീകൾക്കായുള്ള സമർപ്പിതസമൂഹങ്ങളിലേക്കുള്ളദൈവവിളികൾ, ആശങ്കാജനകമാംവിധം കുറഞ്ഞു വരുന്നതിനെപ്പറ്റി സിനഡ് വിലയിരുത്തി. ഈ കമ്മീഷനുമായി സഹകരിച്ച് സഭാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ ബന്ധപ്പെട്ട എല്ലാവരും പരിശ്രമിക്കുമല്ലോ. ബഹുമാനപ്പെട്ട വികാരിമാർക്കും ഇടവകയിലെ സമർപ്പിതസമൂഹങ്ങൾക്കും ദൈവവിളി പ്രോത്സാഹനത്തിൽ വലിയ പങ്കുവഹിക്കുവാനുണ്ട്. മിഷൻലീഗ് തുടങ്ങിയ സംഘടനകൾ കുട്ടികളിലും യുവജനങ്ങളിലും പ്രേഷിതാഭിമുഖ്യവും ദൈവവിളികളും പ്രോത്സാഹിപ്പിക്കുവാൻ മുന്നിട്ടിറങ്ങണം. വൈദികപരിശീലന കാലഘട്ടത്തിൽ തന്നെ പ്രേഷിതാഭിമുഖ്യം (Mission awareness) നൽകുവാൻ പരിശ്രമിക്കേണ്ടതാണ്. റീജൻസി കാലത്തും വൈദികപട്ടത്തിനു ശേഷമുള്ള ആദ്യത്തെ ചില വർഷങ്ങളിലും നമ്മുടെ മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുവാനുള്ള അവസരം ഒരുക്കേണ്ടതാണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. അൽമായരേയും സന്നദ്ധസംഘടനാംഗങ്ങളേയും വോളന്റിയർമാരായി മിഷൻ രൂപതകളിൽ പോയി ശുശ്രൂഷ ചെയ്യുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അതുപോലെതന്നെ മിഷൻരൂപതകളിൽ നിന്നും കേരളത്തിൽ മാതൃസഭയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും

വന്ന് മിഷനെപ്പററി പ്രസംഗിക്കുന്ന രീതി രീതി (Mission Appeal) പ്രോത്സാഹിപ്പിക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിനായി മിഷനിൽ നിന്നും കേരളത്തിൽ വരുന്ന Vocation Promotersന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു കൊടുക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു. മിഷൻ രൂപതകളിലേക്ക് പൊതുവായി സെമിനാരിക്കാരെ എടുത്ത് മേജർ ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിൽ പരിശീലിപ്പിക്കണമെന്ന് സിനഡിൽ നിർദ്ദേശമുണ്ടായി.

മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളെ ചർച്ചയ്ക്കു ശേഷം തീരുമാനങ്ങളായി സിനഡ് അംഗീകരിച്ചു. അവ താഴെ പ്പറയുന്നവയാണ്.

1. വിവിധ ഇടവകകൾ, സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ പരിപാടികളിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുക്കുന്ന സാഹചര്യങ്ങളിൽ സ്വീകരണം പള്ളിയുടെ പ്രവേശനകവാടത്തിൽ വെച്ച് നടത്തുക. ഇടവകയുടെ അതിർത്തികളിലോ, ഗേററിനടുത്തോ ഉള്ള സ്വീകരണം ഒഴിവാക്കുക. റോഡരികിലുള്ള ഫ്ളക്സ്, ആർച്ച് എന്നിവ ഒഴിവാക്കുക.
2. എല്ലാ ആഘോഷങ്ങളും ലളിതമായിരിക്കണം. ഏതു തരത്തിലുള്ള പബ്ലിസിററിയും ജനങ്ങളെ അറിയിക്കുക എന്ന ഉദ്ദേശത്തോടെയും വളരെ ലളിതമായിട്ടുള്ളതുമായിരിക്കണം.
3. രൂപതയുടെയോ, ഇടവകയുടേയോ മററു സമർപ്പിതസമൂഹങ്ങളുടേയോ സ്കൂളുകളിൽ നിർബന്ധിതമായിട്ടുള്ള സംഭാവന ചോദിക്കുവാൻ പാടില്ല.
4. രൂപതയുടെയോ, ഇടവകയുടേയോ, സമർപ്പിതസമൂഹങ്ങളുടേയോ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്കൂളുകളിൽ നിർധനരായ കുട്ടികൾക്കും കത്തോലിക്കർക്കും ഫീസ് ഇളവ് അനുവദിക്കണം.
5. കത്തോലിക്ക എയ്ഡഡ് സ്കൂളുകളും, പ്രദേശിക സ്കൂളുകളും വളർത്തണം.
6. സാമ്പത്തിക സുസ്ഥിതിയുള്ള മാതൃസഭയിലെ ഇടവകകൾ ഒരു മിഷൻകേന്ദ്രത്തെ ദത്തെടുക്കണം.
7. ഇടവകയിലെ മുതിർന്ന പൗരൻമാരുടെ കഴിവുകളെ പ്രയോജനപ്പെടുത്തണം.
8. കുടുംബത്തിലെ ആഘോഷങ്ങളുടെ ഒരു തുക പാവപ്പെട്ടവർക്കു വേണ്ടിനീക്കിവയ്ക്കണം.
9. ഇടവകയിലുള്ള പിരിവുകൾ കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്. നിർബന്ധിതമായിട്ടുള്ള ഫീസുകളും, സംഭാവനകളും പാടില്ല.
10. വിദ്യാഭ്യാസത്തിനോ, ജോലി ആവശ്യങ്ങൾക്കോവേണ്ടി ഇടവകയിൽ നിന്നും മാറുന്നവരുടെ വിവരങ്ങൾ അവർ അംഗമായിരിക്കുന്ന രൂപതയിലെ ഇടവകകളിൽ സൂഷിക്കണം. കൂടാതെ അവർ ആയിരിക്കുന്ന സ്ഥലത്തെ സീറോ മലബാർ ഇടവകയുമായി ബന്ധപ്പെടുവാനുള്ള സഹായങ്ങളും ചെയ്തുകൊടുക്കണം. കൂദാശകൾ സ്വീകരിക്കുന്നതിനോ പരികർമ്മം

ചെയ്യുന്നതിനോ ഉള്ള യാതൊരുവിധ സംഭാവനകളും പ്രാദേശികഇടവക ചോദിക്കുവാൻ പാടുള്ളതല്ല.

എറണാകുളം അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമി വിൽപന സംബന്ധിച്ച് സഭയിലും സമൂഹത്തിലും ഉണ്ടായ പരാമർശങ്ങളെ സിനഡ് വിലയിരുത്തി. മേജർ ആർച്ചുബിഷപ്പിനും സഹായമെത്രാന്മാർക്കും സഹായകമായ നിർദ്ദേശങ്ങൾ നൽകി.

വൈദിക പരിശീലനം പൂർത്തിയാക്കുന്നവർ ഡീക്കൻ പട്ടത്തിന് മുൻപ് എടുക്കേണ്ട പ്രതിജ്ഞയ്ക്ക് സിനഡ് അന്തിമ രൂപം നൽകി. സിനഡ് അംഗീകരിച്ച വൈദിക ശുശ്രൂഷയുടെ സുരക്ഷാ പശ്ചാത്തലങ്ങളെ സംബന്ധിക്കുന്ന Safe Environmental Programe for Church Personnel വൈദികരുടെ ധാർമ്മീക ഉത്തരവാദിത്വത്തെപ്പററി അവരെ കൂടുതൽ ബോധവാൻമാരാക്കും എന്ന് സിനഡ് പ്രതീക്ഷിക്കുന്നു. AKCC-യുടെ ജൂബിലി വർഷമായ ഇക്കൊല്ലം ഈ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും സംഘടനയെ എല്ലാത്തലങ്ങളിലും ശക്തിപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി.

ഭാരതത്തിനു പുറത്തുള്ള സീറോ മലബാർ വിശ്വാസികളുടെ അജപാലനകാര്യങ്ങൾ സിനഡ് ഗൗരവമായി ചർച്ചചെയ്യുകയും ഇതിനായി ബന്ധപ്പെട്ടവരുമായി നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച തുടരുവാനും തീരുമാനിച്ചു. ഖത്തറിലെ ദോഹയിലെ സീറോ മലബാർ ഇടവക ഒരു സ്വതന്ത്ര ഇടവകയാക്കണമെന്ന (Personal Parish) ആവശ്യം സിനഡ് പരിഗണിച്ചു. സാർവ്വത്രിക സഭയിൽ അടുത്തുവരുന്ന മെത്രാൻ സിനഡ് യുവജനങ്ങൾ - വിശ്വാസവും ജീവിതപാത കണ്ടെത്തലും എന്നതിനെപ്പററിയാണല്ലോ. ഈ സിനഡിൽ സംബന്ധിക്കുവാൻ നമ്മുടെ സഭയിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും സിനഡിനുള്ള ഒരുക്കങ്ങൾ ഊർജിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാൽഡിയൻ പേട്രിയാർക്ക് ലൂയിസ് സാക്കോ, അപ്പസ്തോലിക് നൂൺഷ്യോ ജാംബത്തിസ്താ ദിക്വാത്രോ,ഓറിയന്റൽ കോൺഗ്രിഗേഷൻ സെക്രട്ടറി ആർച്ച് ബിഷപ്പ് സിറിൽ വാസിൽ, അണ്ടർ സെക്രട്ടറി ഫാ. ലൊറൻസോ ലോറൂസ്സോ ഫ്രാൻസിലെ സന്നദ്ധ സഹായ സംഘടനയായ l'Oeuvre d'Orient-ന്റെ ഡിറക്ടർ ജനറൽ മോൺസിഞ്ഞോർ പാസ്കൽ ഗോൾണിഷ്, Chargé d'Affaires ഡൊമിനിക് ബ്ളേറ്ററി തുടങ്ങിയവർ സിനഡിൽ വിശിഷ്ടാതിഥികളായി സംബന്ധിച്ചത് സന്തോഷപൂർവ്വം സ്മരിക്കുന്നു.

അടുത്തുവരുന്ന CBCI പ്ലീനറിയുടെ വിഷയം, United in Diversity for a Mission of Mercy and Witness, സിനഡ് ചർച്ച ചെയ്യുകയും അതിനൊരുക്കമായിട്ടുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

Ref: 3080/K-5/KCBC/OL/DS

# മെയ്ദിന സന്ദേശം 2018

*തൊഴിലും തൊഴിലാളിയും തൊഴിലാളി സംഘടനകളും: സമഗ്രവും മാനുഷികവും സഹോദരപരവും എന്നേക്കും നിലനില്ക്കുന്നതുമായ വികസനത്തിന്*

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ്ദിനത്തിന്റെ ആശംസകളും ഹൃദയപൂർവം നേരുന്നു.

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും, കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരത്തോടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ യേശു സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ യേശുവിന്റെ രക്ഷാകരകർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനംപേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസംഘടിത മേഖലയുടെ സംഭാവനയാണ്. ഇന്ത്യയുടെ ജി.ഡി.പി. ഗണനീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും

അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായി ക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്കമില്ലാതെ ജി.എസ്.ടി നടപ്പാക്കൽ, കാർഷിക - മത്സ്യവ്യവസായരംഗത്തുള്ള തകർച്ച, ഇന്ധന വിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിത പൂർണമാക്കിയിരിക്കുകയാണ്.

രാജ്യത്ത് സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരി ക്കുന്നു. ഇക്കാര്യത്തിൽ അന്തർ ദേശീയവും ദേശീയവുമായ പല സംഘട നകളും നടത്തിയിട്ടുള്ള പഠനങ്ങൾ നടുക്കം ഉളവാക്കുന്ന സ്ഥിതിവിവരക്ക ണക്കുകളാണു പുറത്തു വിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്നരാണു കൈയടക്കിയിട്ടുള്ളതെന്നാണു ലോകസാമ്പത്തിക ഫോറത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തി റക്കിയ 'തൊഴിലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ വർഷത്തെ മൊത്തം വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കുക എന്നത് അപായ സൂചനയാണ് നല്കുന്നത്. ശതകോടീ ശ്വരന്മാരുടെ എണ്ണത്തിലുള്ള വളർച്ച സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ അടയാളമല്ല. കാർഷികവൃത്തിവഴി രാജ്യത്തെ തീറ്റിപ്പോറ്റാനായി കഠിനാ ധ്വാനം ചെയ്യുന്ന കർഷകരും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കഷ്ട പ്പെടുന്ന വ്യവസായത്തൊഴിലാളികളും അവരുടെ മക്കളുടെ വിദ്യാഭ്യാസ ത്തിനും കുടുംബാംഗങ്ങൾക്ക് മരുന്നു വാങ്ങിക്കാനും രണ്ടു നേരത്തെയെ ങ്കിലും ഭക്ഷണം ഉറപ്പാക്കാനും വേണ്ടി നെട്ടോട്ടം ഓടുകയാണ്. വർധിച്ചു വരുന്ന വിടവ് ജനാധിപത്യത്തിന്റെ അടിത്തറ തോണ്ടുകയും അഴിമതി യെയും സ്വജനപക്ഷപാതത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു." (ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്)

2008-ൽ പാർലിമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂ ഹിക സുരക്ഷാനിയമം ഇന്നും ഏട്ടിലെ പശുവാണ്. അസംഘടിത തൊഴി ലാളികളുടെ സാമൂഹിക സുരക്ഷാരംഗത്തു ചെറിയ സമാശ്വാസമെങ്കിലും നല്കിയിരുന്ന ആം ആദ്മി ബീമാ യോജന, സ്വാലംബൻ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പദ്ധ തികൾ ഇല്ലാതാക്കപ്പെടുകയോ വെട്ടിക്കുറക്കപ്പെടുകയോ വിഹിതം വകമാറ്റി ചെലവഴിക്കപ്പെടുകയോ ആണ്. വേണ്ടത്ര വകയിരുത്തൽ ഇല്ലാത്തതു മൂലം അവ മിക്കവാറും പ്രഖ്യാപനങ്ങൾ മാത്രമാകുവാനാണ് സാധ്യത.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പിക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുരക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. മൂലധന ഉടമയ്ക്കു സഹായകരമാകുന്നതാണു പുതിയ നിയമങ്ങളുടെ മൗലിക സമീപനം എന്നതാണു ട്രേഡ് യൂണിയനുകളും തൊഴിൽ മേഖലയിലെ വിദഗ്ധരും ഉന്നയിക്കുന്ന ആക്ഷേപം. ഇന്ത്യൻ ലേബർ കോൺഗ്രസ്സ് പോലെയുള്ള ത്രികക്ഷി സംവിധാനങ്ങൾ വഴിയും ഉഭയകക്ഷി ചർച്ചകൾ വഴിയും തൊഴിലാളികളെ വിശ്വാസത്തിലെടുത്തതിനു ശേഷം മാത്രമേ നിയമങ്ങൾക്ക് അന്തിമ രൂപം നല്കാൻ പാടുള്ളൂ.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും ചിറ്റമ്മ നയമാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യകാല പെൻഷന്റെ പ്രതിവർഷവർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നാക്കം പോയിരിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല. അസംഘടിത തൊഴിലാളികൾക്കു വേണ്ടിയുള്ള ഇരുപത്തഞ്ചിൽപരം ക്ഷേമനിധികൾ കേരളത്തിന്റെ സ്വകാര്യ അഭിമാനമായിരുന്നു. എന്നാൽ ഇന്നതെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ക്ഷേമനിധികളുടെ അംശാദായം, ഇൻഷ്വറൻസ് പ്രീമിയം എന്നിവ യാതൊരു നീതീകരണവുമില്ലാതെ വർധിപ്പിച്ചും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും ക്ഷേമനിധികൾ മരവിപ്പിച്ചും ക്ഷേമനിധി ഫണ്ടുകൾ മറ്റു പ്രവർത്തനങ്ങൾക്കായി വകമാറ്റിയും അസംഘടിത തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളിവിട്ടിരിക്കുകയാണ്. ആയതിനാൽ സർക്കാരുകൾ, അസംഘടിത മേഖലയിലെ തൊഴിലാളികളോടു കൂടുതൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാനുള്ള കടമ സംസ്ഥാനസർക്കാരിനുണ്ട് എന്നു ഓർമിപ്പിക്കുന്നു.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരുന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ആഞ്ഞു വീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങളാണ് തീരപ്രദേശത്ത് ഉണ്ടാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു മൂലമായിരുന്നു ആൾനഷ്ടത്തിന്റെ എണ്ണം ഇത്രകണ്ടു വർധിച്ചത്. ഓഖിദുരന്തത്തിൽ, മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാര വിതരണം,

അപകടം സംഭവിച്ചവർക്കുള്ള സഹായധനവിതരണം, നഷ്ടപ്പെട്ട തൊഴി ലുപകരണങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ടതാണ്.

ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികളുടെ ഇടയിൽ പ്രവർത്തി ക്കുന്ന സന്നദ്ധസംഘടനകൾക്കും ഭാരിച്ച ഉത്തരവാദിത്വം അസംഘടിത തൊഴിലാളി സംഘടനാരംഗത്തു നിർവഹിക്കാനുണ്ട്. എന്നാൽ അസംഘ ടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലായെന്ന പരാതി വസ്തു നിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളൂ. സംഘടിത മേഖല യിൽ പ്രവർത്തിക്കാൻ മാത്രമാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്രമല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണി യനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴി ലാളി താത്പര്യത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കുന്നു. ഇതുമൂലം തൊഴിലാളികൾ ശിഥിലമാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃതമായ സമകാലീന സാഹചര്യത്തിലെ രജതരേഖ യാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേണ്ടിയി രിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെ ഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേളനത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുകയുണ്ടായി. പ്രവാചകശക്തിയെന്നാണ് യൂണിയ നുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോടൊപ്പം, തൊഴിലാളി സംഘടന കൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടായി (Letter of the Holy Father Francis to the participants in the International Conference....of New Synod Hall on 23-24 November, 2017).

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെ ക്കാളും, അസംസ്കൃത പദാർഥങ്ങളേക്കാളും പ്രാധാന്യം തൊഴിലാളി കൾക്കു വേണമെന്നു ലിയോ പതിമൂന്നാമൻ പാപ്പായുടെ കാലഘട്ടം മുതൽ തിരുസ്സഭ നിർബന്ധിച്ചുവരുന്നുണ്ട്. കാരണം ഓരോ മനുഷ്യനും ദൈവ ത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണെന്നതാണ്. കോർപ്പറേറ്റു ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഇക്കാലഘട്ടത്തിൽ അനുദിനം ഇകഴ്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നേതൃത്വം നല്കാനുള്ള കടമ തിരുസ്സഭയ്ക്കുണ്ട്.

കേരളസഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പീപ്പിൾ മാനേജ്മെന്റ് പോളിസി

കെസിബിസി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാനായി വേണ്ട ഒത്താശകൾ നല്കാൻ കെഎൽഎം-നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. വേതന വർധനവിനു വേണ്ടിയുള്ള നേഴ്സുമാരുടെ ആവശ്യത്തിൽ അനുകൂലമായ നിലപാട് ആദ്യം തന്നെ കേരള മെത്രാൻ സമിതി സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് വളരെയേറെ ശ്ലാഘിക്കപ്പെടുകയുണ്ടായി. എന്നിരുന്നാലും ഇനിയും മാതൃകാപരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപപ്പെടുത്തേണ്ടതുണ്ട്.

കെസിബിസിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണു കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ കെഎൽഎം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾക്ക് കെഎൽഎം രൂപം നല്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളും കെ.എൽഎം-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

കെ.എൽഎം. യൂണിറ്റുകളും തൊഴിലാളി ഫോറങ്ങളും എല്ലാ ഇടവകകളിലും ആരംഭിക്കാൻ എല്ലാ വൈദികരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന സന്ന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കണമെന്നു താത്പര്യപ്പെടുന്നു. ഈ മുന്നേറ്റത്തിനു നേതൃത്വം വഹിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നു.

ഒരിക്കൽക്കൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വിശുദ്ധ യൗസേപ്പിതാവ് തൊഴിലാളികളായ എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

നസ്രത്തിലെ മരപ്പണിക്കാരനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുകയും നവലോകസൃഷ്ടിക്കായുള്ള നിങ്ങളേവരുടെയും പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി – 682 025

# സിബിസിഐ 33-ാം ജനറൽബോഡി മീറ്റിങ്ങ്

## ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘം (സിബിസിഐ)

## ബാംഗ്ലൂർ, ഫെബ്രുവരി 2-9, 2018

കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: "യുഗാവസാനംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 28:20)

### അന്തിമ പ്രസ്താവന

**മുഖവുര**

നമ്മുടെ ജനറൽബോഡി മീറ്റിങ്ങിന്റെ പ്രമേയം ത്രിത്വരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ നേരിട്ടുക്ഷണിക്കുന്നു. നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികളിൽ ഐക്യപ്പെട്ടിരിക്കുന്ന ഏക ദൈവമെന്ന മഹാരഹസ്യമാണ്.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ അനന്യമായ സ്വഭാവത്തെ ഓർത്ത് ദൈവത്തിനു നാം നന്ദിപറയുന്നു. അത് മൂന്ന് സ്വയം ഭരണാധികാരമുള്ള (*Sui iuris*) സഭകൾ ചേർന്നുണ്ടായതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെക്കുറിച്ച് ജീവിതത്തിലും ദൗത്യത്തിലും ചിന്തിക്കാൻ ഈ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ വീക്ഷണത്തിൽ വേരുറച്ചവരായി ഞങ്ങൾ, ഇന്ത്യയിലെ 184 മെത്രാന്മാർ സിബിസിഐയുടെ 33-ാം ജനറൽ ബോഡി മീറ്റിങ്ങിനായി സമ്മേളിച്ചു. ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2018 ഫെബ്രുവരി 2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായിരുന്നു സമ്മേളനം. അത് പ്രാർത്ഥിക്കാനും താഴെപ്പറയുന്ന പ്രമേയത്തെപ്പറ്റി ചിന്തിക്കാനുമായിരുന്നു: "കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20). നമ്മുടെതന്നെ തനിമയെപ്പറ്റിയുള്ള ധാരണയെ ആഴപ്പെടുത്താനും രാഷ്ട്രനിർമ്മിതിക്കായുള്ള നമ്മുടെ സംഭാവനയെ വർധിപ്പിക്കാനുമാണത്: "കണ്ടാലും, യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാൽ ഞങ്ങൾ - ഭാരതീയ കത്തോലിക്കാ മെത്രാന്മാർ - ഉറപ്പും ശക്തിയും കണ്ടെത്തി. 2017 നവംബർ 17 മുതൽ 19 വരെ സമ്മേളിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സിസിഐ) യുടെ അന്തിമ പ്രസ്താവനകൾ ഞങ്ങൾ പരിഗണിച്ചു.

**യേശുവിന്റെ ദൗത്യം**

മനുഷ്യവംശത്തെ മുഴുവനും ദൈവത്തിന്റെ ഒറ്റ കുടുംബമായി ഐക്യപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും വന്ന യേശുതന്നെയാണ് സദ്വാർത്ത.

അവിടുന്ന് എല്ലാവരെയും സ്നേഹിച്ചവിധത്തിൽ അതായത്, വിശക്കുന്നവരെ തീറ്റിപ്പോറ്റുന്നതിലും അസ്വസ്ഥരെ ആശ്വസിപ്പിക്കുന്നതിലും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ മഹത്ത്വത്തെ വളർത്തുന്നതിലും, രോഗികളെ സുഖപ്പെടുത്തുന്നതിലും പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ നൽകുന്നതിലും അടിമകൾക്കു സ്വാതന്ത്ര്യം നൽകുന്നതിലും പാപികൾക്കു പാപപ്പൊറുതി നൽകുന്നതിലും ദരിദ്രർക്ക് നീതി നൽകുന്നതിലും മരിച്ചവർക്ക് ജീവൻ നൽകുന്നതിലും ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

**ഭാരതത്തിലെ സഭ**

ഭാരതത്തിലെ സഭ യേശുവിന്റെ അപ്പസ്തോലനായ വിശുദ്ധ തോമായിലൂടെ വിശ്വാസമെന്ന ദാനം സ്വീകരിച്ചു. പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസീസ് സേവ്യറിനെപ്പോലുള്ള മഹാന്മാരായ അനേകം വിശുദ്ധരുടെ പരിശ്രമങ്ങൾവഴി നമ്മുടെ ക്രൈസ്തവവിശ്വാസം പോഷിപ്പിക്കപ്പെടുകയും ശക്തമാക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ക്രൈസ്തവവിശ്വാസം ക്രിസ്തുമതത്തോളം പഴക്കമുള്ളതാണെന്ന് ശക്തിയുക്തം ഉറപ്പിച്ചു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യ ഇന്ന് എന്തായിരിക്കുന്നുവോ അത് ഇന്ത്യയിലെ സഭയുടെ സംഭാവനകൊണ്ടുകൂടിയാണ്. സഭ മാന്യവും കാര്യക്ഷമവുമായ സേവനം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ട്. അതുകൊണ്ട് സഭയെ ഇന്ത്യയ്ക്ക് ആവശ്യമുണ്ടെന്നതു വ്യക്തമാണ്. നമ്മുടെ ഗുരുവായ യേശുവിനെ അനുകരിച്ച് സഭാംഗങ്ങൾ മാതൃരാജ്യത്തോടുള്ള സ്നേഹം തുടർന്നുകൊണ്ടിരിക്കുന്നു. അവൾ ഓരോ ദരിദ്രനിലേക്കും ഓരോ അധഃകൃതനിലേക്കും എത്തിച്ചേരുന്നുണ്ടല്ലോ. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് സഭ വിശ്വസിക്കുന്നു. യേശുതന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെതന്നെ: “നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം” (മത്താ 22:39). ദരിദ്രരെ ശക്തിപ്പെടുത്തൽ, മനുഷ്യമഹത്ത്വത്തെ വളർത്തൽ എന്നിവ നമ്മുടെ ഭരണഘടനയിൽ സൂക്ഷിച്ചിട്ടുള്ള മൂല്യങ്ങളാണ്. സഭയും തന്റെ ദൗത്യത്തിൽ അങ്ങനെ ചെയ്യുന്നുണ്ട്. സഭ തന്റെ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കുന്ന ദൗത്യത്തിന് ഒരു ലക്ഷ്യമേ ഉള്ളൂ. സത്യം, നീതി, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സമാധാനത്തിന്റെ നാലുസ്തംഭങ്ങളിൽ നമ്മുടെ രാഷ്ട്രത്തെ വളർത്തുകയെന്നതാണത് (cf വിശുദ്ധ ജോൺ 23-ാമൻ, “ഭൂമിയിൽ സമാധാനം”).

**യഥാർത്ഥ ദേശീയതാവാദത്തെയും ഭരണഘടനാപരമായ മതേതരത്വത്തെയും മനസ്സിലാക്കൽ**

ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തെയോ മതത്തെയോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ദേശീയതാവാദത്തെ വളർത്താനുള്ള ഏതു പരിശ്രമവും അപകടകരമാണ്. അത് ഐകരൂപ്യത്തിലേക്കു നയിച്ചേക്കാം; പക്ഷേ ഒരിക്കലും യഥാർത്ഥ ഐക്യത്തിലേക്കു നയിക്കുകയില്ല. മിഥ്യാധാ

രണാപരമായ അത്തരം പരിശ്രമങ്ങൾ നമ്മുടെ രാഷ്ട്രത്തെ സ്വയം നശീകരണത്തിന്റെ പാതയിലൂടെയേ നയിക്കുകയുള്ളൂ. സമാധാനം, പുരോഗതി, വികസനം എന്നിവയ്ക്കായുള്ള അന്വേഷണത്തിൽ ഏകസംസ്കാരവാദം ശരിയായ ഉത്തരമായിരുന്നിട്ടില്ല, ആയിരിക്കയുമില്ല. പ്രത്യേകിച്ച് സംസ്കാരവൈവിധ്യം, ഭാഷ, ദേശം, വംശം, മതം എന്നിവയുടെ സമ്പന്നമായ ഒരു രാജ്യത്ത് ഒരിക്കലും അങ്ങനെ ആവുകയില്ല. അക്രമം എപ്പോഴും അക്രമിയിലേക്കു തിരിച്ചുവരും - പെട്ടെന്നോ പില്ക്കാലത്തോ അങ്ങനെ സംഭവിക്കും. "എന്തെന്നാൽ വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ. 26:52). സ്ത്രീകൾക്കെതിരേ നടക്കുന്ന ക്രൂരകൃത്യങ്ങളെയും കൊലകളെയും വംശീയ മാത്സര്യങ്ങളെയും ക്രൈസ്തവസ്ഥാപനങ്ങൾക്കും സമുദായങ്ങൾക്കുമെതിരേയുള്ള സാമുദായിക അക്രമങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. നമുക്ക് യഥാർത്ഥമായ ദേശീയതാവാദത്തിന്റെ പാത പിന്തുടരാം. അത് നമ്മുടെ മാതൃരാജ്യത്തെ യഥാർത്ഥ സമാധാനത്തിലേക്കും സമന്വയത്തിലേക്കും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും നയിക്കും. യഥാർത്ഥ ദേശീയതാവാദം ഓരോ പൗരന്റെയും മാനുഷിക മഹത്ത്വത്തെ ആദരിക്കുന്നു. സാമ്പത്തികസ്ഥിതിയോ സംസ്കാരമോ മതമോ ദേശമോ ഭാഷയോ പരിഗണിക്കാതെ അങ്ങനെ ചെയ്യുന്നു.

നമ്മുടെ ഭാരതീയ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള നിമയവാഴ്ചയെ ഉയർത്തിപ്പിടിക്കാൻ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും നിർബന്ധിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്രമത്തിന്റെ അന്തരീക്ഷത്തിൽ സമാധാനത്തിനുവേണ്ടി ജനക്കൂട്ട സംസ്കാരവും ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നതും ഒഴിവാക്കാൻ നമ്മുടെ എല്ലാ സഹപൗരന്മാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാവരുടെയും പുരോഗതിയും വികസനവും ഉറപ്പുവരുത്താനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി നിയമവും ക്രമസംവിധാനവും നിലനിറുത്താൻ സർക്കാർ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ വിലമതിക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമായ വാക്കുകളിലൂടെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "ഓരോ വ്യക്തിയുടെയും ആവശ്യത്തിനുവേണ്ടത് ലോകത്തിലുണ്ട്. എന്നാൽ ഓരോ വ്യക്തിയുടെയും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത് ലോകത്തിലില്ല."

**മനുഷ്യജീവൻ എന്ന അമൂല്യദാനം**

ദൈവം തന്ന അമൂല്യദാനമായ മനുഷ്യജീവന്റെ പരിപൂർണവും അതിശായിത്വവുമായ മൂല്യത്തെ ക്രൈസ്തവസമൂഹം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ട് മനുഷ്യജീവന് എതിരായ ഒരു ആക്രമണവും ഒരിക്കലും ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാവുകയില്ല. വ്യത്യസ്ത വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ അത് ഒരിക്കലും നീതീകരിക്കാനും

സാധ്യമല്ല. നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിലെ ഓരോ വ്യക്തിയുടെയും ജീവനെ വിലമതിക്കുകയും സംരക്ഷിക്കുകയും വേണം.

**സഭയുടെ കാരുണ്യദൗത്യം**

ദൈവത്തിന്റെ ഹൃദയത്തിൽനിന്നു മാത്രമാണ് കാരുണ്യം ഒഴുകുന്നത്. യേശുക്രിസ്തുവിന്റെ കുരിശിലൂടെ അത് ഒഴുകുന്നു. ആ കാരുണ്യത്തിനു മാത്രമേ മുറിവേറ്റ മനുഷ്യഹൃദയങ്ങളെ സുഖപ്പെടുത്താനും വ്യക്തികളും സമുദായങ്ങളും തമ്മിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച് പരിഹരിക്കാനും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരെ ദുരിതത്തിൽനിന്നു രക്ഷിക്കാനും സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ ഞങ്ങൾ അപകടകരമായ ഈ അവസ്ഥ നേരിടുമ്പോൾ കാരുണ്യത്തിന്റെ യഥാർത്ഥ സാക്ഷികളാകാൻ ശപഥംചെയ്യുന്നു. കാരുണ്യമാണ് സുവിശേഷത്തിന്റെ സത്തയും ക്രൈസ്തവ ശിഷ്യത്വത്തിന്റെ പ്രകാശനവും. കൽക്കട്ടയിലെ വിശുദ്ധ തെരേസയുടെ മൃദുലമായ കൈകളും ചുളിവുള്ള മുഖവും ഇൻഡോറിലെ വാഴ്ത്തപ്പെട്ട റാണിമരിയയുടെ രക്തസാക്ഷിത്വവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ക്രൈസ്തവരായ ഞങ്ങൾ രാഷ്ട്രത്തിനുവേണ്ടി - പ്രത്യേകിച്ച് ദളിതർ ഗ്രോത്രവർഗക്കാർ, പിന്നോക്കം നിൽക്കുന്ന മറ്റു ജനസമൂഹങ്ങൾ എന്നിവർക്കുവേണ്ടി - ചെയ്യുന്ന സേവനത്തിൽ ഞങ്ങളുടെ സഹപൗരന്മാരുമായി കൈകോർത്തു പിടിക്കുന്നു. നമ്മുടെ ജനതയുടെ യഥാർത്ഥ മാനുഷിക വികസനം ഉറപ്പാക്കാൻ വേണ്ടിയാണത്. ആ വികസനം കേവലം സാമ്പത്തിക മാനദണ്ഡങ്ങളനുസരിച്ചല്ല, പിന്നെയോ മാനുഷിക മാനദണ്ഡമനുസരിച്ചാണ് അളക്കപ്പെടുന്നത്.

ഏതു തരത്തിലുമുള്ള ഇടുങ്ങിയ ആഭ്യന്തര മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്ക് ഇറങ്ങാൻ നമുക്ക് എല്ലാവർക്കും ശപഥംചെയ്യാം. യഥാർത്ഥത്തിൽ മതേതരത്വപരവും സോഷ്യലിസപരവും ജനാധിപത്യപരവുമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വേണ്ടിയാണത്. ഇന്ത്യൻ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള തരത്തിലുള്ള രാഷ്ട്രം തന്നെ.

**സഭയിലും രാഷ്ട്രത്തിലും വൈവിധ്യങ്ങളുടെയിടയിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു**

1. ശിഷ്യത്വപരമായ നമ്മുടെ ക്രൈസ്തവജീവിതം എല്ലാ തലങ്ങളിലും ആഴപ്പെടുത്താനും തീവ്രതയുള്ളതാക്കാനും അതിനായി നിരന്തരം പ്രാർത്ഥിക്കുന്ന സമുദായമായി നിലനിന്നുകൊണ്ട് ത്രിത്വാത്മകവിശ്വാസത്തിനുചേർന്ന വിധം എപ്പോഴും വൈവിധ്യത്തിൽ ഐക്യത്തോടെ ജീവിക്കണം.

2. അല്മായരും സന്യസ്തരും വൈദികരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണം. എല്ലാതലങ്ങളിലും ആ കൂട്ടായ്മ സഭാജീവിതത്തിന്റെ മാർഗമാണെന്ന് ഉറപ്പുവരുത്തണം.

3. ലഘുക്രൈസ്തവസമൂഹങ്ങളെയും (SCCs) കുടുംബയൂണിറ്റുകളെയും വളർത്തുകയും തീവ്രതരമാക്കുകയും വേണം. വിശ്വാസികളുടെ സമഗ്രമായ, സർവ്വതലസ്പർശിയായ, പരിശീലനത്തിനും മതാന്തര സഹകരണത്തിനും സമാധാനത്തിനും സമന്വയത്തിനും വേണ്ടിയാണത്.

4. ലോകത്തിൽ കുടുംബങ്ങൾ നടത്തുന്ന സുവിശേഷവത്ക്കരണ ദൗത്യത്തിൽ അവരോടൊപ്പമായിരിക്കുകയും അവ സഭയുടെ അജപാലനശുശ്രൂഷയുടെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ക്ലേശിച്ചു കഴിയുന്ന കുടുംബങ്ങളോട് സവിശേഷശ്രദ്ധയും സഹതാപവും കാണിക്കണം. ഉത്തരവാദിത്വപൂർണമായ പിതൃത്വത്തെക്കുറിച്ച് അവർക്ക് വെളിച്ചം നൽകണം.

5. നമ്മുടെ യുവജനത്തെ യഥാർത്ഥ ക്രൈസ്തവ ജീവിതത്തെക്കുറിച്ചുള്ള ദർശനംകൊണ്ടു നിറയ്ക്കണം. സഭയിലും സമൂഹത്തിലും അവർക്കുള്ള ധർമ്മം നിർവഹിക്കാൻ അവരെ ശക്തരാക്കണം. നമ്മുടെ യുവജനത്തെ ദൈവവചനത്തെയും സഭയുടെ പ്രബോധനങ്ങളെയും സംബന്ധിച്ച അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് സഭയിൽ സജീവധർമ്മം നിർവഹിക്കാൻ ശക്തിപ്പെടുത്തണം. ഇന്ത്യൻ കാത്തലിക് മൂവ്മെന്റ് (ICYM), മറ്റുള്ള കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങൾ എന്നിവയിലൂടെ അങ്ങനെ ചെയ്യണം. നമ്മുടെ യുവജനങ്ങളെ ദൈവവിളി തിരിച്ചറിയാനും ജീവിതപാത തിരഞ്ഞെടുക്കാനും സഹായിക്കാനാണത്. യുവജനങ്ങളെ സംബന്ധിച്ച് 2018 ഒക്ടോബറിൽ നടത്താനിരിക്കുന്ന സിനഡിന്റെ പ്രഥമ പ്രമേയം അതാണ്.

6. നമ്മുടെ അല്മായരെയും യുവജനത്തെയും രാഷ്ട്രനിർമ്മാണത്തിന് പ്രോത്സാഹിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യണം. രാഷ്ട്രീയം, സിവിൽ സർവീസ്, രാജ്യരക്ഷ, നിയമം, ജുഡീഷ്യറി എന്നിങ്ങനെയുള്ള ദേശീയ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ ഉൾപ്പെട്ടുകൊണ്ടാണ് അവർ അങ്ങനെ ചെയ്യേണ്ടത്.

7. സ്ത്രീകൾക്കുള്ള തുല്യമഹത്ത്വത്തെ അംഗീകരിക്കാനും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായർക്കുള്ള പങ്കിനെ വളർത്താനും ഉതകുന്ന പരിശീലനം സഭയുടെ പരിശീലന ഭവനങ്ങളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

8. സഭയുടെ എല്ലാ സംഘങ്ങളിലും സ്ത്രീകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

9. സഭയിലും സമൂഹത്തിലും കരുണയുടെ യഥാർത്ഥ സാക്ഷികളായിരിക്കാൻ സെമിനാരി വിദ്യാർത്ഥികളെയും വൈദികരെയും സന്യസ്തരെയും സജ്ജീകൃതരാക്കണം.

10. മതാന്തര സംവാദം വളർത്താനുള്ള എല്ലാ അവസരവും ഉപയോഗിക്കണം. ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തെ വളർത്താൻ ക്രൈസ്തവ

രായ നാം എല്ലാ പരിശ്രമവും ചെയ്താൽ നമ്മുടെ മതാന്തര സംവാദം കൂടുതൽ വിശ്വസനീയമാകും.

11. എക്യുമെനിക്കൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംവാദത്തിലൂടെയും പൊതുവായ എക്യുമെനിക്കൽ സേവനങ്ങൾ, പൊതുവായ പ്രാർത്ഥനകൾ, പൊതുവായ പ്രവർത്തനങ്ങൾ എന്നിവയിലൂടെയും ക്രൈസ്തവർ തമ്മിൽ കൂടുതൽ നല്ല സഹകരണം വളർത്താൻ വിവിധ സംരംഭങ്ങൾ തുടങ്ങണം.

12. സഭയുടെയും സമുദായത്തിന്റെയും എല്ലാ മേഖലകളിലും ഇന്ത്യയുടെ ഭരണഘടന കൂടുതൽ വ്യാപകമായി അറിയപ്പെടാൻ പരിശ്രമിക്കണം. എല്ലാ പൗരന്മാരുടെയും തുല്യത, മതസ്വാതന്ത്ര്യം, മനസാക്ഷി സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ സുപ്രധാന സവിശേഷതകളെ ഉയർത്തിക്കാണിച്ചുകൊണ്ടും അങ്ങനെ ചെയ്യണം.

13. പൊതുസമൂഹത്തിൽ കൂടുതൽ സജീവമായി പ്രവർത്തിക്കാൻ അല്മായരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. അവരുടെ വിളിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രനിർമ്മാണത്തിന് അവർ കാര്യക്ഷമമായ സംഭാവന നൽകാനാണത്.

14. വിദ്യാഭ്യാസ മണ്ഡലത്തിൽ കാരുണ്യത്തിന്റെ ദൗത്യം നിർവഹിക്കാനുള്ള നമ്മുടെ സേവനങ്ങൾ തുടരണം. സിബിസിഐയുടെ "All India Catholic Education Poicy 2007" എന്ന നയം ബോധപൂർവ്വം നിറവേറ്റാനാണത്. സുവിശേഷമൂല്യങ്ങളെ നൽകാൻവേണ്ടിത്തന്നെ.

15. കത്തോലിക്കാ ഹെൽത്ത് സർവീസുകളെ കാരുണ്യത്തിന്റെയും കഴിയുന്നത്ര സൗഖ്യദാനത്തിന്റെയും ഒരു ദൗത്യമാക്കണം. അത് സഹതാപപൂർണവും പരിരക്ഷണപരവുമായിരിക്കണം. എന്നാലും അത് സുസജ്ജവും സ്വയം നിലനിൽക്കാനാവുന്നതും സഹകരണപരവുമായിരിക്കണം.

16. സിബിസിഐ യുടെ ദളിത് ശാക്തീകരണ പോളിസി ഓരോ രൂപതയിലും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഗോത്രവർഗ്ഗക്കാരുടെയും മറ്റുള്ള പിന്നാക്കവർഗ്ഗക്കാരുടെയും സംരക്ഷണത്തിനും സമഗ്രമായ വികസനത്തിനുംവേണ്ടി അധ്വാനിക്കണം. കൃഷിക്കാർ, മീൻപിടുത്തക്കാർ, കുടിയേറ്റക്കാർ എന്നിവരും നിസ്സഹായരും ചൂഷണം ചെയ്യപ്പെട്ടവരുമായവർക്ക് ആശ്വാസവും ക്ഷേമവും നൽകാൻ സവിശേഷസംരംഭങ്ങൾ തുടങ്ങണം. അവരുടെ അസ്വസ്ഥതയിൽ അവർക്ക് ശുശ്രൂഷയും ആശ്വാസവും പ്രത്യാശയും നൽകുവാനാണത്.

17. നമ്മുടെ ക്രൈസ്തവ സമർപ്പണത്തിന്റെയും ആധ്യാത്മികതയുടെയും സത്താപരമായ ഭാഗമെന്ന നിലയിൽ പരിസ്ഥിതിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച ബോധം വർധിപ്പിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനും പ്രകൃതിയോടുള്ള സ്നേഹം വർധിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങണം. ഫ്രാൻസീസ് മാർപാപ്പായുടെ ചാക്രികലേഖനമായ 'ലാവു

ദാത്തോ സീ'യിലുള്ള പ്രബോധനങ്ങൾ നിറവേറ്റാൻ ഓരോ രൂപതയും ഒരു പരിസ്ഥിതിനയം രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

18. തടവറയിലായിരിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാരുടെ ദുരിതാവസ്ഥയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പരിപാലിക്കുന്നതിനും സഹായിക്കണം.

19. സഭയുടെ ഭരണനിർവഹണത്തിന്റെ സകല മണ്ഡലങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം. സമൂഹത്തിലെ സുതാര്യതയ്ക്കായി നിലകൊള്ളുകയും വേണം.

20. നമ്മുടെ എല്ലാ രൂപതകൾക്കും കാര്യക്ഷമമായ ഒരു "ചിന്താകേന്ദ്രം" ഉണ്ടായിരിക്കണം. അടിയന്തിര സ്വഭാവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനും ബന്ധപ്പെട്ട എല്ലാവരോടും ഉത്സാഹപൂർവ്വം സംവദിക്കാനുമാണത്.

**ഉപസംഹാരം**

"സഭ നിലകൊള്ളുന്നത് സുവിശേഷവത്കരണം നടത്താനാണ്. അതായത്, പ്രഘോഷിക്കാനും പഠിപ്പിക്കാനും ദൈവകൃപയാകുന്ന ദാനത്തിന്റെ ചാനലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും വേണ്ടിയാണത്" (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ, *പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, നമ്പർ 14*). "സുവിശേഷവത്കരിക്കാനാണ് സഭയും ദൈവശാസ്ത്രവും നിലകൊള്ളുന്നത്, ക്ലാസ് റൂം ദൈവശാസ്ത്രംകൊണ്ടു തൃപ്തിപ്പെടാനല്ല" (ഫ്രാൻസീസ് മാർപാപ്പാ, *സുവിശേഷത്തിന്റെ സന്തോഷം, നമ്പർ 133*). നമ്മുടെ രാഷ്ട്രത്തിന്റെ വൈവിധ്യത്തിൽ ഐക്യം എന്നതിനുണ്ടാകുന്ന ഗൗരവപൂർണ്ണായ വെല്ലുവിളികളെയും പരാജയങ്ങളെയും നാം നേരിടുന്നുണ്ട്. എങ്കിലും ഭാരതീയരായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനുവേണ്ടിയും അതിന്റെ ക്ഷേമത്തിനുവേണ്ടിയും നാം നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തിനായുള്ള പ്രവർത്തനം തുടരാനും സമാധാനവും സമന്വയവും സ്ഥാപിക്കാനും നമ്മുടെ രാജ്യം അതിന്റെ മഹോന്നതമായ വിളിക്കുചേർന്നവിധം ജീവിക്കാനും വേണ്ടിയാണത്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി നാം ചെയ്യുന്നതെല്ലാം കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ സ്നേഹപൂർണമായ സംരക്ഷണത്തിന് നാം ഏൽപിക്കുന്നു.

**ബസേലിയോസ് കാർഡിനൽ ക്ലീമിസ്**

പ്രസിഡന്റ്, കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ

# കച്ചേരി കാര്യം

## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റം

ബഹു. വൈദികരുടെ ഈ വർഷത്തെ സ്ഥലംമാറ്റം മെയ്മാസം 12-ാം തീയതി ശനിയാഴ്ചയായിരിക്കും. 12-ന് പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് 13-ാം തീയതി ഞായറാഴ്ച നിയമനപത്രോന്തി വായിച്ച് ചുമതല ഏല്ക്കേണ്ട താണ്. സ്ഥലംമാറ്റമുള്ള എല്ലാ വൈദികരും സ്ഥലം മാറിപ്പോകുന്നതിനുമുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട് നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാ ദിത്വം ഏറ്റെടുത്ത് തൊട്ടടുത്തദിവസം തന്നെ വികാരിമാറ്റ റിപ്പോർട്ടിൽ ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയച്ചുതരണം. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്രോന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോംകൂടി അയക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുത ഫോമിന്റെ ഫോട്ടോകോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്.

വൈദികർ സ്ഥലം മാറുന്ന മാസത്തെ അലവൻസ് പുതിയതായി ചുമതലയേൽക്കുന്ന ഇടവകയിൽനിന്നോ സ്ഥാപനത്തിൽനിന്നോ മാസവസാനം സ്വീകരിക്കേണ്ടതാണ്.

## 2. ആണ്ട് തിരട്ട്, ബജറ്റ് പാസ്സാക്കൽ

കഴിഞ്ഞമാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ ഏപ്രിൽ മാസം 30, മെയ് 1,2,3 തീയതികളിലായി എല്ലാ ഇടവകകളിലെയും ആണ്ടുതിരട്ട് പാസ്സാക്കാൻ ബഹു. ജനറാളച്ചന്മാരും ഓഡിറ്റേഴ്സും ഫൊറോനകേന്ദ്രങ്ങളിൽ എത്തുന്നതാണ്. കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ നല്കിയിരിക്കുന്നതിൽനിന്നും വ്യത്യസ്തമായി വെള്ളരിക്കുണ്ട് ഫൊറോന യിൽ മെയ് 4-നായിരിക്കും ബഹു. ജനറാളച്ചൻ വരുന്നത്.

## 3. ബഹു. ഡീക്കന്മാരുടെ സമ്മേളനം

2018 സെപ്റ്റംബർ മുതൽ 2019 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ബഹു. ശെമ്മാശന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും ഒരു സമ്മേളനം 2018 മെയ് 7-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മുതൽ ഉച്ചവരെ തലശ്ശേരി മൈനർ

സെമിനാരിയിൽ വച്ച് ചേരുന്നു. ഏതെങ്കിലും ഇടവകയിൽ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർ ഉണ്ടെങ്കിൽ അവരെയും മാതാപിതാക്ക ന്മാരെയും പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വരുന്നവരുടെ വിവരം മൈനർ സെമിനാരിയിൽ അറിയിക്കണം.

## 4. മതബോധന ഞായർ

2018 ജൂൺ 3-ന് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും മതപഠന ക്ലാസ്സുകൾ ആരംഭിക്കുന്നു. അന്നേദിവസം തന്നെയാണ് മതബോധന ഞായറായും ആചരിക്കുന്നത്. മതബോധനക്ലാസ്സുകൾക്ക് ആകർഷകമായ രീതിയിൽ തുടക്കംകുറിക്കാൻ ശ്രദ്ധിക്കുമല്ലോ. അന്ന് വി. കുർബാന മധ്യേയുള്ള സ്തോത്രക്കാഴ്ച അതിരൂപതയിലെ മതബോധന പ്രവർത്തന ങ്ങളെ സഹായിക്കാൻ വേണ്ടിയുള്ളതാണ്.

## 5. ജൂണിയർ വൈദികർക്ക് കോഴ്സ്

2008–2009 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ മുതൽ 2017–18 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ വരെയുള്ള പത്ത് ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലനപരിപാടി 2018 മെയ് 27ന് വൈകുന്നേരം 5 മണി മുതൽ മെയ് 29ന് വൈകുന്നേരം 4 മണി വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ഈ ബാച്ചുകളിൽപെട്ട എല്ലാ വൈദികരും നിർബന്ധമായും കോഴ്സിൽ പങ്കെടുക്കേണ്ടതാണ്. ഒപ്പം അസിസ്റ്റന്റ് വികാരിമാരായി സേവനം ചെയ്യുന്ന സന്ന്യാസവൈദികരും ഈ കോഴ്സിൽ സംബന്ധി ക്കണം. കോഴ്സ് ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ ബാച്ച് അടിസ്ഥാന ത്തിലും വ്യക്തിപരമായും അച്ചന്മാരെ കാണുന്നതാണ്. പങ്കെടുക്കേണ്ട വരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 6. ആദരാഞ്ജലികൾ

**1. ശ്രീ. ജോസഫ് പൈമ്പിള്ളിൽ:** ബഹു. തോമസ് പൈമ്പിള്ളിൽ അച്ചന്റെ വത്സലപിതാവ് ശ്രീ. ജോസഫ് പൈമ്പിള്ളിൽ 2018 മാർച്ച് 26ന് നിര്യാതനായി. മാർച്ച് 28ന് ബുധനാഴ്ച പൈസക്കരി ദേവമാതാപള്ളിയിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് കാർമ്മികത്വം വഹിച്ചു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**2. ശ്രീ ജോസഫ് കൊടകനാടി (83) :** ബഹു. ജോർജ് കൊടകനാടി അച്ചന്റെ സഹോദരൻ ശ്രീ. ജോസഫ് കൊടകനാടി (റിട്ട. ജില്ലാ രജിസ്ട്രാർ) 2018 മാർച്ച് 30ന് നിര്യാതനായി. മൃതസംസ്ക്കാരം പാലാ മരങ്ങാട്ടുപള്ളി സെന്റ് ഫ്രാൻസീസ് പള്ളിയിൽ ഏപ്രിൽ 1-ാം തീയതി നടന്നു. പരേതന്

നിത്യശാന്തി നേരുകയും കുടുംബാംഗങ്ങൾക്ക് അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**3. ശ്രീമതി മറിയക്കുട്ടി (79) :** ബഹു. ജോർജ് പുതുമന അച്ചന്റെ സഹോദരി മറിയക്കുട്ടി 2018 ഏപ്രിൽ 9ന് നിര്യാതയായി. മൃതസംസ്ക്കാരം 2018 ഏപ്രിൽ 10-ന് എടക്കോം ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കാർമ്മികത്വം വഹിച്ചു. പരേതയ്ക്ക് നിത്യാശ്വാസം നേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്തു.

**3. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ**:താമരശ്ശേരി



രൂപതയുടെ മുൻ വികാരി ജനറാളും അവിഭക്ത തലശ്ശേരി അതിരൂപതയിലെ ആദ്യകാല വൈദിക രിൽ ഒരാളുമായ ഫാ. സെബാസ്റ്റ്യൻ കാഞ്ഞിര ക്കാട്ടുകുന്നേൽ 2018 മാർച്ച് 29ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിലെ വായാട്ടുപറമ്പ്, കീഴ്പള്ളി, പാലാവയൽ തുടങ്ങിയ ഇടവക കളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാരം 2018 മാർച്ച് 31ന് പുല്ലൂരാംപാറ പള്ളിയിൽ നടന്നു. അഭിവന്ദ്യ പാംപ്ലാനി പിതാവ് പരേതന്റെ ഭവനം സന്ദർശിച്ചു പ്രാർത്ഥി ക്കുകയും അഭിവന്ദ്യ ഞറളക്കാട്ട് പിതാവും വലിയമറ്റം പിതാവും മൃതസംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

## 7. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മാടക്കച്ചേരി | - 05-05-2002 |
| 2. | റവ. ഫാ. അബ്രാഹം കാവളക്കാട്ട് | - 06-05-1991 |
| 3. | റവ. ഫാ. ജോസഫ് മാമ്പുഴ | - 13-05-2007 |
| 4. | മോൺ. ജേക്കബ് പുത്തേട്ട് | - 16-05-1989 |
| 5. | മോൺ. തോമസ് പഴേപറമ്പിൽ | - 22-05-1992 |
| 6. | റവ. ഫാ. ജോൺ മണ്ണനാൽ | - 23-05-2008 |
| 7. | റവ. ഫാ. ജോസ് മാരാംകുഴ | - 23-05-2012 |
| 8. | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് | - 24-05-1997 |
| 9. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) | - 25-05-2003 |
| 10. | റവ. ഫാ. ജോർജ് താമരശ്ശേരി | - 26-05-2008 |
| 11. | റവ. ഫാ. ജോസഫ് മേമന | - 27-05-2013 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**

ചാൻസലർ

## ജൂണിയർ വൈദികർക്കുള്ള പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടവർ (മെയ് 27–29)

**Rev. Fathers**

Anachari Joseph
Anakuthiyil Mathew
Ananickal Jose
Chakeyarath Mathew
Chakkittamuriyil Thomas
Chalil George
Chempananickal John
Cheruvil Thomas
Chittettu Antony
Edathinakath Paul
Edayadiyil Sebastian
Elempurayidathil Joseph
Ezhuparayil Sebastian
Kalapurackal Joseph
Kalapurackal Varghese
Kallumkal Mathew
Kanakkattu Joseph
Kandathil Paul
Kanjirathinkal Joseph
Kannamkulathel Joseph
Karakkattu Kuriakose
Karickal Mathew
Karikkathadathil George
Kizhakkarakkattu Joseph
Kochupurackal Abraham
Kochuveettil Peter
Koluthappally Joseph
Konickal Mathew
Koovaparayil John
Kottarathil Joseph
Koyipuram Joseph
Kulathara Joseph
Kunnel Mathew
Kurisumoottil Joseph
Madassery Lukose
Malakkaran Joseph
Manjalamkunnel Joseph
Mannaparambil Varghese
Mattappally Lukose
Menacherry Luis
Menappattupadickal Thomas
Mullappallil Mathew
Naduvilekkoottu Thomas
Nellithanathil Dennis
Nirappel Alex
Nirappel Joseph
Njamatholil Abraham
Nooramackal Joseph
Orathel Joseph
Ottaplackal Abraham
Padinjareanisseril George
Pallikunnel Antony
Pandaraparambil Joseph
Panthalanickal Thomas
Pazheparambil George
Plavunilkumthadathil Kuriakose
Poovathanickal John Paul
Poovathanikunnel Scaria
Pottananiyil Joseph
Pravarthummalayil Mathew
Puliyurumbil Johnson
Pullolickal Thomas
Punchatharappel George
Puthukulangara Kuriakose
Rathappillil Joseph
Thazappallil Sebastian
Thundathil Joseph
Thuruthippally Joseph
Vadakkeparambil Joseph
Valiaparambil Mathew
Valiplackal Thomas
Vanderkunnel Joseph
Varambakath Scaria
Vayalunkal Joseph
Vellaringatt George
Vemmenikattayil Sebastian
Vengakunnel Joseph
Vengaparambil Johnson
Vettiyanickal Antony
Vettiyanickal Varghese
Vettuvayalil Mathew

# പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

## 19.04.2018

തലശ്ശേരി അതിരൂപതാ വൈദികസമിതി (പ്രെസ്ബിറ്ററൽ കൗൺസിൽ) യുടെ യോഗം 2018 ഏപ്രിൽ 19ന് തലശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ വച്ച് ചേർന്നു. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെ യോഗം ആരംഭിച്ചു. അന്ന് രാവിലെ നിര്യാതനായ നാഗ്പൂർ ആർച്ച്ബിഷപ്പ് അബ്രാഹം വിരുത്തുക്കുളങ്ങര പിതാവിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. മോൺ. അലക്സ് താരാമംഗലം യോഗാംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. മുൻയോഗത്തിന്റെ റിപ്പോർട്ട് സെക്രട്ടറി ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അവതരിപ്പിച്ചത് ചെറിയ ഭേദഗതികളോടെ യോഗം അംഗീകരിച്ചു.

ഉത്ഘാടന പ്രസംഗം നടത്തിയ അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് 2015-18 പ്രെസ്ബിറ്ററൽ കൗൺസിലിന്റെ അവസാന യോഗമാണിതെന്ന് അറിയിക്കുകയും കഴിഞ്ഞ മൂന്നുവർഷം വൈദികസമിതി അംഗങ്ങൾ എന്ന നിലയിൽ സഹകരിച്ച് പ്രവർത്തിച്ചതിന് എല്ലാ അംഗങ്ങളോടും നന്ദി പറയുകയും ചെയ്തു. കഴിഞ്ഞ യോഗത്തിൽ അതിരൂപതാ അസംബ്ലി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എടുത്ത തീരുമാനങ്ങൾ പ്രായോഗികമായോ എന്ന് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുകയാണ് ഈ യോഗത്തിന്റെ പ്രധാനലക്ഷ്യം. സമകാലീന സാഹചര്യങ്ങൾ വൈദികരുടെ ജീവിതവിശുദ്ധീകരണവും തുടർച്ചയായ വിലയിരു ത്തലുകളും ആവശ്യപ്പെടുന്നുണ്ടെന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു.

തുടർന്ന് അസംബ്ലി തുടർനടപടികളെക്കുറിച്ചുള്ള വിഷയാവതരണം നടത്തിക്കൊണ്ട് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് സംസാരിച്ചു. നാം എടുത്ത ഒട്ടുമിക്ക തീരുമാനങ്ങളും പ്രവർത്തി പഥത്തിൽ എത്തിച്ചു കഴിഞ്ഞുവെന്നും മിൽക്ക് ഡയറി, അനുരഞ്ജന സമിതി, തലശ്ശേരി റിസർച്ച് സെന്റർ തുടങ്ങിയ കാര്യങ്ങൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ടെന്നും പിതാവ് പറഞ്ഞു. ഓരോ പദ്ധതികളുടെയും ഉത്തരവാദിത്വമുള്ളവരെ ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങൾ വിശദീകരിക്കാൻ അഭിവന്ദ്യ പിതാവ് ക്ഷണിച്ചു.

ചർച്ചകളിൽ ആദ്യമെടുത്ത വിഷയം മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിട തീർത്ഥാടന-എക്സിബിഷൻ പരിപാടിയെക്കുറിച്ചുള്ള വിലയിരുത്തലായിരുന്നു. അന്നത്തെ പരിപാടി വളരെ നന്നായിരുന്നു എന്ന പൊതുവിലയിരുത്തൽ ഉണ്ടായി. കുട്ടികൾക്ക് എക്സിബിഷൻ നന്നായി കാണാനുള്ള സമയക്കുറവ്, അമിതമായ ചൂട് കാലാവസ്ഥ, പൊതുജനങ്ങൾക്ക് സന്ദർശിക്കാനുള്ള അവസരം നല്കാതിരുന്നത് തുടങ്ങിയവ പോരായ്മകളായി ചൂണ്ടിക്കാണിക്കപ്പെട്ടു. കൂടുതൽ ദിവസങ്ങളിലേയ്ക്ക് നീട്ടണമെന്നും എല്ലാവർക്കും കാണാനുള്ള അവസരം ഉണ്ടാകണമെന്നും

എല്ലാവർഷവും വർദ്ധിച്ച പണച്ചെലവുണ്ടാകുന്നതുകൊണ്ട് സ്ഥിരം സംവിധാനം ആലോചിക്കണമെന്നും അഭിപ്രായമുണ്ടായി. മൂന്നുകാര്യങ്ങളിൽ യോഗത്തിൽ അഭിപ്രായ സമന്വയമുണ്ടായി. 1. സൺഡേസ്കൂൾ കുട്ടികൾക്ക് പത്താം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത് നിർബന്ധമായും വള്ളോപ്പിള്ളി പിതാവിന്റെ കബറിടം സന്ദർശനം സംഘടിപ്പിക്കണം. നവംബർ - ഡിസംബർ മാസങ്ങളിൽ ഏതെങ്കിലും ദിവസം വരാൻ ആവശ്യപ്പെടാം. 2. ഇപ്പോഴുള്ള മ്യൂസിയം വിപുലീകരിച്ച് സ്ഥിരം സംവിധാനം ഉണ്ടാക്കണം. 3. കുടിയേറ്റ എക്സിബിഷൻ മൂന്നുവർഷത്തിലൊരിക്കൽ റീജൺ തലത്തിൽ സംഘടിപ്പിക്കാം.

ഭവനനിർമ്മാണപദ്ധതിയുടെ പുരോഗതിയെക്കുറിച്ച് ഫാ. തോമസ് തയ്യിൽ സംസാരിച്ചു. ഭവനനിർമ്മാണപദ്ധതിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് നമ്പർ കൊടുക്കണമെന്നും അത് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കണമെന്നും എല്ലാവർഷവും ആ വർഷം നിർമ്മിച്ച വീടുകളുടെ താക്കോൽദാനം പൊതുപരിപാടിയായി നടത്തണമെന്നും നിർദ്ദേശമുണ്ടായി. ഭവനനിർമ്മാണപദ്ധതിയുടെ പൊതുഫണ്ടിലേക്ക് ധനസമാഹരണത്തിനായി, ഇടവകകളിൽ വെഞ്ചരിപ്പിന് പോകുമ്പോൾ ആളുകൾക്ക് ഇഷ്ടമുള്ള ഒരു തുക സംഭാവനയായി ചോദിക്കുകയും പൊതുഫണ്ടിൽനിന്നുള്ള രസീത് നല്കുകയും ചെയ്യുക, തിരുനാളുകൾക്ക്, സാന്ത്വനത്തിന്റെ ധനസമാഹരണത്തിനു തടസ്സമുണ്ടാകാതെ സ്റ്റാളുകൾ ഇട്ട് സംഭാവന സ്വീകരിക്കുക, കൂടുതൽ തുകകൾ തരാൻ സാധിക്കുന്ന ഏതാനും വ്യക്തികളെ കണ്ടെത്തി സംഭാവന ചോദിക്കുക, വൈദികരോട് സംഭാവന ചോദിക്കുക എന്നീ നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു. പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പേരാവൂർ ഫൊറോനയിൽ ഭംഗിയായി നടന്നെന്നും മറ്റ് ഫൊറോനകളിൽ താമസിയാതെ നടത്തണമെന്നും ഫാ. തോമസ് തയ്യിൽ അറിയിച്ചു. പ്ലാസ്റ്റിക്കിനുള്ള ബദൽ പ്രചരിപ്പിക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

പുതുതായി ആരംഭിച്ച സാൻജോസ് അക്കാഡമിയെക്കുറിച്ച് ഫാ. പയസ് പടിഞ്ഞാറെമുറി സംസാരിച്ചു. പി.എസ്.സി. കോച്ചിങ്ങിന് ആളുകൾക്ക് പൊതുവേ താൽപര്യമില്ലെന്നും, ബ്രിഡ്ജ് കോഴ്സ്, നെറ്റ്, സെറ്റ് കോച്ചിങ്ങുകൾ എന്നിവ ആരംഭിച്ചെന്നും സ്ഥിരംകെട്ടിട സംവിധാനം അടിയന്തിരമായി ആവശ്യമാണെന്നും അച്ചൻ യോഗത്തെ അറിയിച്ചു.

അസംബ്ലിയുടെ മറ്റൊരു തീരുമാനമായ കൗൺസിലിംങ്ങ് സെന്ററിനെക്കുറിച്ച് ഫാ. സെബാൻ ചെരിപുറം സംസാരിച്ചു. അഞ്ച് ഡിപ്പാർട്ടുമെന്റുകളുള്ള ഒരു സ്ഥാപനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്നു അച്ചൻയോഗത്തെ അറിയിച്ചു.

ഷംഷാബാദ് രൂപതയിൽ ഒരു മിഷൻപ്രദേശം തലശ്ശേരി പ്രോവിൻസ് ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം യോഗം തത്വത്തിൽ അംഗീകരിച്ചു. കൂടുതൽ ചർച്ചകൾ പ്രിസ്ബിത്തേരിയത്തിൽ നടത്താമെന്ന് തീരുമാനിച്ചു.

സെമിനാരി പരിശീലനത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് തുടക്കം കുറിച്ചു. സിനഡിന്റെ സെമിനാരികളിൽ ഇനി മുതൽ മുതൽ ഡിഗ്രി നിർബന്ധമാക്കുന്നില്ലാത്തതിനാൽ പൊന്ന്യത്തെ ഫോർമേഷൻ ഹൗസ് സാവാധാനം നിർത്തലാക്കി ഏതാനും കുട്ടികളെ മാത്രം നിർമ്മലഗിരിയിൽ താമസിപ്പിച്ച് ഡിഗ്രി പഠിപ്പിക്കാമെന്ന് നിർദ്ദേശിച്ചു.

പുതിയ ഫൊറോനകൾ രൂപീകരിക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫാ. തോമസ് തെങ്ങുംപള്ളിൽ, ഫാ. പയസ് പടിഞ്ഞാറേമുറി, ഫാ. സെബാസ്റ്റ്യൻ ചെരിപുറം എന്നിവരെ ചുമതലപ്പെടുത്തി. പൈസക്കരി ഇടവകയുടെ കുരിശുപള്ളിയായ മുത്താറിക്കുളത്തെ സ്വതന്ത്രകുരിശു പള്ളിയായി ഉയർത്താൻ തീരുമാനിച്ചു. പെർള ബദിയടുക്കയുടെ കീഴിൽ കുരിശുപള്ളി ഇടവകയാക്കാം.

ആരാധനക്രമവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിഞ്ഞയോഗം നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് മോൺ. അലക്സ് താരാമംഗലം അവതരിപ്പിച്ചു. കൂടുതൽ പഠനത്തിനും ചർച്ചകൾക്കുംശേഷം പ്രെസ്ബിത്തേരിയത്തിൽകൂടി ആലോചിച്ച് തീരുമാനമെടുക്കാം എന്ന് തീരുമാനിച്ചു.

എജ്യൂക്കേഷൻ കൗൺസിൽ, വെൽഫയർ കമ്മിറ്റി എന്നിവ കൂടുന്നില്ല എന്ന കാര്യം ഫാ. ജോർജ് കളപ്പുര ശ്രദ്ധയിൽപ്പെടുത്തി. തളിപ്പറമ്പിൽ ഒരു ട്രസ്റ്റിന്റെ വകയായുള്ള സ്ഥലം കോർപറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയും വിമൽജ്യോതി എഞ്ചിനീയറിംങ് കോളേജും ചേർന്ന് വാങ്ങാനുള്ള പദ്ധതിക്ക് വൈദികസമിതി അംഗീകാരം നൽകി. തില്ലങ്കരിയിലുള്ള ബി.എഡ്. കോളേജ് വാങ്ങുന്നതു സംബന്ധിച്ച് കൂടുതൽ പഠിക്കാൻ തീരുമാനിച്ചു. കളമശ്ശേരി യിൽ 27½ സെന്റ് സ്ഥലവും 7 നിലയും 4 നിലയും വീതംഉള്ള രണ്ട് കെട്ടിടങ്ങളും ഫാ. ആന്റണി കുറിച്യാപറമ്പിൽ അതിരൂപതയ്ക്ക് എഴുതിത്ത ന്നെന്നും ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി അച്ചൻ സ്ഥാപിച്ച ട്രസ്റ്റും അച്ചൻ നടത്തുന്ന ഡയാലിസിസ് സെന്ററും അതിരൂപത ഏറ്റെടുത്തതായും ബഹു. പ്രൊക്കുറേറ്ററച്ചൻ അറിയിച്ചു. ഇരിട്ടിയിൽ ഷോപ്പിംങ് കോംപ്ലക്സ് കെട്ടിടം പണി ഉടനെ ആരംഭിക്കുമെന്നും കരുവഞ്ചാൽ ഹോസ്പിറ്റലിന്റെ ബേസ്മെന്റ് പണി പൂർത്തിയായെന്നും പ്രൊക്കുറേറ്ററച്ചൻ അറിയിച്ചു. ബധിര-മൂക ശുശ്രൂഷയെക്കുറിച്ച് ഫാ. ജോർജ് കളരിമുറിയും എഞ്ചിനി യറിംങ് കോളേജിൽ ചേരാൻ കത്തോലിക്കാവിദ്യാർത്ഥികളെ പ്രോത്സാഹിപ്പി ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫാ. തോമസ് മേൽവെട്ടവും സംസാരിച്ചു.

യോഗാംഗങ്ങൾക്ക് മോൺ. ജോർജ് എളൂക്കുന്നേൽ നന്ദി പ്രകാശിപ്പിച്ചു. അഭിവന്ദ്യപിതാവിന്റെ ആശീർവ്വാദപ്രാർത്ഥനയോടെ ഉച്ചയ്ക്ക് 2 മണിക്ക് യോഗം പര്യവസാനിച്ചു.

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
സെക്രട്ടറി

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്

### റീജിയണൽ ക്യാമ്പ്

ഈ വർഷത്തെ റീജിയണൽ-ദൈവവിളി ക്യാമ്പുകൾ വിജയപ്രദമാക്കി മാറ്റിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ആൺകുട്ടികൾക്കായ് നാല് സെന്ററുകളിൽ വച്ച് നടന്ന ക്യാമ്പുകളിൽ 294 പേരും പെൺകുട്ടികൾക്കായ് മദർഹോമിൽ വച്ച് നടന്ന ക്യാമ്പിൽ 89 പേരും പങ്കെടുത്തു.

ഓരോ സെന്ററുകളിലേയും, ഡയറക്ടർമാർ, വികാരിയച്ചന്മാർ, അവരോട് ചേർന്ന് പ്രവർത്തിച്ച അസിസ്തേന്തിമാർ, സഹപ്രവർത്തകർ, കോർഡിനേറ്റേഴ്സ്, കൈക്കാരന്മാർ, കമ്മിറ്റിക്കാർ ഇടവകാജനങ്ങൾ ഇവരുടെയെല്ലാം തീക്ഷ്ണമായ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി.

റീജണൽ ക്യാമ്പുകളുടെ നേതൃത്വം ഏറ്റെടുത്ത് അവിസ്മരണീയ മാക്കിയ ബഹു. വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് അല്മായ പ്രേഷിതർ എന്നിവരുടെ കഠിനാദ്ധ്വാനത്തേയും ആത്മസമർപ്പണത്തേയും നന്ദിയോടെ ഓർക്കുകയും കൃതജ്ഞത അറിയിക്കുയും ചെയ്യുന്നു.

## 2. 2018-ലെ സെലക്ഷൻ ക്യാമ്പ്

ഏപ്രിൽ 15 മുതൽ 18 വരെ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടന്ന സെലക്ഷൻ ക്യാമ്പിൽ 62 കുട്ടികൾ പങ്കെടുത്തു. ഇതിൽ 55 കുട്ടികളെ അഭിവന്ദ്യപിതാവുമൊത്തുള്ള ഇന്റർവ്യൂവിനായി തിരഞ്ഞെടുക്കുകയും ചെയ്തു. മിടുക്കരായ കുട്ടികളെ തിരഞ്ഞെടുക്കാൻ സഹായിച്ച ബഹു. വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് ഇവരെ നന്ദിയോടെ ഓർക്കുന്നു.

## 3. മേജർ സെമിനാരികളിലേക്ക് പ്രവേശനം ലഭിച്ചവർ

### ദൈവശാസ്ത്രപഠനം

1. ബ്ര. മരശ്ശേരി തോമസ് - ആലുവ
2. ബ്ര. മുണ്ടൻകുന്നേൽ ജോർജ് - ,,
3. ബ്ര. മടപ്പാൻതോട്ടുകുന്നേൽ ജോസഫ് - കോട്ടയം
4. ബ്ര. പര്യാനിയ്ക്കൽ മാത്യു - ,,
5. ബ്ര. തുരുത്തേൽ ജോസഫ് - ,,
6. ബ്ര. പന്തല്ലൂപറമ്പിൽ കുര്യാക്കോസ് - കുന്നോത്ത്
7. ബ്ര. പുതുമന ജോസഫ് - ,,

| | | |
|---|---|---|
| 8. ബ്ര. വട്ടംകാട്ടേൽ തോമസ് | - | കുന്നോത്ത് |
| 9. ബ്ര. ഐക്കരപറമ്പിൽ ജോസഫ് | - | സത്ന |
| 10. ബ്ര. കളത്തിൽ തോമസ് | - | ,, |
| 11. ബ്ര. മറ്റകോട്ടിൽ ആന്റണി | - | ,, |

## തത്വശാസ്ത്രപഠനം

| | | |
|---|---|---|
| 1. ചക്കാലക്കുന്നേൽ വർഗ്ഗീസ് | - | കുന്നോത്ത് |
| 2. കാരകൊഴുപ്പിൽ തോമസ് | - | ,, |
| 3. കണിപറമ്പിൽ സെബാസ്റ്റ്യൻ | - | ,, |
| 4. കുണിപ്പറമ്പിൽ മാത്യു | - | ,, |
| 5. പാലയ്ക്കൽ ജോസഫ് | - | ,, |
| 6. പുതുപറമ്പിൽ ജോൺസൺ | - | ,, |
| 7. അയ്യമല മാത്യു | - | ,, |
| 8. തെക്കേൽ തോമസ് | - | ,, |
| 9. കളപ്പുരയ്ക്കൽ ചാക്കോ | - | ,, |
| 10. നെല്ലാനിക്കാട്ട് തോമസ് | - | ആലുവ |
| 11. പടിഞ്ഞാറേമുറിയിൽ തോമസ് | - | ,, |
| 12. തുണ്ടിയിൽ ജേക്കബ് | - | ,, |
| 13. ബ്ര. ചെറുനിലം അഗസ്റ്റിൻ | - | ,, |
| 14. കാരകൊഴുപ്പിൽ മാത്യു | - | ,, |
| 15. അട്ടാറയ്ക്കൽ ജെയിംസ് | - | ,, |
| 16. ഈറ്റയ്ക്കൽ അഗസ്റ്റിൻ | - | ,, |
| 17. മുക്കാംകുഴി തോമസ് | - | ,, |
| 18. കാശാംകാട്ടിൽ ജേക്കബ് | - | കോട്ടയം |
| 19. മാപ്പിളപറമ്പിൽ ജോർജ് | - | ,, |
| 20. മുപ്പറപ്പള്ളിൽ ജോസ് | - | ,, |
| 21. പൊട്ടക്കുളത്തിൽ ദേവസ്യാ | - | ,, |
| 22. ബ്ര. ചെറുകരകുന്നേൽ ജോസഫ് | - | ,, |
| 23. പഴൂപറമ്പിൽ മാർട്ടിൻ | - | ,, |
| 24. വള്ളിയിൽ തോമസ് | - | ,, |
| 25. മണ്ണൂർ തോമസ് | - | ,, |
| 26. ബ്ര. പാറക്കാലയിൽ ജോസഫ് | - | പൂന |
| 27. ബ്ര. വടക്കേൽ മാത്യു | - | ,, |

## ഡിഗ്രി പഠനത്തിനായ് പൊന്ന്യം ഫോർമേഷൻ സെന്ററിലേക്ക്

1. ബ്ര. മാപ്പലകയിൽ സെബാസ്റ്റ്യൻ
2. ബ്ര. മൂലേതോട്ടത്തിൽ ജോസഫ്
3. തോണക്കര അബ്രാഹം

## അഭിനന്ദനങ്ങൾ

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മേജർ സെമിനാരികളിൽ പഠിയ്ക്കുന്ന 5 വൈദികവിദ്യാർത്ഥികൾ ഡീക്കൻപട്ടവും, 6 പേർ സബ്ഡീക്കൻപട്ടവും, 14 പേർ കാറോയപട്ടവും സ്വീകരിച്ചു. വിവിധ പട്ടങ്ങൾ സ്വീകരിച്ച എല്ലാ വൈദികവിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

## ഡീക്കൻപട്ടം സ്വീകരിച്ചവർ

| പേര് | ഇടവക | സെമിനാരി |
|---|---|---|
| 1. എടൂക്കുന്നേൽ ഏലിയാസ് | ചെടിക്കുളം | കുന്നോത്ത് |
| 2. ഏഴുപറയിൽ ജോസഫ് | കണ്ണിവയൽ | ആലുവ |
| 3. മുക്കുഴി മാത്യു | ചെമ്പേരി | ആലുവ |
| 4. മുട്ടുമണ്ണിൽ ഫിലിപ്പ് | പൊന്മല | കോട്ടയം |
| 5. തെക്കേടത്ത് സെബാസ്റ്റ്യൻ | കരുവഞ്ചാൽ | കുന്നോത്ത് |

## സബ് ഡീക്കൻപട്ടം സ്വീകരിച്ചവർ

| | | |
|---|---|---|
| 1. ഇലഞ്ഞിപറമ്പിൽ ജയിംസ് | കമ്പല്ലൂർ | കോട്ടയം |
| 2. മഞ്ഞക്കുന്നേൽ മൈക്കിൾ | ചൂരപ്പടവ് | കുന്നോത്ത് |
| 3. പടിഞ്ഞാറെയിൽ ജേക്കബ് | നീലേശ്വരം | സത്ന |
| 4. പഞ്ഞിക്കുന്നേൽ ജേക്കബ് | കൊട്ടോടി | കോട്ടയം |
| 5. വള്ളിയിൽ തോമസ് | ചെറുപാറ | ആലുവ |
| 6. വെള്ളൂർ പുത്തൻപുരയ്ക്കൽ തേമസ് | ചായോത്ത് | സത്ന |

## കാറോയപട്ടം സ്വീകരിച്ചവർ

| | | |
|---|---|---|
| 1. ചക്കാംകുന്നേൽ അഗസ്റ്റിൻ | ചന്ദനക്കാംപാറ | ആലുവ |
| 2. ചെരിയംകുന്നേൽ ജോസഫ് | കരിക്കോട്ടക്കരി | സത്ന |
| 3. ചെറുശ്ശേരി ജോസഫ് | ഉളിക്കൽ | കുന്നോത്ത് |
| 4. ചിരണയ്ക്കൽ സ്കറിയ | വെളിമാനം | കോട്ടയം |
| 5. കടക്കുഴയിൽ ജൂഡ് | പുല്ലടി | കോട്ടയം |
| 6. കോയിപ്പുറം ജോസഫ് | ചെട്ടിയാംപറമ്പ് | ആലുവ |
| 7. കുടിലിൽ മാത്യു | എടൂർ | ആലുവ |
| 8. മണ്ണൂർ ജോൺ | പൈസക്കരി | കുന്നോത്ത് |
| 9. മുക്കുഴിയിൽ മാത്യു | ചെമ്പൻതൊട്ടി | കുന്നോത്ത് |
| 10. മുണ്ടപ്ലാക്കൽ ജോസ് | എടക്കോം | കോട്ടയം |
| 11. പാലക്കിയിൽ ജോസഫ് | ഭീമനടി | കുന്നോത്ത് |
| 12. പൂവൻപുഴ തോമസ് | മേരിഗിരി | കുന്നോത്ത് |
| 13. തെക്കേവയലിൽ ജോർജ് | മാലോം | കോട്ടയം |
| 14. വട്ടുകുളം ജേക്കബ് | കൊട്ടോടി | റോം |

## വൈദികവസ്ത്രസ്വീകരണം

നമ്മുടെ അതിരൂപതയിലെ വിവിധ സ്ഥലങ്ങളിൽ ഒരു വർഷത്തെ പ്രായോഗികപരിശീലനം പൂർത്തിയാക്കികൊണ്ട് 13 വൈദികവിദ്യാർത്ഥികൾ ഏപ്രിൽ 24-ാം തീയതി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിൽ നിന്നും വൈദികവസ്ത്രം സ്വീകരിച്ചു. ദൈവശാസ്ത്രപഠനത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന 13 പേർക്കും അഭിനന്ദനങ്ങൾ.

| പേര് | ഇടവക | സെമിനാരി |
|---|---|---|
| 1. ഐക്കരപറമ്പിൽ ജോസഫ് | അരീക്കമല | സത്ന |
| 2. കളത്തിൽ തോമസ് | പടുപ്പ് | സത്ന |
| 3. കായംകാട്ടിൽ ജോർജ് | കടുമേനി | കുന്നോത്ത് |
| 4. മടപ്ലാൻ തോട്ടുകുന്നേൽ ജോസഫ് | മുണ്ടാജെ | കോട്ടയം |
| 5. മരശ്ശേരി തോമസ് | നിർമ്മലഗിരി | ആലുവ |
| 6. മറ്റക്കോട്ടിൽ ആന്റണി | കുന്നുംകൈ | സത്ന |
| 7. മുണ്ടൻകുന്നേൽ ജോർജ് | എടൂർ | ആലുവ |
| 8. പന്തല്ലൂപറമ്പിൽ കുര്യാക്കോസ് | വെളിമാനം | കുന്നോത്ത് |
| 9. പരിയാനിക്കൽ മാത്യു | പുഞ്ച | കോട്ടയം |
| 10. പുതുമന ജോസഫ് | തോമാപുരം | കുന്നോത്ത് |
| 11. തുരുത്തേൽ ജോസഫ് | കരിക്കോട്ടക്കരി | കോട്ടയം |
| 12. വട്ടക്കുന്നേൽ ടോം | തിരുമേനി | ആലുവ |
| 13. വട്ടംകാട്ടേൽ തോമസ് | മണിക്കടവ് | കുന്നോത്ത് |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# വിശ്വാസപരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).

## 1. ആമുഖസെമിനാർ മെയ് 30 – ജൂൺ 02

മതാധ്യാപനരംഗത്തേയ്ക്ക് ആദ്യമായി കടന്നുവരുന്നവർക്കുള്ള സെമിനാറാണിത്. പുതിയതായി ചേർന്നവരെയും മുമ്പ് സെമിനാറിൽ സംബന്ധിക്കാത്ത അധ്യാപകരെയും ബഹു. വികാരിയച്ചന്മാർ പറഞ്ഞയക്കുമല്ലോ. സെമിനാർ മെയ് 30ന് ബുധനാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് ജൂൺ 02ന് ശനിയാഴ്ച ഉച്ചയോടുകൂടി അവസാനിക്കുന്നു. ഫീസ് 700 രൂപയായിരിക്കും പങ്കെടുക്കുന്നവരുടെ വിവരം ഓഫീസിൽ മെയ് 15ന് മുമ്പ് അറിയിക്കേണ്ടതാണ്.

## 2. മതബോധന ഞായർ ജൂൺ 03

2018–19 അധ്യയനവർഷത്തെ പ്രഥമ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് 2018 ജൂൺ 3ന് ഞായറാഴ്ച തുടക്കം കുറിക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയന വർഷാരംഭത്തിനുമുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപംകൊടുക്കുകയും ചെയ്യുമല്ലോ.

## 3. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 8–9 (വെള്ളി, ശനി)

2018–2019 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽവച്ച് ജൂൺ 8ന് വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് ജൂൺ 9 ശനിയാഴ്ച്ച ഉച്ചക്ക് 1.00 മണിക്ക് സമാപിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർ മാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

**4. ജൂബിലി:** മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പേരും വീട്ടുപേരും ഫോൺനമ്പറും മെയ് 15ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് നേരത്തെ ആയതിനാൽ ഓഫീസിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കാര്യങ്ങളും കൃത്യസമയത്ത് തന്നെ ചെയ്ത് സഹകരിക്കുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിനോടനുബന്ധിച്ച് ജൂൺ 9ന് ശനിയാഴ്ച്ച അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്ന പൊതുയോഗത്തിൽ (11.00 മണിക്ക്) സംബന്ധിക്കുവാൻ അവരെ അറിയിക്കേണ്ടതാണ്.

## 5. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം

പാഠപുസ്തകങ്ങളുടെയും ഓഫീസിലേക്ക് ആവശ്യമായ മറ്റു ബുക്കുകളുടേയും വിലകളടങ്ങുന്ന ലിസ്റ്റ് മെയ് 20ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പുസ്തകങ്ങൾ ജൂൺ 4 നുശേഷം ഫൊറോനാ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത വിവരങ്ങളും വെബ്സൈറ്റിലൂടെ അറിയിക്കുന്നതായിരിക്കും.

## 6. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേസ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹന സമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ മെയ് മാസം 15ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 7. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ മെയ് മാസം 15ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 8. ഡിപ്ലോമ പരീക്ഷാഫലം

XII-ാം ക്ലാസ്സിലെ കുട്ടികളുടെ ഡിപ്ലോമ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം അറിയുവാനായി www.catechismthalassery.org എന്ന വെബ്സൈറ്റിൽ ഹെഡ്മാസ്റ്റർമാർക്ക് നല്കിയിരിക്കുന്ന user name & password ഉപയോഗിച്ച് ലോഗിൻ ചെയ്യുക. വെബ്സൈറ്റ് വഴി ലഭിക്കുന്ന മാർക്ക്ലിസ്റ്റ് ബഹു. വികാരിയച്ചന്റേയും ഹെഡ്മാസ്റ്ററിന്റേയും ഒപ്പോടുകൂടി പരസ്യപ്പെടുത്തേണ്ടതാണ്.

ഡിപ്ലോമ പരീക്ഷയിൽ ജയിക്കണമെങ്കിൽ ഒന്നാം ഗ്രൂപ്പിൽ **24** മാർക്കും രണ്ടാം ഗ്രൂപ്പിൽ **6** മാർക്കും മൂന്നാം ഗ്രൂപ്പിൽ **10** മാർക്കും ലഭിക്കണം (മൊത്തം 40 മാർക്ക്). മൂല്യനിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടിയ അപേക്ഷ ഓഫീസിൽ മെയ് 5നു മുമ്പ് എത്തിക്കേണ്ടതാണ്. കൂടാതെ 100 രൂപ ഫീസും അടക്കേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റ്/കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വിതരണം ചെയ്യുന്നതാണ്. കുട്ടികളുടെ പേര് വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ മെയ് 5നുള്ളിൽ ഓഫീസിലറിയിച്ച് തിരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനു ശേഷം വരുന്ന തിരുത്തലുകൾക്കും പുതിയസർട്ടിഫി ക്കറ്റിനും 25രൂപ ഓഫീസിൽ അടക്കേണ്ടതാണ്.

## 9. ഡിപ്ലോമ പരീക്ഷാഫലം

2017-2018 അധ്യയനവർഷത്തിലെ XII-ാം ക്ലാസിലെ ഡിപ്ലോമ പരീക്ഷാ ഫലം താഴെ ചേർക്കുന്നു.

| അതിരൂപതാ റാങ്ക് ലിസ്റ്റ് | | |
|---|---|---|
| 1. റോസ് മരിയ വടക്കേടത്ത് | മണിക്കടവ് | ഒന്നാം റാങ്ക് |
| 2. കൊച്ചുത്രേസ്യാ മുണ്ടയ്ക്കത്തറപ്പേൽ | ആലക്കോട് | രണ്ടാം റാങ്ക് |
| 3. എയ്ഞ്ചൽ ജോർജ് തകിടിപ്പുറത്ത് | പൂപ്പറമ്പ് | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. മാർട്ടീന രാമനാട്ട് | മണക്കടവ് | ആലക്കോട് |
| 2. ജോൺസ് കുഴിഞ്ഞാലിൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| 3. മരിയ പരിന്തിരിക്കൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| 4. ആൻ തെരേസ കൈതക്കൽ | പുളിങ്ങോം | ചെറുപുഴ |
| 5. ക്രിസ്റ്റീന പുളിക്കലാത്ത് | എടൂർ | എടൂർ |
| 6. ഗ്രെയ്സ് മേരി പറകൊട്ടിയേൽ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 7. ഹെലൻ കുളത്തിനാപ്പാറയിൽ | കുന്നോത്ത് | കുന്നോത്ത് |
| 8. തെരേസ് ചാവനാലിൽ | റയറോം | മേരിഗിരി |
| 9. മേരി നെറ്റിക്കാട്ടിൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 10. ജോർജ് കളപ്പുരക്കൽ | ഏറ്റുപാറ | പൈസക്കരി |
| 11. ജോസഫ് കുന്നിനിതോട്ടത്തിൽ | പടിമരുത് | പനത്തടി |
| 12. അന്നമ്മ എഴുത്തുപ്പള്ളിക്കൽ | മേൽമുരിങ്ങോടി | പേരാവൂർ |
| 13. ട്രീസ പെരുമ്പനാനി | പരിയാരം | തളിപ്പറമ്പ് |
| 14. അന്ന മുരിങ്ങയിൽ | കണ്ണിവയൽ | തോമാപുരം |
| 15. റോസ് മാത്യു കുറ്റിയാനിമറ്റത്തിൽ | വെള്ളാട് | വായാട്ടുപറമ്പ് |
| 16. റോസ് അമ്മിയാനിക്കൽ | മാലോം | വെള്ളരിക്കുണ്ട് |

## 10. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ എല്ലാ അധ്യാപകരുടേയും മുഴുവൻ കുട്ടികളുടേയും പേര് വിവരങ്ങൾ ഇനിയും ചേർക്കാത്തവർ എത്രയും വേഗം ചേർക്കേണ്ടതാണ്.

## 11. വിവിധ കുടിശികകൾ

2017-2018 അധ്യയനവർഷത്തിൽ ഓഫീസിൽ നൽകാനുള്ള മുഴുവൻ തുകകളും മെയ് 10ന് മുൻപ് അടയ്ക്കുകയോ ബാങ്കുവഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ബാങ്കുവഴി അയയ്ക്കുന്നവർ പണം അയച്ചതിനുശേഷം ഓഫീസിൽ വിളിച്ചു പറയേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

## ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### 1. റസിഡൻഷ്യൽ ക്ലാസ്സ്

ദൈവശാസ്ത്രത്തിൽ ബിരുദവും മാസ്റ്റർബിരുദവും നേടുന്നവർക്കായി തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് 2 ദിവസത്തെ റസിഡൻഷ്യൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു. മാസ്റ്റർ തലത്തിലുള്ള പത്തോളം വിഷയങ്ങൾ ഈ ദിവസങ്ങളിൽ പൂർത്തിയാക്കി. ബി.റ്റി.എച്ച് ഡിഗ്രിയുടെ ഭാഗമായ ദൈവശാസ്ത്രവിഷയങ്ങളുടെ ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കായി ക്ലാസ്സുകൾ നല്കപ്പെട്ടു. 120 വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### 2. സപ്ലിമെന്ററി പരീക്ഷകൾ

2017-18 അദ്ധ്യയനവർഷത്തിലെ ദൈവശാസ്ത്ര വിഷയങ്ങളുടെ സപ്ലിമെന്ററി പരീക്ഷകൾ ഏപ്രിൽ 28-ാം തീയതി ശനിയാഴ്ച ആറ് കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെട്ടു. ഏതെങ്കിലും വിഷയങ്ങളുടെ പരീക്ഷകൾ അവശേഷിക്കുന്നുണ്ടെങ്കിൽ തലശ്ശേരി ആൽഫായുടെ സെന്ററിൽ വന്ന് ഏത് ദിവസവും എഴുതാവുന്നതാണ്.

### 3. പുതിയ ദൈവശാസ്ത്ര സെന്ററുകൾ

1. നിർമ്മല പ്രൊവിൻസ് ഹൗസ് എഫ്.സി.സി - വിജയവാഡ
2. കാർമ്മലേറ്റ് പ്രൊവിൻസ് ഹൗസ് സി.എം.സി - പാല

### 4. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| മെയ് 3 | വിജയവാഡ | 9.30 - 4.30 | ദൈവശാസ്ത്ര പ്രവേശിക<br>പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| മെയ് 5 | പാലക്കാട് സി.എം.സി | 9.30 - 4.30 | ദൈവശാസ്ത്ര പ്രവേശിക<br>പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| മെയ് 13 | പാല സി.എം.സി | 9.30 - 4.30 | ദൈവശാസ്ത്ര പ്രവേശിക<br>പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |



### 5. ദൈവശാസ്ത്ര പ്രബന്ധം

2018 ൽ ദൈവശാസ്ത്രപഠനം തീരുന്ന വിദ്യാർത്ഥികൾ മെയ് 20 ന് മുൻപ് ബിരുദപഠനത്തിന്റെ ഭാഗമായി എഴുതേണ്ട പ്രബന്ധം സമർപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## 6. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube - ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്രവിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube -ൽ ആൽഫാ തിയോളജിയാ എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

## 7. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതു ഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻ സ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

## വി. യോഹന്നാന്റെ സുവിശേഷം പ്രസിദ്ധീകരിച്ചു

സെന്റ് തോമസ് മിഷനറിസമൂഹത്തിന്റെ (എംഎസ്ടി) സാന്തോം ബൈബിൾ കമന്ററി പരമ്പരയിലെ അഞ്ചാമത്തെ വാല്യം വി. യോഹന്നാന്റെ സുവിശേഷം പ്രകാശിതമായി. മൂലഭാഷയായ ഗ്രീക്കിൽനിന്നുള്ള നൂതന വിവർത്തനവും വിശദമായ വ്യാഖ്യാനവുമടങ്ങുന്ന 596 പേജുള്ള ഈ പുസ്തകത്തിന്റെ വില 600 രൂപയാണ്. ബൈബിൾ പഠിതാക്കൾക്കും പഠിപ്പിക്കുന്നവർക്കും സൺഡേ സ്കൂളുകൾക്കും ഈ പുസ്തകം ഉപകാരപ്രദമായിരിക്കും.

**കോപ്പികൾക്ക് ബന്ധപ്പെടുക**

ഫാ. ജോണി എം.എസ്.ടി. - 940052946

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞു പ്രേഷിതരേ,

ജീവിതവാഹിനിയിലൂടെ മുങ്ങിയും പൊങ്ങിയുമുള്ള പ്രവാഹത്തിൽ, ആർത്തിരമ്പുന്ന അടിയൊഴുക്കിലകപ്പെടാതെ മുന്നേറുവാൻ നല്ല തമ്പുരാൻ നമ്മെ ഓരോരുത്തരെയും അനുഗ്രഹിച്ചു. ദൈവാനുഗ്രഹം നിറഞ്ഞ ഒരു വർഷംകൂടി നാം പിന്നിടുമ്പോൾ ഹൃദയം നിറഞ്ഞ നന്ദിയോടെ തമ്പുരാന്റെ മുമ്പിൽ ശിരസ്സ് നമിക്കാം... കൃപയുടെ സമൃദ്ധിയിൽ ഈ വർഷം അവിടുന്ന് നമ്മെ സമ്പന്നരാക്കി. കാലഘട്ടത്തിന്റെ അടയാളങ്ങളും സ്വരങ്ങളും തിരിച്ചറിഞ്ഞ് തീഷ്ണതയോടെ കർമ്മവീഥികളിൽ കർമ്മനിരതരാകാൻ ഈ സപ്തതിവർഷം ദൈവം നമ്മെ അനുഗ്രഹിച്ചു. സപ്തതി നിറവിൽ ദൈവവിളി സമൃദ്ധിക്കായ് എന്ന ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് ഊർജ്ജ്വസ്വലതയോടെ പ്രവർത്തിക്കാൻ എല്ലാ കുഞ്ഞു മിഷനറിമാർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : പന്തക്കുസ്താ തിരുനാൾ

,, വിശുദ്ധൻ : വി. ഡൊമിനിക് സാവിയോ

പ്രാർത്ഥനാനിയോഗം : നമ്മുടെ രാജ്യത്തിനും ഭരണാധികാരികൾക്കും

സുകൃതജപം : തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ, തൊഴിലാളികൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

സപ്തതി സുകൃതം : 70 പരിശുദ്ധാത്മാവേ, എന്നിൽ നിറയണമേ

## ശാഖകൾ ശ്രദ്ധിക്കാൻ

1 ചൊവ്വ - തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ

21 തിങ്കൾ - തലശ്ശേരി അതിരൂപത പ്രഥമപ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 4-ാം ചരമവാർഷികം

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യുട്ടീവ്, ഏയ്ഞ്ചൽസ്മീറ്റ്, ക്യാമ്പുകൾ, സെമിനാറുകൾ.

## ഉണർവ്വ് 2018-എം.റ്റി.സി. ക്യാമ്പ്

2018 ഏപ്രിൽ 13 മുതൽ 16 വരെ പൂളക്കുറ്റിയിൽ വച്ച് നടന്ന അതിരൂപത എം.റ്റി.സി. ക്യാമ്പ് നെടുംപുറംചാൽ ശാഖാഡയറക്ടർ റവ. ഫാ. തോമസ് പതിക്കൽ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 13ന് വൈകുന്നേരം 6 മണിക്ക് അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി പതാക ഉയർത്തിക്കൊണ്ട് ക്യാമ്പിന് തുടക്കം കുറിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ

അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് ക്യാമ്പിനെക്കുറിച്ച് അവലോകനം ചെയത്. സംസാരിച്ചു. തുടർന്ന് ശാഖാഡയറക്ടർ റവ. ഫാ. തോമസ് മണവത്ത്, സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് ഷാന്റി പുളിക്കക്കുന്നേൽ, ശാഖാവൈസ്ഡയറക്ടർ സി. ജിൻസിമരിയ, ജൂനിയർ പ്രസിഡന്റ് എബിൻ വടക്കേക്കര, ആശംസകളർപ്പിച്ച് സംസാരിച്ചു. നാല് ദിവസത്തെ ക്യാമ്പിൽ കുട്ടികളുടെ വ്യക്തിത്വവികസനത്തിനും സ്വഭാവ രൂപീകരണത്തിനും ഉപകരിക്കുന്ന വിവിധപ്രവർത്തനങ്ങൾ, ഭവനസന്ദർ ശനം, പ്രകൃതി പഠനയാത്ര എന്നിവയും ഉണ്ടായിരുന്നു.

15 മേഖലകളിൽ നിന്നായി ക്യാമ്പിൽ പങ്കെടുക്കുന്ന 90 കുട്ടികളിൽനിന്ന് 35 കുട്ടികൾ വിജയവാഡാമിഷൻ തീർത്ഥയാത്രയ്ക്കായി തെരഞ്ഞെടു ക്കപ്പെട്ടു. ക്യാമ്പിന്റെ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുതന്ന പൂളക്കുറ്റി ശാഖാഡയറക്ടർ ബഹു. തോമസ് മണവത്ത് അച്ചനും ബഹു. സിസ്റ്റേഴ്സിനും ഇടവകാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ശാഖാ വാർഷികറിപ്പോർട്ട്

ശാഖാവാർഷികറിപ്പോർട്ടിന്റെ ഫോം എല്ലാ ശാഖകളിലും ലഭിച്ചു എന്ന് വിശ്വസിക്കുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് മെയ് 31 മുമ്പ് മേഖലാ ഡയറക്ടർ അച്ചൻമാരെ ഏല്പിക്കേണ്ടതാണ്. സ്ഥലംമാറ്റമുള്ള ബഹു. വൈസ് ഡയറക്ടേഴ്സ് വാർഷികറിപ്പോർട്ട് പൂരിപ്പിച്ച് പുതിയ വൈസ് ഡയറക്ടറിനെ ഏൽപ്പിക്കുമല്ലോ.

## വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2017-18 പ്രവർത്തനവർഷം അവസാനിക്കുന്നതിനാലും സിസ്റ്റേഴ്സിന്റെ സ്ഥലമാറ്റമായതിനാലും സ്ഥലംമാറ്റമുള്ള വൈസ് ഡയറക്ടേഴ്സ് മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും കൃത്യമായി എഴുതിവയ്ക്കുകയും വാർഷികറിപ്പോർട്ട് ഫോം പൂരിപ്പിച്ച് മെയ്മാസം 31ന് മുമ്പ് ഓഫീസിലേക്ക് അയക്കുകയും കുടിശ്ശികകൾ അടയ്ക്കാനുണ്ടെങ്കിൽ അവ അടച്ചുതീർത്ത് വ്യക്തതയോടും കൃത്യതയോടുംകൂടി പുതിയ ആൾക്ക് എല്ലാ കാര്യങ്ങളും കൈമാറുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. വാർഷിക റിപ്പോർട്ട് ഫോം രൂപത സി.എം.എൽ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## എച്ച്.സി.സി. അവാർഡ്

എച്ച്.സി.സി. (വേദപാഠം 12-ാം ക്ലാസ്സ്) പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ മിഷൻലിഗ് അംഗത്തിനുള്ള ബിഷപ്പ് വള്ളോപ്പിള്ളി പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരക അവാർഡിനുള്ള അപേക്ഷകൾ ജൂൺ 30നു മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ. മാർക്ക് ലിസ്റ്റിന്റെ കോപ്പി, അംഗത്വകാർഡിന്റെ കോപ്പി, വികാരിയച്ചന്റെ കത്ത്, എന്നിവ അപേക്ഷ യോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

## ദി ലീഡർ - തൂലിക

2018 മെയ് 9-12 തീയതികളിൽ സന്ദേശഭവനിലും 15-17 തീയതികളിൽ പടന്നക്കാട് പാസ്റ്ററൽ സെൻട്രലും വെച്ച് നടക്കുന്ന ദി ലീഡർ, തൂലിക എന്നീ നേതൃത്വപരിശീലന ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ എത്രയും പെട്ടെന്ന് താഴെകൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയിരിക്കും.

സാൻജോസ് അക്കാദമി ഫോൺ : 8281730777
മിഷൻലീഗ് ഓഫീസ് ഫോൺ : 8281255847

**സമയം :** ദി ലീഡർ-മെയ് 9-ാം തീയതി 4 മണിക്ക് ആരംഭിച്ച് 12-ാം തീയതി 1 മണിക്ക് അവസാനിക്കും.

തൂലിക-മെയ് 15-ാം തീയതി 2 മണിക്ക് ആരംഭിച്ച് 17-ാം തീയതി 1 മണിക്ക് അവസാനിക്കും.

## ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും കുടിയേറ്റ അനുസ്മരണവും

തലശ്ശേരി അതിരൂപത പ്രഥമ മെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച തീർത്ഥാടനത്തിലും കുടിയേറ്റ അനുസ്മരണത്തിലും പങ്കെടുത്ത് പിതാവിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ച എല്ലാ കുഞ്ഞുമിഷനറിമാർക്കും അവരെ പറഞ്ഞയച്ച ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, മതാദ്ധ്യാപകർ എന്നിവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും

## ശാഖാസന്ദർശനങ്ങൾ

അങ്ങാടിക്കടവ്, ആനപ്പന്തി, കുന്നോത്ത്, വിളക്കന്നൂർ, കൊട്ടോടി, പടുപ്പ് എന്നീ ശാഖകളിൽ അതിരൂപതാഭാരവാഹികൾ സന്ദർശനം നടത്തി.

## മിഷൻ അസംബ്ലി

ചെറുപുഴ, നെല്ലിക്കാംപോയിൽ സംഘടനാശാക്തീകരണത്തിന്റെ ഭാഗമായി ഫൊറോനതലത്തിൽ നടത്തുന്ന മിഷൻ അസംബ്ലി 12.3.18ന് ചെറുപുഴ മേഖലയിലും 9.4.18ന് നെല്ലിക്കാംപോയിൽ മേഖലയിലും നടത്തി. ചെറുപുഴ, നെല്ലിക്കാംപോയിൽ മേഖലകളിൽ നടന്ന മിഷൻ അസംബ്ലി റവ. ഫാ. ജോർജ് വണ്ടർകുന്നേൽ, ഫാ. സെബാസ്റ്റ്യൻ എഴുപറയിൽ എന്നിവർ ഉദ്ഘാടനം ചെയ്തു. ഡയറക്ടർമാരായ ഫാ. തോമസ് മഞ്ഞളാംകുന്നേൽ, ഫാ. സെബാസ്റ്റ്യൻ എഴുപറയിൽ വൈസ്ഡയറക്ടർമാരായ സി. ലിസ്ബിൻ എസ്.എം.എസ്., സി. സ്മിത സി.എം.സി. എന്നിവരും മറ്റു മേഖല ഭാരവാഹികളും മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. ചെറുപുഷ്പ മിഷൻ ലീഗിന്റെ 2018 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചും ഗ്രൂപ്പ് മീറ്റിംഗുകൾ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചുകൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു...

## ഈശോയെപ്പോലെ വളരാം... വലുതാകാം... Vol. 4

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെവളരാം... വലുതാകാം... എന്ന വർക്ക് ബുക്കിന്റെ നാലാംഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖ ഈ വർക്ക് ബുക്കിന്റെ തുടർച്ചയാണ് നൽകിയിരിക്കുന്നത്. 4-ാം ക്ലാസ്സ്വരെയുള്ള കുട്ടികൾക്ക് വേദപാഠബുക്കിന്റെ കൂടെ ഈ വർക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം ഈ മാസംതന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു...

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

➜ ---

ശക്തീകരിക്കേണ്ടതിനെക്കുറിച്ചുമുള്ള പ്രവർത്തന മാർഗരേഖ അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അവതരിപ്പിച്ചു.

**ആദരാഞ്ജലികൾ**

വിടരുംമുമ്പേ സ്വർഗ്ഗീയ ഭവനത്തിലേയ്ക്കു പറന്നുയർന്ന ബിരിക്കുളം ശാഖയിലെ മരിയയ്ക്ക് അതിരൂപതയുടെ പേരിലുള്ള ആദരാഞ്ജലികൾ...

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,
**ഹൃദയപൂർവ്വം നന്ദി...**

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ 2017-18 പ്രവർത്തനവർഷം ഇവിടെ പൂർത്തിയാകുമ്പോൾ ആദ്യംതന്നെ നല്ല ദൈവത്തിന് നന്ദി അർപ്പിക്കുന്നു. പ്രകൃതിയെ സ്നേഹിക്കാം യുവത്വം നില നിർത്താം എന്ന പ്രവർത്തനവിഷയവുമായി ആരംഭിച്ച കർമ്മപദ്ധതി അതി രൂപതയിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചു എന്ന അഭിമാന ത്തോടെയാണ് കഴിഞ്ഞ അതിരൂപതാ സമിതി പടിയിറങ്ങുന്നത്. കഴിഞ്ഞു പോയ ദിനങ്ങൾ അഭിമാനത്തിന്റെയും, ആത്മാർപ്പണത്തിന്റെയും, ത്യാഗ ത്തിന്റെയും, സഹനത്തിന്റെയും വർഷമായിരുന്നു. എല്ലാത്തിലും കൈകൾ കോർത്ത് ഒരുമയോടെ കൂട്ടായ്മയോടെ സഹകരണത്തോടെ മുന്നേറിയ താണ് സമതിയുടെ വിജയം. എല്ല ഫൊറോനകളിലേയും യുവജനങ്ങളെ ഒരു കുടക്കീഴിൽ ചേർത്തു നിർത്തുവാൻവേണ്ടി സമിതിനല്കിയ സംഭാവ നകൾ-പ്രകൃതി പഠനസഹവാസ ക്യാമ്പ്, തോമസ്മൂർ ദിനാചരണം, അതി രൂപതയിലെ വിവിധ സംഘനകളെ ഒരുമിപ്പിച്ചുകൊണ്ടുള്ള ദിയാക്കോണിയ, യുവജനദിനം, ദേശഭക്തി ഗാനവും പ്രസംഗ മത്സരവും, അഗതിദിനാചര ണം, സമാധാന ജപമാലറാലി, സത്യമറിയാൻ ടി വി പ്രോഗ്രാം, യൂ ഫെയ്ത്ത്, അതിരൂപതാ കലോത്സവം, മാർ. ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാ ഭിഷേകം, ഓഘി ദുരിതബാധിത മേഖലാസന്ദർശനം, സഹായനിധി, യുവ ജനക്യാമ്പുകൾ, ക്രിസ്മസ് സന്ദേശയാത്രകൾ, കരോൾഗാന മത്സരം, ഗ്ലോറിയ 2018, ബത്‌ലഹേം യങ്ങ് മീറ്റ്, ജയിൽ സന്ദർശനം, അതിരൂപതാ യൂത്ത് അസംബ്ലി, ഫൊറോന യൂത്ത് അസംബ്ലി, ഷട്ടിൽ ടൂർണ്ണമെന്റ്, കൊട്ട ത്തലച്ചി തീർത്ഥാടനം-കാൽവരി, ദി റിസൻ, യുവജനവർഷ ഉദ്ഘാടനം, ഹരിതഭവന പദ്ധതി, മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി എക്സിബിഷൻ, വനിതാക്യാമ്പ് - ഷീ 2 k18, എക്സ്പ്ലോറ 2018, എസ് എം വൈഎം ഗ്ലോബൽ മീററിങ്ങ്, സംസ്ഥാനത്തിന്റെ തീരദേശ ക്യാമ്പ് - മരീന, സംസ്ഥാന അഗതി ദിനാചരണം, പ്രചോദിനി, പ്രകൃതി സഹവാസ ക്യാമ്പ് - ഗായിയ, സംസ്ഥാന സാഹിത്യ മത്സരം, സംസ്ഥാന സെനറ്റുകൾ, സംസ്ഥാന അസംബ്ലി - റൂബി ജൂബിലി, തുടങ്ങി നിങ്ങൾ പങ്കെടുത്തതും നിങ്ങൾ നയിച്ചതുമായ ഒട്ടന വധി പ്രോഗ്രാമുകൾ തലശ്ശേരി അതിരൂപതയിലെ 197 ഇടവകകളെയും ഒന്നിച്ചു ചേർക്കാനുള്ള നിങ്ങളുടെ പരിശ്രമങ്ങളെ നന്ദിയോടെ ഓർക്കുന്നു.

അതിരൂപതാ പ്രസിഡന്റ് ശ്രീ എബിൻ കുര്യക്കോസിന്റെ നേതൃത്വത്തിലുള്ള സമിതി - ജനറൽ സെക്രട്ടറി ജോബിൻ ബാബു, അജിൻ അറയ്ക്കപ്പറമ്പിൽ, വൈസ് പ്രസിഡന്റ് ആൻ മേരി ചിറയിൽ, ഡെപ്യൂട്ടി പ്രസിഡന്റ് ശ്രീ. അരുൻ പറയിക്കുന്നേൽ, സെക്രട്ടറി ശ്രീ. ബിജോ അമ്പാട്ട്, ജോയിൻ സെക്രട്ടറി അഞ്ചു ആനകല്ലിൽ, ജെസ്നി ജോസ്, ട്രഷററർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ, ശ്രീ. ജോയൽ തൊട്ടിയിൽ, കൗൺസലേഴ്സ് ശ്രീ. ജുബിൻ ചിറയിൽ, കുമാരി. എയ്ഞ്ചൽ ചിറയ്ക്കതൊട്ടിയിൽ എന്നിവരുടെ അകമഴിഞ്ഞ സഹകരണവും പ്രവർത്തനവുമാണ് ഈ വർഷത്തെ പ്രവർത്തന വിജയങ്ങൾക്ക് നിദാനമായത്. 2018-ൽ ആരംഭിച്ച യുവജന വർഷത്തിന് തുടക്കം കുറിക്കാൻ ഈ സമിതിക്ക് സാധിച്ചു. അതിരൂപതാ യുവജന വർഷത്തോടനുബന്ധിച്ച് ഓരോ ഇടവകകളിലും എത്തിച്ച ബാനറുകൾ, ഫോട്ടോകൾ, പ്രർത്ഥനകൾ ഇവയുടെ പിന്നിലുള്ള നിങ്ങളുടെ കഠിനാദ്ധ്വാനങ്ങൾക്ക് ദൈവം പ്രതിഫലം നല്കട്ടെ എന്ന് പ്രർത്ഥിക്കുന്നു. ഈ സമിതിയുടെ കൂട്ടായ്മയ്ക്കും സഹകരണത്തിനും എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. മനോഹരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് ഒരു വർഷത്തെ യുവജന ശുശ്രൂഷ ദൈവനിയോഗമായിക്കണ്ട് പൂർത്തിയാക്കിയ എബിന്റെ നേതൃത്വത്തിലുള്ള അതിരൂപതാ സമിതിക്ക് അതിരൂപതാ കുടുംബത്തിലെ എല്ലാ യുവജനങ്ങളുടെയും യുവജന സ്നേഹിതരുടെയും ആത്മാർത്ഥമായ നന്ദിയും വിജയാശംസകളും നേരുന്നു.

## എക്സ്പ്ലോറ-2018

2018-19 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും ഫൊറോന ഭാരവാഹികൾക്ക് നേതൃത്വപരിശീലനം നല്കുന്നതിനുമായി ഏപ്രിൽ 13,14,15 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് എക്സ്പ്ലോറ-2018 സംഘടിപ്പിച്ചു. എക്സ്പ്ലോറ 2018 ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഫാ. സിജു വെണ്ണായപ്പള്ളി ഉദ്ഘാടനം ചെയ്തു. ശാന്തിതീരം കൗൺസലിംഗ് സെന്റർ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചെരിപുറം, ചെട്ടിയാപറമ്പ് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക വികാരി ഫാ. മനോജ് ഒറ്റപ്ലാക്കലും ക്ലാസ്സുകൾ നയിച്ചു. 100ഓളം യുവനേതൃത്വങ്ങൾ പങ്കെടുത്ത എക്സ്പ്ലോറയിൽ ഇലക്ഷൻസെനറ്റും, 2018-19 വർഷത്തെ കെസിവൈഎം എസ്എംവൈഎം ഭാരവാഹികളെയും തെരഞ്ഞെടുത്തു. ക്ലാസ്സുകൾ നയിച്ച ബഹു. സെബാനച്ചനും, മനോജച്ചനും, ആത്മീയ പോഷണം നല്കി അനുഗ്രഹിച്ച ബഹു. മാത്യു ഇളംതുരുത്തിപ്പടവിലച്ചനും, സെന്റ് ജോസഫ് സെമിനാരിയിലെ എല്ലാ വൈദികർക്കും പങ്കെടുത്ത സെനറ്റ് അംഗങ്ങൾക്കും പ്രത്യേകം നന്ദി.

## 2018-19 കെ സി വൈ എം,എസ് എം വൈ എം തലശ്ശേരി അതിരൂപതാ ഭാരവാഹികൾ

| Title | Name & House Name | Parish | Forane |
|---|---|---|---|
| President | Jithin Mathew Mudappalayil | Cherupuzha | Cherupuzha |
| Vice-president | Alida maria attappattu | Chempanthotty | Chempanthotty |
| Deputy ,, | Akhil Chalilputhanpurayil | Nellickampil | Nellickampoil |
| Joint Secretary | Liji George Kodakkattu | Edapuzha | Edoor |
| General ,, | KiranThomas Arthasseril | Thaliparamba | Thaliparamba |
| Counsellor | Dono Kollamkunnel | Thermala | Nellickampoil |
| Counsellor | Sijo Ambattu | Kanhangad | Kanhangad |
| Secretary | Jerald Jacob Kanjirathinkal | Vayattuparamba | Vayattuparamba |
| Treasurer | Prince Thundathil | Peratta | Kunnoth |

പുതിയ നേതൃത്വനിരക്ക് എല്ലാ ഭാവുകങ്ങളും വിജയാശംസകളും നേരുന്നു.



ഇടത്ത് നിന്ന് Dono Kollamkunnel (Counsellor), Liji George Kodakkattu (Joint Secretary), Alida Maria Attappattu (Vice-President), Sr.Celine Chellamkottu (Animator) Fr. Sony Scaria Vadasseril (Director) Mar. George Njaralakkattu (Archbishop) Jithin Mathew Mudappalayil (President), Kiran Thomas Arthasseril (General Secretary), Akhil Chalilputhanpurayil (Deputy President), Jerald Jacob(Secretary),Prince Thundathil (Treasurer), Sijo Ambattu (Counsellor)

## അഫിലിയേഷൻ

ജൂൺ മാസം കെസി വൈഎം, എസ്എംവൈഎം അംഗത്വമാസമാണ്. 15-35 വയസുവരെ പ്രായമുള്ള എല്ലാ യുവജനങ്ങളും അംഗത്വം സ്വീകരിക്കേണ്ടതാണ്. ജൂൺ 30 നകം അഫിലിയേഷൻ പൂർത്തിയാക്കി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധയ്ക്ക്

കെസിവൈഎം, എസ്എംവൈഎം അംഗങ്ങൾ എല്ലാ വർഷവും അംഗത്വം പുതുക്കേണ്ടതാണ്. അഫിലിയേഷനിൽ പേരില്ലാത്ത ഒരു വ്യക്തി യെയും ഇലക്ഷന് നിൽക്കാനോ, വോട്ടു ചെയ്യാനോ അനുവദിക്കുന്നതല്ല. കലാ മത്സരങ്ങളിലും സംഘടനയുടെ പ്രധാന പരിപാടികളിലും അഫിലി യേഷൻ ആവശ്യമാണ്. ഓരോ അംഗങ്ങളും തങ്ങളുടെ പേരുകൾ അഫിലി യേഷനിൽ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഡയറ ക്ടേഴ്സ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അംഗത്വ കാർഡ്

കെസിവൈഎം, എസ്എംവൈഎം-ൽ ഈ വർഷം അംഗമായി ചേരു ന്നവരും, ഐഡി കാർഡ് ഇല്ലാത്തവരും ഐഡി കാർഡ് സ്വന്തമാക്കാൻ ശ്രദ്ധിക്കുക. സംഘടനയുടെ പ്രധാനപ്പെട്ട എല്ലാ പരിപാടികൾക്കും ഐഡി കാർഡ് നിർബന്ധമായിരിക്കും.

## സത്യമറിയാൻ പുസ്തകം

സത്യമറിയാൻ (യുവജനസംശയങ്ങൾക്ക് മറുപടി) എന്ന പുസ്തക ത്തിന്റെ കോപ്പികൾ ആവശ്യമുള്ളവർ കെസിവൈഎം ഓഫീസിൽ ഓർഡർ ചെയ്യുക. മാർ ജോസഫ് പാംപ്ലാനി പിതാവ് യുവജനങ്ങളുമായി നടത്തിയ സംവാദത്തിന്റെ പുസ്തകരൂപത്തിന്റെ ഒന്നാം സിരീസ് ആണിത്. വില 50 രൂപ.

## പ്രാർത്ഥനാകൂട്ടായ്മ

ജമ്മു-കാഷ്മീരിലെ കത്വവായിൽ എട്ടുവയസ്സുള്ള ബാലികയെ ദാരുണമായി മാനഭംഗപ്പെടുത്തി കൊലചെയ്തതിനെ അപലപിച്ച് കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതാസമിതി പ്രതിഷേധ പ്രാർത്ഥനാകൂട്ടായ്മ സംഘടിപ്പിച്ചു. ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നേതൃത്വം നൽകിയ പ്രാർത്ഥനാകൂട്ടായ്മയിൽ ആർച്ച് ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം, സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, തലശ്ശേരി മുൻസിപ്പൽ കൗൺസിൽ സാജിദ ടീച്ചർ, ഡിസിഎൽ കൊച്ചേട്ടൻ, (ഫാ. റോയ് കണ്ണൻചിറ സിഎംഐ) വൈദികർ, സന്യസ്തർ, അയൽവാസി കൾ, ജോസ്ഗിരി നേഴ്സസ്, BKJM നേഴ്സിംഗ് സ്ററുഡൻസ്, എന്നിവരടക്കം നിരവധിപ്പേർ പങ്കെടുത്തു.

തലശ്ശേരി ബിഷപ്സ് ഹൗസിൽ നടന്ന പ്രാർത്ഥനാകൂട്ടായ്മയ്ക്ക് കെസിവൈഎം, എസ്എംവൈഎം അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിയും, അതിരൂപതപ്രസിഡന്റ് എബിൻ കുര്യാക്കോസ് കുമ്പയ്ക്കലും മറ്റ് രൂപത ഭാരവാഹികളും നേതൃത്വം നൽകി.

## ദി റിസൻ 2k 2018

യുവജനങ്ങളെ സ്വന്തം ഇടവകകളിൽ ഒരുമിച്ചുകൂട്ടി യുവജന കൂട്ടായ്മ ശക്തിപ്പെടുത്തുവാനായി മാർച്ച് 30 ന് ദി റിസൻ 2k 2018 വളരെ മനോഹരമായി നടത്തിയ എല്ലാ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, സംഘടനാ ഭാരവാഹികൾക്കും അതിരൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## മാർ ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പള്ളി അനുസ്മരണം

തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലിത്തയായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ അനുസ്മരണവും, മലബാർ കുടിയേറ്റ എക്സിബിഷനും ഏപ്രിൽ 3,4 തിയതികളിലായി സന്ദേശഭവനിലും സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയ പരിസരത്തും വച്ചും നടത്തപ്പെട്ടു. പ്രോ-ലൈഫ് എന്ന വിഷയത്തെ ആസ്പദമാക്കി കെസിവൈഎം വളരെ മനോഹരമായി എക്സിബിഷൻ നടത്തി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ശ്രീ. റിനുവിന്റെ നേതൃത്വത്തിലുള്ള ആർട്ടിസ്റ്റുകൾ, ജീസസ് യൂത്ത് സംഘടനാ ഭാരവാഹികൾ, ഫൊറോന യൂണിറ്റ് ഭാരവാഹികൾ, BKJM നേഴ്സിങ് സ്കൂൾ എല്ലവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

## ഹരിതഭവനം പദ്ധതി

പ്ലാസ്റ്റിക് മാലിന്യ വിമുക്ത സമൂഹമെന്ന ലക്ഷ്യവുമായി തലശ്ശേരി അതിരൂപതയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഹരിത പദ്ധതിയുടെ ഉദ്ഘാടനം പേരാവൂർ സെന്റ് ജോസഫ് ഫൊറോന പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. കെസിവൈഎം അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയും, അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു. ഹരിത ഭവനം പദ്ധതിയുടെ ഉദ്ഘാടനചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും തലശ്ശേരി അതിരൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## ഫലസമൃദ്ധി സ്വാഗതസംഘം രൂപീകരിച്ചു

മിജാർക്കും, കെസിവൈഎം ഉം, ദീപികയും ചേർന്ന് നടത്തുന്ന കർഷകമാർച്ചിന് മുന്നോടിയായി സ്വാഗത സംഘം രൂപികരിച്ചു. തലശ്ശേരി സോണിന്റെ സംഘാടക സമിതി യോഗങ്ങൾ തളിപ്പറമ്പും, മാലോത്തും വച്ച് നടത്തപ്പെട്ടു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട്, ദീപിക ഫ്രണ്ട്സ്ക്ലബ്, കോ-ഓർഡിനേറ്റർ ഫാ. സിജു വെണ്ണായപ്പള്ളി, കെസിവൈഎം അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി തുടങ്ങിയവർ യോഗത്തിന് നേതൃത്വം നല്കി.

യോഗത്തിനായി സ്ഥലവും സൗകര്യവും ഒരുക്കിതന്ന തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ടിനും, അസി. വികാരി ഫാ. സുബിൻ റാത്തപ്പള്ളിക്കും പങ്കെടുത്ത എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

## SHE 2K18 ഏകദിന വനിതാ ക്യാമ്പ്

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതാ വനിതാ ദിനാചരണം ചെമ്പന്തൊട്ടി ഫൊറോനയുടെ ആതിഥേയത്വത്തിൽ ഷീ 2018 എന്ന പേരിൽ ചെമ്പന്തൊട്ടി സെന്റ് ജോർജ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് ഏപ്രിൽ 8ന് നടത്തപ്പെട്ടു. വിവിധ ഫൊറോനകളിൽ നിന്നുമായി 250 ഓളം യുവതികൾ പങ്കെടുത്ത വനിതാ ദിനത്തിന് അതിരൂപതാ വൈസ് പ്രസിഡന്റ് കുമാരി. ആൻമേരി ചിറയിൽ അദ്ധ്യക്ഷത വഹിച്ചു. ആനിമേറ്റർ സി. സെലിൻ ചെല്ലംകോട്ട് ആമുഖ പ്രഭാഷണം നടത്തി. കണ്ണൂർ യൂണിവേഴ്സിറ്റി എം.ബി.എ. റാങ്ക് ഹോൾഡർ ദീപിക ഷേണായി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ബഹു. സോണി വടശ്ശേരി അച്ചനും, അതിരൂപതാ പ്രസിഡന്റ് ശ്രീ എബിൻ കുര്യാക്കോസും ഫൊറോന വികാരി ഫാ. ജോസ് മാണിക്കത്താഴെയും ആശംസകൾ അർപ്പിച്ചു. ചടങ്ങിന് അതിരൂപതാ സെക്രട്ടറി കുമാരി ജെസ്നി ജോസ് സ്വാഗതവും ചെമ്പന്തൊട്ടി ഫൊറോന വൈസ് പ്രസിഡന്റ് കുമാരി അലിഡ നന്ദിയും അർപ്പിച്ചു. സ്ത്രീ സുരക്ഷ എന്ന വിഷയത്തെ ആധാരമാക്കി. കണ്ണൂർ വനിതാ പോലീസ് സ്റ്റേഷൻ എസ് ഐ മല്ലികാ മാഡം ക്ലാസ്സ് നയിച്ചു. വനിതാ ക്യാമ്പ് ഏറ്റെടുത്തു നടത്തിയ ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് തടത്തിമാക്കലിനും, ചെമ്പന്തൊട്ടി ഫൊറോന വികാരി ബഹു. മാണിക്കത്താഴെ അച്ചനും അസി. വികാരി ഫാ. ഷെറിൻ പ്രവർത്തുംമാലിനും, മേഖല യൂണിറ്റ് ഭാരവാഹികൾക്കും പങ്കെടുത്ത എല്ല യുവതികൾക്കും, ക്ലാസ്സ് നയിച്ച കണ്ണൂർ വനിതാ പോലീസ് സ്റ്റേഷൻ എസ്. ഐ മല്ലികാ മാഡത്തിനും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

### സത്യമറിയാൻ

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയും ടി.വി ചാനലും സംയുക്തമായി നടത്തുന്ന സത്യമറിയാൻ പ്രോഗ്രാമിന്റെ ഷൂട്ടിങ്ങ് ഏപ്രിൽ 21ന് പൊന്ന്യം St. John Paul IInd Formation Centre-ൽ വച്ച് നടത്തപ്പെട്ടു. സഹായസഹകരണങ്ങൾ ചെയ്തുതന്ന ബഹു. ജോസഫ് നൂറമ്മാക്കലച്ചനും, ബ്രദേഴ്സിനും പങ്കെടുത്ത സഹോദരിമാർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

### യൂത്ത് എലൈവ്

അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി മണിപ്പാറ ഇടവകയിലെ യുവജനങ്ങളെ സന്ദർശിച്ച് ക്ലാസ്സുകൾ നയിച്ചു.

### വിവാഹാശംസകൾ

വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ച അതിരൂപതാ മുൻ ജനറൽ സോക്രട്ടറി ശ്രീ. റിജു-റിയ ദമ്പദികൾക്കും, തോമാപുരം ഫൊറോന പ്രസിഡന്റ് ശ്രീ. സച്ചിനും-സോണിയായ്ക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങളും, പ്രർത്ഥനകളും നേരുന്നു.

**ആദരാഞ്ജലികൾ**

ഐസിവൈഎം മുൻ ജനറൽ സെക്രട്ടറി സ്വപ്നിൻ സൈമന്റെ നിര്യാണത്തിൽ അതിരൂപതാ കെസിവൈഎം ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ ഭവനം സന്ദർശിച്ച് പ്രാർത്ഥിക്കുകയും അതിരൂപതാ കെസിവൈഎം ന്റെ അനുശോചനം അറിയിക്കുന്നു.

> *"നേതൃത്വം സംഘടിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിർവ്വഹിക്കുന്നതിനും നയിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും സ്വാധീനിക്കുന്നതിനുമുള്ള നൈസർഗീകമോ ആർജ്ജിതമോ ആയ കഴിവാണ്."*

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**

യുവജനപ്രേഷിതത്വം, ഡയറക്ടർ

## ജീസസ്സ് യൂത്ത് ധ്യാനങ്ങൾ

ജീസസ്സ് യൂത്ത് കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ രണ്ട് ധ്യാനങ്ങൾ അവധിക്കാലത്ത് സംഘടിപ്പിക്കുന്നു. മെയ് 11ന് രാവിലെ 10 മണിമുതൽ 14ന് വൈകിട്ട് 4 മണിവരെ 8,9,10,11 ക്ലാസ്സിലെ കുട്ടികൾക്കായി ടീൻസ് ധ്യാനവും. മെയ് 15ന് രാവിലെ 10 മുതൽ മെയ് 18ന് വൈകുന്നേരം മൂന്നുവരെ ഈ വർഷം പ്ലസ്ടു പരീക്ഷ എഴുതിയവർക്കായുള്ള ധ്യാനവും നടക്കുന്നു. രണ്ട് ദിനങ്ങളിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്കുമാത്രമേ അവസരം ഉണ്ടായിരിക്കുകയുള്ളൂ. പൊടിക്കളം ശ്രീകണ്ഠാപുരം മേരിഗിരി ഇംഗ്ലീഷ്മീഡിയം സീനിയർ ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചാണ് രണ്ട് ധ്യാനങ്ങളും നടക്കുന്നത്. രണ്ട് ധ്യാനങ്ങളുടെയും രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയിരിക്കും. ഓരോ ഇടവകയിൽനിന്നും അഞ്ചുപേരെ വച്ച് കിട്ടുകയാണെങ്കിൽ യുവജനവർഷത്തിൽ ഓരോ ഇടവകയിലും പ്രാർത്ഥനാകൂട്ടായ്മ തുടങ്ങാൻ സഹായകരമായിരിക്കും. യേശുവിന്റെ യുവജനങ്ങളെ അവധിക്കാല കൂട്ടായ്മകളിലേയ്ക്ക് പങ്കുചേരാൻ ക്ഷണിയ്ക്കുന്നു.

| | | |
|---|---|---|
| സോൺ ചാപ്ലിൻ | : ഫാ. ജിനു വടക്കെമുളഞ്ഞിനാൽ | – 9497373415 |
| ആനിമേറ്റർ | : സിസ്റ്റർ ആൻസിലിൻ | – 9656733680 |
| എൽഡൽ | : സജി കാക്കനാട്ട് | – 9497641618 |
| കോഡിനേറ്റർ | : ലോനിസ്സ് മാത്യു | – 9995534102 |

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ഫ്രാൻസീസ് മാർപാപ്പ പറയുന്നു, "ഈശോ ഒരു കുടുംബത്തിൽ ജനിക്കണമെന്നത് അവിടുത്തെ നിശ്ചയമായിരുന്നു. ഇതെത്ര മനോഹരമാണ്: ദൈവം തിരുമനസ്സായ മനുഷ്യാവതാര രഹസ്യം എത്ര ആഴമേറിയതാണെന്ന് നാം തിരിച്ചറിയുന്നു: പിറക്കുവാൻ അമ്മയുടെ ഗർഭപാത്രം മാത്രമല്ല, വസിക്കുവാൻ ഒരു യഥാർത്ഥ കുടുംബവും അവിടുന്ന് തെരഞ്ഞെടുക്കുന്നു". കുടുംബം മനുഷ്യജീവന്റെ പിള്ളത്തൊട്ടിലാണ്. സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയിൽ പുതുജീവന്റെ നാമ്പുകൾ സൃഷ്ടിക്കുവാൻ ദൈവം വിളിച്ച് അനുഗ്രഹിച്ചവരാണ് ദമ്പതികൾ. കുടുംബത്തെ വലിയ പ്രാധാന്യത്തോടെയാണ് സഭ കാണുന്നത്. മുറിവേറ്റാലും, നിന്ദിക്കപ്പെട്ടാലും, മനസ്സിടിഞ്ഞാലും ഒരു അമ്മയെന്ന നിലയിൽ സഭ ഒരിക്കലും കുടുംബങ്ങളെ കൈവിടുകയില്ല. പാപങ്ങളിൽ വീണാലും സഭയിൽ നിന്ന് അകന്നുപോയാൽപോലും കുടുംബങ്ങളെ സംരക്ഷിക്കുവാനും സൗഖ്യമാക്കുവാനും അനുതാപത്തിലേക്ക് നയിച്ചുകൊണ്ട് ദൈവവുമായി അനുരഞ്ജനപ്പെടുത്തുവാനും സഭ സാധ്യമായതെല്ലാം ചെയ്യും. വിവിധങ്ങളായ കുടുംബക്ഷേമ പ്രവർത്തനങ്ങളിലൂടെ ഈശോ ഭരമേൽപ്പിച്ച ഇടയദൗത്യം വിശ്വസ്തതയോടെ നമ്മുക്ക് നിറവേറ്റാം.

## 1. 1) നവോമി സംഗമം (വിധവാ കൂട്ടായ്മ)

ഇടവകാതലത്തിൽ വിധവകളായവരെ ഒരുമിച്ച് കൂട്ടി വിധവാ സംഘങ്ങൾ രൂപീകരിച്ച് വിവിധ ആനുകൂല്യങ്ങൾ സ്വന്തമാക്കാൻ സഹായിക്കുക. Save a widow പ്രോഗ്രാമിലൂടെ ഇടവകയിലെ ഏറ്റവും അർഹതപ്പെട്ട ഒരു വിധവയുടെ കുടുംബത്തെ സംരക്ഷിക്കുക. വിധവകൾക്കായി സ്വയം തൊഴിൽ പരിശീലനപദ്ധതികൾ സംഘടിപ്പിക്കുക. വിധവാ കമ്മീഷൻ, വിധവാ കോർപ്പറേഷൻ എന്നിവ രൂപീകകരിക്കുവാനായി വിവിധ രാഷ്ട്രീയ പാർട്ടികളുടെ സഹകരണത്തോടെ സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയാണ് നമ്മുടെ ലക്ഷ്യം.

### 2) ഹോംമിഷൻ

ഇടവകകളിൽ ഹോംമിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ അറിയിക്കുകയാണെങ്കിൽ ടീമുകളെ

തയ്യാറാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ് ഹോംമിഷൻ. വിവിധങ്ങളായ അസ്വസ്ഥതകൾ അനുഭവിക്കുന്ന കുടുംബാംഗങ്ങളെ നേരിൽ കണ്ട് ആശ്വസിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അങ്ങനെ ആ കുടുംബത്തെ സമഗ്രവളർച്ചയിലേക്ക് നയിക്കാനും ഇതുവഴി സാധിക്കും.

### 3) ഫാമിലി കൗൺസിലിംഗ്

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫാമിലി കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

### 4) ക്ലാസുകൾ, സെമിനാറുകൾ

**1) മണിപ്പാറ:** ദമ്പതീദിനത്തോടനുബന്ധിച്ച് ഏപ്രിൽ 16-ാം തിയ്യതി തിങ്കളാഴ്ച മണിപ്പാറ സെന്റ് മേരീസ് പള്ളിയിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.ജോർജ്ജ് കോവാട്ട് ദമ്പതികൾക്ക് ക്ലാസെടുക്കുകയും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## 2. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

816, 817, 818 എന്നീ എം.പി.സി കോഴ്സുകൾ മാർച്ച് 20-22, ഏപ്രിൽ 10-12, 17-19 തീയതികളിൽ യഥാക്രമം പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, തലശ്ശേരി സന്ദേശഭവൻ, എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 186 ആൺകുട്ടികളും 185 പെൺകുട്ടികളും ഉൾപ്പെടെ ആകെ 371 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 1) എം.പി.സി പേരന്റ്സ് മീറ്റ്

പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, തലശ്ശേരി സന്ദേശഭവൻ, എന്നീ സെന്ററുകളിൽ വച്ച് മാർച്ച് 22, ഏപ്രിൽ 12, 19 എന്നീ തീയ്യതികളിൽ എം പി സി 816, 817, 818 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ക്ലാസ്സ് നയിക്കുകയുണ്ടായി.

### 2) പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 816, 817, 818 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 66 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| MAY | 22 - 24 | 8 - 10 | Nil |
| JUNE | 26 - 28 | 12 - 14 | Nil |
| JULY | 10 - 12 | Nil | 24 - 26 |
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

**Family Apostolate**
**Contact Number: 0490 2343414, Mob: 9400206974**

## 3. മാതൃവേദി

### 1) അറിവ്

ഏതൊരു കുഞ്ഞിന്റെയും വളർച്ചയിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നത് അമ്മമാരാണല്ലോ. മെയ് മാസത്തിൽ മാതൃവേദി അംഗങ്ങൾ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് ശരിയായ അറിവിലും സന്മാർഗ്ഗ ജീവിതത്തിലും കുട്ടികളെ വളർത്താനുള്ള പ്രവർത്തനങ്ങളിലാണ്. അവർക്ക് പ്രചോദനാത്മകവും ഉപകാരപ്രദവുമായ പ്രവർത്തനങ്ങളിലൂടെ അവരെ സഹായിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

- കുട്ടികൾക്കുവേണ്ടി ക്ലാസുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

- 53% കുട്ടികൾ ലൈംഗിക ചൂഷണത്തിന് ഇരയാകുന്ന ഇന്നത്തെ കാലഘട്ടത്തിൽ കുട്ടികൾക്ക് ഇവയെക്കുറിച്ച് അവബോധം നൽകുകയും പ്രതികരിക്കാനുള്ള ശേഷി വളർത്തുകയും ചെയ്യുക.
- ആവശ്യമെങ്കിൽ സാമ്പത്തിക സഹായം നൽകുക.
- പഠനോപകരണങ്ങൾ കുട, യൂണിഫോം etc. അർഹതയുള്ളവർക്ക് നൽകുക.
- സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായ, പഠനത്തിൽ ബുദ്ധിമുട്ട് നേരിടുന്ന കുഞ്ഞുങ്ങൾക്കായി ട്യൂഷൻ ക്രമീകരണം ചെയ്യുക.

**2. മെയ്മാസ വണക്കം**

പരി. അമ്മയോടുള്ള ഭക്തിയിലും സ്നേഹത്തിവും കൂടുതലായി വളരുവാൻ പരി.അമ്മയോടുള്ള വണക്കമാസ പ്രാർത്ഥന എല്ലാ കുടുംബങ്ങളിലും ചൊല്ലുവാനും മാതൃഭക്തിയിൽ എല്ലാവരെയും പ്രത്യേകിച്ച് കുഞ്ഞുങ്ങളെ വളർത്തുവാനും അമ്മമാർ ശ്രദ്ധിക്കുമല്ലോ.

**3) കുന്നോത്ത് മേഖലാ പരിഹാര പ്രദക്ഷിണം**

വലിയ നോമ്പിലെ 40-ാം വെള്ളിയാഴ്ച കുന്നോത്ത് മേഖലാ മാതൃവേദി കുരിശുമല കയറ്റം നടത്തി വിവിധ ശാഖകളിലെ അമ്മമാർ കുന്നോത്ത് ഫൊറോന പള്ളിയിൽ ഒരുമിച്ച് ചേർന്ന് വി. കുർബാനയിൽ പങ്കെടുത്ത് കുരിശിന്റെ വഴി ചൊല്ലികുരിശുമല കയറി പ്രാർത്ഥിച്ചു. വി. കുർബ്ബാനയ്ക്കും പ്രാർത്ഥനകൾക്കും കുരിശുമല കയറ്റത്തിനും ബഹുമാനപ്പെട്ട ഫാ. ജോസഫ് ചാത്തനാട്ട്, ഫാ. ജോർജ് കരോട്ട്, ഫാ. ജോർജ് കോവാട്ട് എന്നിവർ നേതൃത്വം നൽകി.

**4) ജ്വാല - ചെമ്പന്തൊട്ടി**

2018 ഏപ്രിൽ 7 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ചെമ്പന്തൊട്ടി മേഖലയുടെ ജ്വാല പ്രോഗ്രാം ചെമ്പന്തൊട്ടി സെന്റ് ജോർജ്ജ് ഫൊറാന ദേവാലയത്തിൽ വച്ച് നടന്നു. ശ്രീമതി റോസമ്മ ജീരകത്തിൽ സ്വാഗതം ആശംസിച്ചു. ചെമ്പന്തൊട്ടി മേഖലാ മാതൃവേദി ഡയറക്ടർ വെരി.റവ.ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ചെമ്പന്തൊട്ടി ഫൊറോനാ വികാരി വെരി.റവ.ഫാ. ജോസ് മാണിക്കത്താഴെ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തലശ്ശേരി ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് കോവാട്ട് ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് ശ്രീ.ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. ചെമ്പന്തൊട്ടി മേഖലാ സെക്രട്ടറി ശ്രീമതി ജെസ്സിയമ്മ കൂട്ടിയാനിയിൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി സാലി കണിച്ചിറ കണക്കും അവതരിപ്പിച്ചു. ചെമ്പന്താട്ടി യൂണിറ്റ് മാതൃവേദി പ്രസിഡണ്ട് ശ്രീമതി ജോളി കുഴിയാത്ത് നന്ദി അർപ്പിക്കുകയും ചെയ്തു.

### 5) അതിരൂപതാ എക്സിക്യൂട്ടീവ് - തലശ്ശേരി

മെയ് 12-ാം തീയതി സന്ദേശഭവനിൽവച്ച് രാവിലെ 10 മണിക്ക് മാതൃവേദി അതിരൂപതാ എക്സിക്യൂട്ടീവ് നടത്തപ്പെടുന്നു. എല്ലാ അംഗങ്ങളും കൃത്യമായി പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 4. അമല പ്രോലൈഫ് - പ്രോലൈഫ് കൂട്ടായ്മകൾ

അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രോലൈഫ് യൂണിറ്റുകൾ രൂപീകരിക്കാനും ജീവന്റെ മഹത്വവും മൂല്യവും ഉയർത്തിപ്പിടിച്ച് ജീവന്റെ സംരക്ഷകരായിത്തീരുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സഹക രിക്കുമല്ലോ. അതിരൂപതാ പ്രോലൈഫ് ടീം ഓരോ ഇടവകയിലും വൈകു ന്നേരങ്ങളിൽ വന്ന് വി.കുർബ്ബാന ചൊല്ലി, ജീവന്റെ മൂല്യത്തെക്കുറിച്ചും ജീവൻ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ക്ലാസുകൾ, വീഡിയോ പ്രദർശ നങ്ങൾ, അനുഭവവിവരണങ്ങൾ എന്നിവ നൽകി, ജനങ്ങൾക്ക് ബോധവ ത്ക്കരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. പ്രോലൈഫ് ടീം നയിക്കുന്ന ആരാധനയോടെ പരിപാടി സമാപിക്കും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തങ്ങളുടെ ഇടവകയിൽ ഈ പ്രോഗ്രാം എന്ന് നടത്താൻ കഴിയും എന്ന വിവരം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ച് (9400206974) അറി യിക്കുമല്ലോ. വൈകിട്ട് 5 മണി മുതൽ 8.30 വരെയുള്ള സമയം ക്രമീകരി ച്ചാൽ മതിയാകും. ജീവന്റെ സംരക്ഷണത്തിനായുള്ള ഈ സംരംഭത്തിന് പരമാവധി പ്രോത്സാഹനം നൽകണെ.

**വാണിയപ്പാറ**

വാണിയപ്പാറ ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് ഏപ്രിൽ 13-ാം തിയ്യതി വെള്ളിയാഴ്ച പ്രോലൈഫ് സമിതിയുടെ മീറ്റിംഗും ക്ലാസും നടത്തപ്പെട്ടു. വികാരി ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് ശ്രീ.റോബിൻ വടക്കുംതല, ശ്രീ.സെലസ്റ്റിൻ ജോൺ വടക്കേൽ എന്നിവർ ജീവന്റെ മൂല്യത്തെക്കുറിച്ച് ക്ലാസെടുക്കുകയും ചെയ്തു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും വീഡിയോ പ്രദർശനവും നടത്തി. മൃഗീയ മായി കൊലചെയ്യപ്പെട്ട ആസിഫ എന്ന പെൺകുട്ടിയുടെ കൊലപാതക ത്തിൽ പ്രതിഷേധം അറിയിക്കുകയും തിരിതെളിച്ച് മൗനപ്രാർത്ഥന നട ത്തുകയും ചെയ്തു. ശേഷം 9 മണിക്ക് മീറ്റിംഗ് സമാപിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വിദ്യാലയത്തിലെ ഉത്തരവാദിത്വങ്ങൾ

പുതിയ അധ്യയന വർഷത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാലഘട്ടമാണിത്. കഴിഞ്ഞ വർഷങ്ങളിലെ പോരായ്മകൾ പരിഹരിച്ച് പുത്തൻ ഉണർവ്വോടെ പുതിയ പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്. 2017–18 അധ്യയന വർഷം നമ്മുടെ ഭൂരിപക്ഷം സ്കൂളുകളും വിലയിരുത്തി. വിദഗ്ദരുടെ ഒരു ടീമിനോടൊപ്പമാണ് വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തിയത്. സ്കൂൾ സന്ദർശന അവസരത്തിൽ ചില സ്കൂളുകളിൽ ഡ്യൂട്ടി ലിസ്റ്റ് ആവശ്യപ്പെട്ടപ്പോൾ ഡ്യൂട്ടി ലിസ്റ്റ് പൂർണ്ണമല്ല. ഓഫീസിലും, സ്റ്റാഫ്റൂമിലും ഡ്യൂട്ടിലിസ്റ്റ് പ്രദർശിപ്പിച്ചിട്ടില്ല.

സ്കൂളിലെ മുഴുവൻ അധ്യാപകർക്കും ചുമതലകൾ കൃത്യമായി നൽകുക എന്ന ഉത്തരവാദിത്വം പ്രധാനധ്യാപകർക്കുണ്ട്. പ്രധാനധ്യാപകർ അടുത്ത വർഷത്തേക്കുള്ള ഡ്യൂട്ടി ലിസ്റ്റ് മെയ് 5–ാം തീയതിക്കുമുമ്പ് തയ്യാറാക്കണം. ഡ്യൂട്ടികൾ ലഭിച്ച അധ്യാപകർ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പ്ലാനുകൾ തയ്യാറാക്കി മെയ് 10–ാംതീയതിക്കു മുൻപായി പ്രധാനാധ്യാപകന് നൽകണം. ചില അധ്യാപകർ ഉത്തരവാദിത്വങ്ങൾ ഒന്നും ഏറ്റെടുക്കാതെ മിനിമം പ്രവർത്തനങ്ങളുമായി വിദ്യാലയ പ്രവർത്തനങ്ങളിൽ നിന്ന് പരമാവധി ഒഴിഞ്ഞുമാറുന്ന പ്രവണത കാണിക്കുന്നുണ്ട്. ഇത്തരം പ്രവണതകൾ സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കും. ചിലർ വർഷങ്ങളായി ഒരേ ഉത്തരവാദിത്വം മാത്രം നിർവഹിക്കുന്നു. മറ്റ് യാതൊരു ചുമതലകളും നിർവഹിക്കാൻ തയ്യാറാകുന്നില്ല. ഇത് ഉചിതമല്ല. അതിനാൽ ഏതാനും വർഷങ്ങൾക്കുശേഷം പുതിയ ചുമതലകൾ മാറിമാറി ഏൽപ്പിക്കുന്നത് അഭികാമ്യം ആയിരിക്കും.

അധ്യാപകർക്ക് എല്ലാവർക്കും പരമാവധി ഡ്യൂട്ടികൾ നൽകണം. ഒരു ഡ്യൂട്ടി ഒന്നിലധികം അധ്യാപകർക്ക് നൽകണം. പ്രധാന അധ്യാപകർ നൽകുന്ന ഡ്യൂട്ടികൾ എല്ലാവരും ഏറ്റെടുക്കണം. എനിക്കിത് പറ്റില്ല, ഞാൻ ചെയ്യില്ല എന്ന് പറയാൻ ആർക്കും അവകാശമില്ല. പ്രധാനാധ്യാപകർ ഏൽപിക്കുന്ന ഉത്തരവാദിത്വങ്ങൾ എല്ലാവരും ഏറ്റെടുത്ത് ചെയ്യാൻ ബാധ്യസ്ഥരാണ്. ഡ്യൂട്ടികൾ കാര്യമായി ലഭിക്കാത്ത അധ്യാപകരാണ് പലപ്പോഴും എല്ലാറ്റിനെയും വിമർശിച്ച് മടിയന്മാരായി മാറുന്നത്. അതിനാൽ പ്രധാനാധ്യാപകർ ഏൽപിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അധ്യാപകർ ഏറ്റെടുക്കേണ്ടതാണ്.

കഴിഞ്ഞ അധ്യയന വർഷം ചില അധ്യാപകർ തങ്ങളുടെ ഉത്തരവാദിത്വനിർവഹണത്തിൽ വീഴ്ച വരുത്തിയതായി വിദ്യാലയ വിലയിരുത്തൽ സമയത്ത് എനിക്ക് മനസ്സിലായി. ഡ്യൂട്ടി ലിസ്റ്റിൽ പേരും ചുമതലയും ഉണ്ട്. എന്നാൽ അധ്യയന വർഷാവസാനം വരെ യാതൊരു പ്രവർത്തനങ്ങളും നടത്താതെ അലസരായി വിദ്യാലയങ്ങളിൽ കഴിയുന്ന അധ്യാപകരെ തങ്ങളുടെ ചുമതലകളെക്കുറിച്ച് ബോധ്യപ്പെടുത്തണം. ഇപ്രകാരം ചുമതലകളിൽ നിന്ന് ഒഴിഞ്ഞുമാറുന്നവരെക്കുറിച്ചും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാത്തവരെക്കുറിച്ചുമുള്ള റിപ്പോർട്ട് പ്രധാനധ്യാപകർ കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കണം. വിദ്യാലയങ്ങളിലെ ഉത്തരവാദിത്വങ്ങൾ തങ്ങൾക്കിഷ്ടമുണ്ടെങ്കിൽ ഏറ്റെടുക്കുകയും നിർവഹിക്കുകയും ചെയ്യുന്ന പ്രവർത്തനശൈലികൾ തിരുത്തണം. അധ്യാപകർക്ക് നിർവഹിക്കാവുന്ന ഉത്തരവാദിത്വങ്ങൾ മാത്രമേ വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്നുള്ളു.

പ്രധാനധ്യാപകർ എല്ലാവരുടെയും പ്ലാനുകൾ ഒന്നിച്ചു ചേർത്ത് സ്കൂളിന്റെ മൊത്തം പ്ലാൻ തയ്യാറാക്കണം. സ്കൂളിലെ ചുമതല വിഭജനത്തെക്കുറിച്ച് പ്രധാനധ്യാപകരോട് ഞാൻ വ്യക്തിപരമായി നേരിൽ കണ്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷ കൊടുക്കേണ്ട സമയമായി. ഈ അധ്യയനവർഷം പല സ്കൂളുകളിലും സ്കൂൾ ഫിറ്റ്നസുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും ഉണ്ടായി.

അതിനാൽ താഴെ പറയുന്ന കാര്യങ്ങൾ പ്രധാനാധ്യാപകരും ഓഫീസ് സ്റ്റാഫും ശ്രദ്ധിച്ച് നടപ്പിലാക്കണം.

1. ഉടൻതന്നെ അടുത്ത വർഷത്തേക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കണം.

2. 2017-18 അധ്യയനവർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഓർഡറിലെ അളവുകൾ കൃത്യമാണോയെന്ന് പരിശോധിക്കണം.

3. 2017-18 ലെ സ്റ്റാഫ് ഫിക്സേഷൻ ഓർഡറിലെ അളവുകളിൽ തെറ്റുണ്ടെങ്കിൽ അതിലെ അപാകതകൾ പരിഹരിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.

4. ഹയർസെക്കണ്ടറികളും, ഹൈസ്കൂളുകളും തൊട്ടടുത്ത് പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഹയർസെക്കണ്ടറിക്ക് അത്യാവശ്യമുള്ള റൂമുകൾ

പ്രത്യേകമായി വേർതിരിച്ച് ഫിറ്റ്നസ്സ് എടുക്കുക. ബാക്കിയുള്ള പരമാവധി റൂമുകൾ ഹൈസ്കൂൾ വിഭാഗത്തിനായി മാറ്റിവച്ച് രേഖകൾ തയ്യാറാക്കി ഫിറ്റ്നസ് എടുക്കുക.

4. ഫിറ്റ്നസ്രേഖ ലഭിക്കുമ്പോൾ അതിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടോയെന്ന് പരിശോധിക്കണം.

5. സ്കൂളുകളിൽ പല ഭാഗങ്ങളിലായി ഉള്ള കെട്ടിടങ്ങൾ, റൂമുകൾ എന്നിവയുണ്ടെങ്കിൽ അവയുടെയെല്ലാം ഫിറ്റ്നസ് വാങ്ങണം.

## റീജണൽ കോർഡിനേറ്റർമാർ

വിവിധ വിദ്യാഭ്യാസ ഓഫീസുകളുമായി നല്ല ബന്ധം നമ്മുടെ വിദ്യാലയങ്ങൾ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. സഹകരണ മനസ്സോടെ പരസ്പര ധാരണയോടെ വിദ്യാലയ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോവുന്നതാണ് നമ്മുടെ സ്കൂളുകൾക്ക് സഹായകമാകുക. വിദ്യാഭ്യാസ ഓഫീസുകളുമായുള്ള ബന്ധം വളർത്തുന്നതിനും ഓരോ മേഖലയിലെയും പ്രധാനധ്യാപകരെ കോർഡിനേറ്റ് ചെയ്യുന്നതിനും പ്രധാനധ്യാപകരിൽ നിന്ന് ഏതാനും പ്രതിനിധികളെ 10/03/2018 ന് നടന്ന പ്രധാനധ്യാപക കോൺഫറൻസിൽ തിരഞ്ഞെടുത്തു.

| | |
|---|---|
| ഇരിട്ടി | - സ്റ്റാനി കെ എം - കുന്നോത്ത് യുപി |
| ഇരിക്കൂർ | - തോമസ് മാത്യു - ചന്ദനക്കാംപാറ യുപി |
| തളിപ്പറമ്പ് നോർത്ത് | - ബെന്നി മാത്യു - ഉദയഗിരി യുപി |
| ചിറ്റാരിക്കാൽ | - ബെൻസി ജോസഫ് - കാരുള്ളടുക്കം യുപി |
| കാഞ്ഞങ്ങാട് | - ടോം ജോസ് എൻ - തോമാപുരം എച്ച്എസ് |
| തളിപ്പറമ്പ് | - ആന്റോ സി എൽ - ചന്ദനക്കാംപാറ എച്ച്എസ് |
| തലശ്ശേരി | - ജോസഫ് വി ടി - കിളിയന്തറ എച്ച്എസ് |

### റിട്ടയേർഡ് ടീച്ചേഴ്സ്

നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനും അക്ഷീണം യത്നിച്ച് സർക്കാർ നിയമപ്രകാരം സർവ്വീസ് പൂർത്തിയാക്കി വിശ്രമജീവിതം നയിക്കുന്ന അധ്യാപകരെ നാം ഓർമ്മിക്കണം. സ്കൂളിലെ പ്രധാന ആഘോഷ പരിപാടികൾക്ക് അവരെ ക്ഷണിക്കണം. അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നത് ഇളം തലമുറക്ക് ഉപകാരപ്രദമാകും.

റിട്ടയർ ചെയ്ത എല്ലാ അധ്യാപകരുടെയും ഫോൺനമ്പർ, അഡ്രസ്സ് (പിൻകോഡ് സഹിതം) എന്നിവ ശേഖരിക്കണം. മരിച്ചുപോയവരുടെ പേരിനു

നേരെ RIP എന്ന് സൂചിപ്പിക്കണം. റിട്ടയർ ചെയ്ത അധ്യാപകരിൽ ആരെങ്കിലും മരിച്ചാൽ ഉടൻ തന്നെ കോർപ്പറേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്. റിട്ടയർ ചെയ്തവരുടെ ലിസ്റ്റ് കോർപ്പറേറ്റ് ഓഫീസിൽ തന്നത് പരിശോധിച്ച് അപൂർണ്ണമെങ്കിൽ പൂർണ്ണമാക്കണം. സ്കൂൾ ചരിത്രപുസ്തകത്തിൽ റിട്ടയർ ചെയ്തവരുടെ പേരുകൾ ഉൾപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് പ്രധാനാധ്യാപകർ വളരെ സൂക്ഷ്മതയോടെ ഈ ഉത്തരവാദിത്വം നിർവ്വഹിക്കണം. ആരുടെയെങ്കിലും പേര് വിട്ടുപോയാൽ അത് പരാതികൾക്ക് ഇടയാകും. ചില സ്കൂളുകളിൽനിന്ന് തന്ന ലിസ്റ്റിൽ ആ സ്കൂളിൽനിന്ന് റിട്ടയർ ചെയ്ത ബഹു. സിസ്റ്റേഴ്സിന്റെ പേരില്ല. റിട്ടയർ ചെയ്തവരുടെ ലിസ്റ്റിൽ പ്രധാന അധ്യാപകരായിരുന്നവരുടെ പേരിനു നേരെ എച്ച്.എം എന്ന് രേഖപ്പെടുത്തണം.

**മെയിന്റനൻസ് ഗ്രാന്റ്**

മാർച്ച് മാസം അവസാനമായതോടെ പല സ്കൂളുകളിലും മെയിന്റനൻസ് ഗ്രാന്റ് ലഭിച്ചു തുടങ്ങി. എല്ലാ പ്രധാനാധ്യാപകരും അതത് സ്കൂളിനുള്ള മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് തുക 2017-18 ലെയും ഏതെങ്കിലും മുൻവർഷങ്ങളിലെയും കിട്ടാനുണ്ടെങ്കിൽ അക്കാര്യം കോർപ്പറേറ്റ് ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ മെയിന്റനൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിദ്യാഭ്യാസ ഓഫീസർമാരോട് ചോദിച്ചറിഞ്ഞ് അടിയന്തിരമായി നടപ്പിലാക്കണം. ചില സ്കൂളുകളിൽ അശ്രദ്ധയോടെ അപേക്ഷകൾ കൈകാര്യം ചെയ്തതുകൊണ്ട് മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ മടങ്ങിയതായി അറിയുന്നു. ഇത് ആവർത്തിക്കരുത്. അപേക്ഷ ജാഗ്രതയോടെ തയ്യാറാക്കി എത്രയും പെട്ടന്ന് സ്കൂളിന് ലഭിക്കേണ്ട തുക ലഭ്യമാക്കണം.

ബഹു. ലോക്കൽ മാനേജരച്ചൻ സ്കൂളിന്റെ പേരിൽ ഓപ്പറേറ്റ് ചെയ്യുന്ന അക്കൗണ്ട് ഉണ്ടെങ്കിൽ പ്രസ്തുത അക്കൗണ്ടിൽ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിക്കാൻ വിദ്യാഭ്യാസ ഓഫീസിൽനിന്ന് അനുവദിച്ചാൽ ആ അക്കൗണ്ട് നമ്പർ അപേക്ഷയിൽ എഴുതുന്നതാണ് നല്ലത്. ഇല്ലെങ്കിൽ കോർപ്പറേറ്റ് ഓഫീസിൽ വിളിച്ച് അക്കൗണ്ട് നമ്പറും ഐ.എഫ്.സി കോഡും വാങ്ങിച്ച് അപേക്ഷയിൽ ഉൾപ്പെടുത്തുക.

മുൻവർഷങ്ങളിൽ മെയിന്റനൻസ്ഗ്രാന്റ് ലഭിക്കാത്തവർ എ.ഇ.ഒ/ഡി.ഇ.ഒ പാസാക്കിയ ഓർഡറിന്റെ കോപ്പി സഹിതം അപേക്ഷ തയ്യാറാക്കി ഓഫീസിൽ എത്തിക്കുക.

## റിട്ടയർമെന്റ് ലിസ്റ്റ് 2017–2018

| Sl No. | Name of Employee | Designation, School |
|---|---|---|
| 1 | Mathew Xavier | Principal, Thomapuram St.Thomas H.S.S |
| 2 | Jose Joseph | Principal, Kilianthara St.Thomas H.S.S |
| 3 | Mathew K.A | HM (HS), Karikkottakary St.Thomas H.S. |
| 4 | Raju Joseph | HM (HS), Vayattuparamba St.Joseph's H.S. |
| 5 | Helen Joseph | HM (HS), Vellarikundu St.Jude's H. S. |
| 6 | Thomas K M | HM (HS), Cherupuzha St.Mary's H.S. |
| 7 | Francis .P.P. | HM (HS), Kunnoth St.Joseph's H.S. |
| 8 | George Abraham | HM (HS), Nellikutty St.Augustine's H.S. |
| 9 | Sunny George | HM (HS), Palavayal St.John's H.S. |
| 10 | Joy P. C | HM (HS), Therthally Marygiri H.S. |
| 11 | James C J | HM (HS), Sacred Heart HS Angadikadavu |
| 12 | Valsamma C S | HM, Kappad St.Sebastian's U.P.S |
| 13 | Thankam C A | HM, Thondiyil St.John's U.P.S |
| 14 | Mathews Mathew V | HM, Karikkottakary St. Thomas U.P. S |
| 15 | Baby Joseph | HM, Karulladakkam St. Joseph's U.P.S |
| 16 | Thankachan V.M | HM, Chandanakampara Cherupushpa ALPS |
| 17 | Thresiamma K.U | HM, Charal St. Sebastian's L.P.S |
| 18 | Sebastian K.V | HM, Adichuvary Nirmala L.P.S |
| 19 | Sr. Mary Augustine | HM, Thabore St.Joseph's L.P.S |
| 20 | Mathai K.J. | HM, Chemperi Nirmala U.P.S |
| 21 | Sr. Salimma Abraham | HM, Mandapam St. Joseph's A.U.P.S |
| 22 | Sr. Achamma Thomas | HM, Vilakkannur Queen Mary L.P |
| 23 | Gracy Joseph | HM, Manhalampuram U.P.S |
| 24 | Jose K J | HSST Polit. Sci,Velimanam St.Sebastians H.S.S |
| 25 | Mary P A | HSST Hindi, Vellarikundu St.Jude's H.S.S |
| 26 | Tomy. V.K. | HSA (Maths), Kudianmala Mary Queen's H.S. |
| 27 | Alice Mathew | HSA (Maths), Peravoor St.Joseph's H.S. |
| 28 | Thresiamma A.J | HSA (Maths), Vayattuparamba St.Joseph's H.S. |
| 29 | Betty Alex .V. | HSA (Maths), Angadikadavu Sacred Heart H.S. |
| 30 | Jacob Mathew | HSA (English), Chempanthotty St.George H.S. |
| 31 | Sr. Elsamma M.J | HSA (English), Vellarikundu St.Jude's H.S. |
| 32 | Sr. Mary. T.C | HSA (English),Pulikurumba St.Joseph's H.S. |
| 33 | Sr. Agnes. A.L. | HSA (Malayalam),Chemperi Nirmala H.S. |
| 34 | Devakikutty A.P | HSA (,,), Cherupuzha St.Mary's H.S. |
| 35 | Annamma V. G | HSA (Hindi), Cherupuzha St.Mary's H.S. |

| | | |
|---|---|---|
| 36 | Gresiamma Joseph | HSA (SS), Vellarikundu St.Jude's H.S. |
| 37 | Elamma Sebastian | HSA (SS), Kudianmala Mary Queen's H.S. |
| 38 | Jessy Abraham - VRS-31-10-17 | HSA (NS), Angadikadavu Sacred Heart H.S. |
| 39 | Lissamma Scaria | HSA (NS), Vellarikundu St.Jude's H.S. |
| 40 | Stella Thomas | HSA (NS), Edoor St.Mary's H.S. |
| 41 | Philomina KT | HSA (PS), Chemperi Nirmala H.S. |
| 42 | Asokan E V | HSA (PS), Chemperi Nirmala H.S. |
| 43 | Shiney Joseph | HSA (PS), Kunnoth St.Joseph's H.S. |
| 44 | Mary Paulose | NW, Cherupuzha St. Mary's H.S. |
| 45 | Rosamma P V | NW, Nirmala HS Chemperi |
| 46 | Baby. A.P | Music/Drawing, Velimanam St.Sebastian's H.S. |
| 47 | Ansamma Philip | Music/Drawing, Cherupuzha St.Mary's H.S. |
| 48 | Baby T.T. | Music/Drawing, Angadikadavu Sacred Heart H.S. |
| 49 | Thomas K A | Music/Drawing, Paisakari Devamatha H.S. |
| 50 | Sr.Annama Joseph | UPSA, Veerpad St. Sebastian's U.P.S |
| 51 | Elsamma Augustine | UPSA, Pulikurumba St. Joseph's U.P.S |
| 52 | Sr.Valsamma P P | UPSA, Mattara Charis U.P.S |
| 53 | Mary K A | UPSA, Nellikutty Gandhi Memorial A.U.P.S |
| 54 | Chinnamma T.K | UPSA, Chempanthotty Cherupushpam U.P.S |
| 55 | Mary A.P | UPSA, Veerpad St.Sebastian's U.P.S |
| 56 | Athaulla.M | JLT (Arabic), Kunnoth St. Joseph's U.P. S |
| 57 | Rosamma Kavumkal | JLT (Hindi), Paisakari St. Mary's U. P. S |
| 58 | Sr.Alice M P | LPSA, Kappad St.Sebastian's U.P.S |
| 59 | Sherly Jacob | LPSA, Bheemanady Vimala A.L.P.S |
| 60 | Mary K K | LPSA, Kalluvayal St. Antony's A.L.P.S |
| 61 | Gracykutty K.C | LPSA, Angadikadavu Sacred Heart U.P.S |
| 62 | Gracy Thomas M | LPSA, Charal St. Sebastian's L.P.S |
| 63 | Lissyamma P Cherian | LPSA, Manikkadavu St.Thomas U.P.S |
| 64 | Ancy Joseph | LPSA, Udayagiri Prathyasa U.P.S |
| 65 | Thomas. P. J. | LPSA, Udayagiri Prathyasa U.P.S |
| 66 | Leesamma Varkey | LPSA, Edoor St.Mary's L.P.S |
| 67 | Joy M K | Lab Attender, Velimanam St.Sebastians H.S.S |
| 68 | Devi K P | Office ,, Perumpadavu B.V.J.M H.S. |
| 69 | Joy Thomas | Office ,, Paisakari Devamatha H.S. |

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

**സാൻജോസ് മെട്രോപോളിറ്റൻ അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്**

**ഫോൺ : 8281750777 , 8281730777**

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സ്നേഹ. ബഹു. അച്ചന്മാരേ, പ്രിയ സുഹൃത്തുക്കളെ,

**സാൻജോസ് അക്കാഡമി**യുടെ ഔദ്യോഗികമായ ഉദ്ഘാടനം **മെയ് 22-ാം തിയതി 2.00 മണിക്ക് ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ** വച്ച് തലശ്ശേരി അതിരൂപതയുടെ മെത്രപ്പോലിത്താ മാർ ജോർജ് ഞരളക്കാട്ട് പിതാവ് നിർവഹിക്കുകയാണ്. അതിരൂപതയുടെ ഉപരിപഠന മേഖലയുടെ വൻ സ്വപ്നമായ ഈ പ്രസ്ഥാനത്തിന് വർണ്ണാഭമായ തുടക്കം കുറിക്കപ്പെടുന്ന ഈ മഹനീയ വേളയിലേക്ക് ഏവരെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

## 1. KTET, NET, SET Exam Crash Coaching

**a) NET, SET Exam Crash Coaching** - പോസ്റ്റ് ഗ്രാജ്യുവേഷൻ കഴിഞ്ഞവരോ അവസാന വർഷം പഠിച്ചുകൊണ്ടിരിക്കുന്നവരുമായ വ്യക്തികൾക്ക് ജൂലായ് 8-ാം തിയതി നടത്തപ്പെടുന്ന **NET** പരീക്ഷയ്ക്ക് ഒരുക്കമായി ജനറൽ പേപ്പറിന്റെ ക്രാഷ് കോച്ചിംങ് 2018 മെയ് 21-30 വരെ ഇരിട്ടി സെന്റ് ജോസഫ്സ് ദേവാലയ ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10.00 മണിമുതൽ 4.00 മണിവരെ നടത്തപ്പെടുന്നതാണ്. പ്രഗല്ഭ അദ്ധ്യാപകർ ക്ലാസുകൾ നയിക്കുന്നതായിരിക്കും. സീറ്റുകളുടെ എണ്ണം 100 മാത്രം. ഫീസ് 3000 രൂപ. മെയ് 10 നു മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**രജിസ്ട്രേഷൻ കേന്ദ്രം:** സാൻജോസ് അക്കാഡമി, സന്ദേശഭവൻ, Ph: 8281750777, 8281730777

**b) KTET Exam Coaching** - ഈ വരുന്ന ആഗസ്റ്റ് മാസത്തിൽ KTETപരീക്ഷ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2019 ജൂൺ മുതൽ KTET അധ്യാപക നിയമനത്തിന് നിർബന്ധ മാനദണ്ഡം ആക്കുകയാണ്. KTET പരീക്ഷാവിജയത്തിന്റെ സഹായത്തിനായി സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പരീക്ഷാപരിശീലനങ്ങൾ നടന്നുകൊണ്ടി രിക്കുകയാണ്. KTET പരിശീലനം **2018 ഏപ്രിൽ 9 മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ**വച്ച് ആരംഭിച്ചു. പ്രഗത്ഭ അധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു. ആദ്യബാച്ചിൽ ഇരുപതോളം

വിദ്യാർത്ഥികൾ പഠിതാക്കളായി പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിനു പിന്തുണ നൽകികൊണ്ടിരിക്കുന്ന ഏവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. ഈ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ വച്ച് ബഹു.ജോസഫ് മഞ്ചപ്പള്ളിയച്ചൻ നിർവഹിച്ചു. ഈ പരിപാടിയുമായി സഹകരിക്കുന്ന ഏവർക്കും നന്ദി.

### 3. സാൻജോസ് സ്മാർട്ട് (SANJOSE SMART)
### കുട്ടികൾക്കുവേണ്ടിയുള്ള പരിശീലന ശില്പശാലകൾ

**a) The leader -** ആദ്യസംരംഭമായി നമ്മുടെ അതിരൂപതയിലെ ആറാം ക്ലാസു മുതൽ ഒൻപതാം ക്ലാസു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 09-05-2018 (ബുധൻ) വൈകുന്നേരം 4.00 മണി മുതൽ 12-05-2018 (ശനി) 1.00 മണി വരെ നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന ശില്പശാല തലശ്ശേരി സന്ദേശഭവനിൽ വച്ച് The leader എന്ന പേരിൽ നടത്തപ്പെടുന്നു. സീറ്റുകൾ 80 പേർക്ക് മാത്രം. പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റേഷൻ ഫീസ് 500/ രൂപ.

**b) തൂലിക 2018** - പുത്തൻ തലമുറയിലെ കുഞ്ഞുങ്ങളുടെ സാഹിത്യ-അഭിനയ വാസനകളെ വളർത്തിയെടുക്കുവാനായി സാൻജോസ് അക്കാഡമിയുടെയും, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും, ചെറുപുഷ്പ മിഷൻലീഗിന്റെയും സംയുക്താഭിമുഖ്യത്തിൽ അതിരൂപതയിലെ V- X വരെ ക്ലാസുകളിൽ പഠിക്കുന്ന 80 കുട്ടികൾക്ക് പടന്നക്കാട് റീജണൽ പാസ്റ്ററൽ സെന്ററിൽവച്ച് സാഹിത്യ അഭിനയ ശില്പശാല സംഘടിപ്പിക്കുന്നു. പരിശീലന തീയതി : 15-05-2018 ചൊവ്വ 2.30 pm മുതൽ 17-05-2018 വ്യാഴം 1.00 pm വരെ. രജിസ്ട്രേഷൻ ഫീസ് 500/ രൂപ.

ബഹു. അച്ചൻമാരും സിസ്റ്റേഴ്സും മതദ്ധ്യാപകരും ഈ പരിപാടിയുടെ വിജയത്തിനായി കുഞ്ഞുങ്ങളെ ഇടവകകളിൽ നിന്ന് പറഞ്ഞയയ്ക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. പേരുകൾ സാൻജോസ് അക്കാഡമിയുടെ ഓഫീസിലോ ചെറുപുഷ്പ മിഷൻലീഗിന്റെ ഓഫീസിലോ നൽകാവുന്നതാണ്.

***രജിസ്ട്രേഷൻ കേന്ദ്രം:*** *സാൻജോസ് അക്കാഡമി, സന്ദേശഭവൻ, ഫോൺ: 8281750777, 8281730777*

### നന്ദിപൂർവ്വം

സാൻജോസ് അക്കാദമിയുടെ പ്രഥമ സംരഭങ്ങളിൽ ഒന്നായ ബ്രിഡ്ജ് പ്ലസിന്റെ ഔദ്യോഗികമായ ഉദ്ഘാടനം 16-04-2018 തിങ്കളാഴ്ച കുന്നോത്ത്

സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ പിതാവ് മാർ ജോസഫ് പാംപ്ലാനി ഔദ്യോഗികമായി നിർവഹിച്ചു. മലബാറിലെ വിദ്യാഭ്യാസ രംഗത്തിന് ദിശാബോധം നൽകിയ തലശ്ശേരി അതിരൂപതയുടെ ഇക്കാലഘട്ടത്തിലെ ഏറ്റവും നിർണായകമായ ചുവടുവയ്പ്പാണ് സാൻജോസ് അക്കാഡമി എന്ന് അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു. കേരളത്തിലെ എൻട്രൻസ് രംഗത്ത് മികച്ച ഒരു സ്ഥാപനമായി സാൻജോസ് അക്കാഡമി മാറട്ടെയെന്നും അഭിവന്ദ്യ പിതാവ് ആശംസിച്ചു. ചടങ്ങിൽ കുന്നോത്ത് ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് ചാത്തനാട്ട് അധ്യക്ഷത വഹിച്ചു. മാതാപിതാക്കൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള കരിയർഗൈഡൻസ് ക്യാമ്പ് ജുവനൈൽ ജസ്റ്റിസ് ചെയർമാൻ ശ്രീ. മാത്യു തെളിയിൽ നിർവഹിച്ചു. കുന്നോത്ത് പ്രൻസിപ്പാൾ ശ്രീ. തോമസ് അപ്രേം ആശംസയർപ്പിച്ച് സംസാരിച്ചു. ബഹു. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തോമാപുരം ബ്രിഡ്ജ് പ്ലസിന്റെ ഔദ്യോഗിക ഉദ്ഘാടനം ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ നിർവഹിച്ചു. രണ്ടു സെന്ററുകളിലായി അൻപതോളം വിദ്യാർത്ഥികൾ ബ്രിഡ്ജ് പ്ലസിന്റെ ആദ്യ ബാച്ചിൽ ചേർന്നു പഠിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രോഗ്രാമിന്റെ വിജയത്തിനുവേണ്ടി സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ ഏവരുടെയും സഹായ സഹകരണങ്ങൾ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## ബി.ടെക്, എം.ടെക് അഡ്മിഷൻ 2018

പ്ലസ്ടു പരീക്ഷയും, കേരളാ എൻട്രൻസ് പരീക്ഷയും എഴുതി റിസൾട്ട് കാത്തിരിക്കുന്ന നമ്മുടെ കുട്ടികൾക്ക് വിമൽ ജ്യോതിയിൽ എൻജിനീയറിംഗ് അഡ്മിഷന് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. കുട്ടികൾ ആഗ്രഹിക്കുന്ന ബ്രാഞ്ചിൽ സീറ്റ് ഉറപ്പുവരുത്തുന്നതിന് എസ്.എസ്.എൽ.സി, പ്ലസ് വൺ പരീക്ഷകളുടെ മാർക്ക്ഷീറ്റുമായി രക്ഷാകർത്താവിനോടൊപ്പം കോളേജിൽ വരിക. എൻ.ബി.എ അക്രഡിറ്റേഷൻ ഇല്ലാത്ത കോളേജുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ പല വിദേശ രാജ്യങ്ങളും ഇപ്പോൾ അംഗീകരിക്കുന്നില്ല എന്നാണ് അറിയുന്നത്. കോളേജിന് എൻ.ബി.എ അക്രഡിറ്റേഷൻ ലഭിച്ച വിവരം അറിവുള്ളതാണല്ലോ. ഫീസ് 2 ഗഡുക്കളായി അടയ്ക്കുവാനുള്ള സൗകര്യവും ഉണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും നൽകുന്നതാണ്. കേരളാ എൻട്രൻസ് പരീക്ഷ എഴുതാത്ത വിദ്യാർത്ഥികൾക്ക് ചങ്ങക ക്വോട്ടയിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. വിമൽ ജ്യോതിയിൽ 6 ബ്രാഞ്ചുകളിൽ എം.ടെക് കോഴ്സുകൾ നിലവിലുണ്ട്. എം.ടെക് അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് നേരിട്ട് കോളേജിൽ എത്തി അഡ്മിഷൻ എടുക്കാവുന്നതാണ്.

## സ്കോളർഷിപ്പുകൾ

a) 2018ലെ ബി.ടെക് അഡ്മിഷനോടനുബന്ധിച്ച് വിവിധ സ്കോളർഷിപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.

| ELIGIBILITY* (Kerala Entrance Score) | SCHOLARSHIP & STIPEND |
|---|---|
| Rank 1-7000 | Government Fee |
| Rank 7001-10000 | ₹30,000 /- Tuition Fee free per year |
| Rank 10001-20000 | ₹ 20,000 /- (4 year) as stipend |

കൂടുതൽ വിവരങ്ങൾക്ക് www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

b) **ബി.ടെക് 2018 RCD സ്കോളർഷിപ്പ്** : നിർദ്ദിഷ്ട ഫോമിൽ അപേക്ഷിക്കുന്നവർക്ക് 1 ലക്ഷം രൂപയുടെ റീഫണ്ടബിൾ കോഷൻ ഡെപ്പോസിറ്റ് ഒഴിവാക്കിയിരിക്കുന്നു.

c) **പേട്രൺസ് സ്കോളർഷിപ്പ് 2018 (മലബാറിലെ എല്ലാ കത്തോലിക്കാ കുട്ടികൾക്കും)** : 2018-19 വർഷം വിമൽ ജ്യോതിയിൽ ബി.ടെക്കിന് ചേരുന്ന മലബാർ റീജിയണിൽ ഉള്ള എല്ലാ കത്തോലിക്കാ വിദ്യാർത്ഥികൾക്കുമായി കോളേജ് രക്ഷാധികാരിയായ അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവ് ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ്. വികാരിയച്ചന്മാരും / ഹോസ്റ്റൽ

വാർഡന്മാരും ശുപാർശ ചെയ്യുന്ന കത്തോലിക്കാ കുട്ടികൾക്ക് ഓരോ വർഷ വും ട്യൂഷൻ ഫീസിൽ 5000 രൂപ വീതം ഇളവ്. (Rs. 5000x4 = 20000)

d) **എം.ബി.എ. 2018 സ്കോളർഷിപ്പ്**

| | |
|---|---|
| ₹ 40000/course | For 20 students scoring above 70% for degree |
| ₹ 10000 (one time) | For 20 students scoring highest in KMAT who attended the FREE KMAT COACHING at our campus |

## എം.ബി.എ. അഡ്മിഷൻ

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. എൻട്രൻസ് യോഗ്യതാ പരീക്ഷ പാസ്സാകാത്ത ബിരുദധാരികൾ 2018 ജൂണിൽ നടക്കുന്ന പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

## വിമൽ ജ്യോതി എം.ബി.എ കോളേജിൽ SPSS ശില്പശാല

കോയമ്പത്തൂർ എൻ.ജി.പി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊഫസർ ഡോ.എസ്. മോഹനവേൽ നേതൃത്വം നൽകുന്ന സ്റ്റാറ്റിസ്റ്റിക്കൽ പാക്കേജ് ഫോർ സോഷ്യൽ സയൻസസ് (SPSS) ശില്പശാല ഏപ്രിൽ 25,26 തീയതികളിൽ വിമൽ ജ്യോതി എം.ബി.എ കോളേജിൽ നടത്തപ്പെട്ടു.

## വിമൽ ജ്യോതി എം.ബി.എ കോളേജ് – പ്ലേസ്മെന്റ് വാർത്ത

കാത്തലിക് സിറിയൻ ബാങ്ക്, ടെക്നോപാർക്ക് തിരുവനന്തപുരം, ICICI പ്രുഡൻഷ്യൻ എന്നീ സ്ഥാപനങ്ങളിൽ 20ഓളം വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

## എൻജിനീയറിംഗ് – പ്ലേസ്മെന്റ് വാർത്തകൾ

- ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന (LAKHOTIA) എന്ന മെക്കാനിക്കൽ കോർകമ്പനി 13.04.2018ന് വിമൽ ജ്യോതി ക്യാമ്പസിൽ നടത്തിയ റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 3 കുട്ടികൾക്ക് ജോലി ലഭിച്ചു.
- പ്രമുഖ ഐ.റ്റി സപ്പോർട്ട് സർവ്വീസസ് കമ്പനിയായ CMS IT Services ന്റെ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 5 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- യു.എസ് ബേസ്ഡ് ഐ.റ്റി. സർവ്വീസസ് കമ്പനിയായ Preludesys ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും 7 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും ചെയ്തു.
- ക്യാബോട്ട് ടെക്നോളജീസ്, ന്യൂഡെസിക് എന്നീ പ്രമുഖ കമ്പനികളുടെ പൂൾ ഡ്രൈവിൽ വിമൽ ജ്യോതിയിലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി.

## ഹൈസ്കൂൾ,ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് സമ്മർ @ വിമൽ ജ്യോതി

ഏപ്രിൽ 17,18 തീയതികളിൽ 8,9,10 ക്ലാസ്സുകളിലെ കുട്ടികൾക്കായി വിമൽ ജ്യോതിയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ ദ്വിദിന പരിപാടി സംഘടിപ്പിച്ചു. ക്യാമ്പിൽ കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നിന്നായി 260 കുട്ടികൾ പങ്കെടുത്തു.

## ദ്വിദിന ഗണിതശാസ്ത്ര പഠനകളരി – Be2 2k18 : May 11-12

ഗണിതശാസ്ത്ര പഠനം എങ്ങനെ എളുപ്പവും രസകരവുമാക്കാം എന്നതിനെക്കുറിച്ച് മെയ് 11,12 തീയതികളിലായി ദ്വിദിന ശില്പശാല സംഘടിപ്പിക്കുന്നു. പ്രഗത്ഭരായ ഗണിതശാസ്ത്ര അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. മെയ് മാസം 5–ാം തീയതിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കാണ് അവസരം ലഭിക്കുക. ഈ വർഷം 10–ാം ക്ലാസ്സ് കഴിഞ്ഞവർക്കും +2 വിലേക്ക് പ്രവേശനം ലഭിച്ചവർക്കുമാണ് സംബന്ധിക്കാവുന്നത്. (ഫീസ് 250 രൂപ. ഭക്ഷണം ഉൾപ്പെടെ)

### വിമൽ ജ്യോതി അഡ്മിഷൻ – വികാരിയച്ചൻ അറിയാൻ

നമ്മുടെ ഇടവകക്കാരായ കത്തോലിക്ക കുട്ടികൾക്ക് ഈ വർഷം ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ:

- ☞ ഈ വർഷം അഡ്മിഷൻ എടുക്കുന്ന നമ്മുടെ കുട്ടികൾ എല്ലാവർക്കും 20000/- രൂപ വരെ ട്യൂഷൻ ഫീസിൽ ഇളവ്. (5000X4=20000)
- ☞ ഇലക്ട്രിക്കൽ (EEE), ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ECE), ഇൻസ്ട്രുമെന്റേഷൻ (AEI) എന്നീ ബ്രാഞ്ചുകളിൽ അഡ്മിഷൻ എടുക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കത്തോലിക്കരായ കുട്ടികൾക്ക് ട്യൂഷൻ ഫീസിൽ പ്രത്യേക ഇളവ്.
- ☞ വിമൽ ജ്യോതിയിൽ അഡ്മിഷൻ സമയത്ത് ഉണ്ടായിരുന്ന ഒരു ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് (RCD) ഈ വർഷം ഒഴിവാക്കിയിരിക്കുന്നു.
- ☞ കുട്ടികളുടെ പഠനകാര്യത്തിലും സ്വഭാവ രൂപീകരണത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തുന്ന നമ്മുടെ അതിരൂപതയുടെ കോളേജിൽ കത്തോലിക്കരായ നമ്മുടെ കുട്ടികളെ ചേർക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.
- ☞ മേൽപറഞ്ഞിരിക്കുന്ന സ്കോളർഷിപ്പ് ലഭിക്കാൻ നിർദ്ദിഷ്ട ഫോമിൽ വികാരിയച്ചന്മാരുടെ ശുപാർശകത്ത് സമർപ്പിക്കേണ്ടതാണ്.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## നിർമ്മലഗിരിക്ക് വിജയത്തിളക്കം

കേന്ദ്ര മാനവ വിഭവ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിംവർക്കിന്റെ (NIRF) ദേശീയ റാങ്കിങ്ങിൽ രാജ്യത്തെ ഏറ്റവും മികച്ച നൂറു കോളേജുകളിൽ ഒന്നായി നിർമ്മലഗിരി തിരഞ്ഞെടുക്കപ്പെട്ടു. 87-ാം സ്ഥാനം കരസ്ഥമാക്കിയ നിർമ്മലഗിരി റാങ്കിംഗ് പട്ടികയിൽ സ്ഥാനം നേടിയ കേരളത്തിലെ 17 കോളേജുകളിൽ ഒന്നാണ്. ഉത്തരമലബാറിൽ നിന്നും റാങ്കിംഗ് പട്ടികയിൽ സ്ഥാനം നേടിയ ഏക കോളേജ് എന്ന ബഹുമതിയും നിർമ്മലഗിരിക്ക് സ്വന്തം അധ്യാപകരായ ഡോ. ജോജി കുര്യൻ, ഡോ. സിബി ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിലാണ് റാങ്കിംങിനായുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയത്.

## ഡോ. എൻ.ജെ. സെലിന വിരമിക്കുന്നു.

54 വർഷത്തെ നിർമ്മലഗിരി കോളെജിന്റെ ചരിത്രത്തിലെ ആദ്യത്തെ വനിതാ പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലിന വിരമിക്കുന്നു. 1995ൽ പി.എച്ച്.ഡിയോടുകൂടി ഇക്കോണോമിക്സ് വിഭാഗം അധ്യാപികയായി ജോലിയിൽ പ്രവേശിച്ച ഡോക്ടർ എൻ.ജെ. സെലിന കഴിഞ്ഞ രണ്ടു വർഷമായി കോളെജിന്റെ പ്രിൻസിപ്പലാണ്. കണ്ണൂർ സർവ്വകലാശാല ഇക്കണോമിക്സ് വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, ഡോക്ടറൽ കമ്മിറ്റി അംഗം, റിസർച്ച് ഗൈഡ് എന്നീ നിലകളിലും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ആദിവാസി ക്ഷേമരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിലെ ആദിവാസികളുടെ ആരോഗ്യവിദ്യാഭ്യാസ പ്രശ്നങ്ങളെ പഠന വിധേയമാക്കി പുസ്തകരചന നടത്തുകയും യു.ജി.സി., ഐസിഎസ്എസ്ആർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോടെ നിരവധി ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുകയും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡോ. സെലീനയുടെ മേൽനോട്ടത്തിൽ 4 പി.എച്ച്.ഡി. പ്രബന്ധങ്ങൾ സമർപ്പിക്കപ്പെടുകയും നിലവിൽ 6 പേർ ഗവേഷണത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ടുവർഷമായി പാഠ്യപാഠ്യേതര രംഗങ്ങളിൽ വലിയ മുന്നേറ്റമുണ്ടാക്കുവാൻ കോളെജിന് സാധിച്ചിട്ടുണ്ട്. 2018 ലെ കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ രാജ്യത്തെ മികച്ച 100 കോളെജുകളുടെ പട്ടികയിൽ 87-ാം സ്ഥാനം കരസ്ഥമാക്കുവാൻ കോളെജിന്

സാധിച്ചത് അഭിമാനാർഹമായ നേട്ടമാണ്. കേരളത്തിൽനിന്ന് 15 കോളെജുകൾ ഇടംപിടിച്ച ഈ പട്ടികയിൽ കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ഏക കോളെജാണ് നിർമ്മലഗിരിയെന്നുള്ളതും ശ്രദ്ധേയമാണ്. 2017ൽ നടന്ന 3-ാം നാക് അക്രഡിറ്റേഷനിൽ ഉയർന്ന ഗ്രേഡ് പോയിന്റോടെ എ ഗ്രേഡ് നിലനിർത്തുന്നതിന് നേതൃത്വം നല്കി. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ മൂന്നാം അക്രഡിറ്റേഷന് വിധേയമായ കോളെജുകളിൽ ഉയർന്ന ഗ്രേഡ് പോയിന്റാണ് കോളെജിന് ലഭിച്ചത്.

തികഞ്ഞ അച്ചടക്കത്തോടെ പ്രവർത്തിക്കുന്ന കോളെജിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം സമ്പ്രദായം നടപ്പാക്കുന്നതിൽ മുൻകൈയ്യെടുത്തു. കഴിഞ്ഞ രണ്ടുവർഷമായി വിദ്യാർത്ഥിസമരംമൂലം അധ്യയനദിവസങ്ങളൊന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ലെന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്. വിദ്യാർത്ഥികളുടെ ന്യായമായ പ്രതിഷേധ പ്രകടനങ്ങൾക്ക് അവസരം അനുവദിച്ചുകൊണ്ടുതന്നെയാണ് ഇത് സാധ്യമാക്കിത്തീർത്തത്. വിദ്യാർത്ഥികൾക്ക് എപ്പോൾ വേണമെങ്കിലും സ്വന്തം ഹാജർനില പരിശോധിക്കുന്നതിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം ഏർപ്പെടുത്തിയതിലൂടെ ഹാജർനിലയിൽ അഭൂതപൂർവമായ പുരോഗതി കൈവരിക്കുവാൻ ശക്തമായ നേതൃത്വം നല്കി. മുഴുവൻ വിദ്യാർത്ഥികൾക്കും അധ്യാപക അനധ്യാപകർക്കും ഇൻഷൂറൻസ് പരിരക്ഷ ഏർപ്പെടുത്തി. സംസ്ഥാനതലത്തിൽ കോളെജ് വിദ്യാർത്ഥികൾക്കുവേണ്ടി ബിഷപ്പ് വള്ളോപ്പിള്ളി മെമ്മോറിയൽ എവർറോളിംങ് ട്രോഫിക്കുവേണ്ടിയുള്ള ക്വിസ് മത്സരത്തിന് തുടക്കമിട്ടു. യു.ജി.സി. ധനസഹായത്തോടെയുള്ള മൾട്ടിജിംനേഷ്യം, മഴവെള്ള സംഭരണി, ഗവേഷണരംഗത്ത് അത്യാധുനിക സംവിധാനങ്ങൾ മുതലായ നേട്ടങ്ങളും കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കോളെജിന് ഉണ്ടായിട്ടുണ്ട്.

തലശ്ശേരി അതിരൂപത എഡ്യുക്കേഷനൽ ബോർഡ് അംഗമായും പ്രവർത്തിക്കുന്ന ഡോ. എൻ.ജെ. സെലീന രൂപതാവിദ്യാഭ്യാസ സൊസൈറ്റി ഡയറക്ടർ ബോർഡ് മെമ്പറായും ആഗോള സീറോമലബാർ സഭയുടെ 2016 അസംബ്ലിയിലെ അല്മായ പ്രതിനിധിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

23 വർഷം നമ്മുടെ കോളെജിൽ ധനതത്വശാസ്ത്ര അധ്യാപികയായും രണ്ടുവർഷം പ്രിൻസിപ്പലായും സ്തുത്യർഹമാംവിധം സേവനമനുഷ്ഠിച്ച സെലീന ടീച്ചറിനെ തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## കുന്നോത്ത് മേഖലാ സമ്മേളനം

മദ്യവിരുദ്ധസമിതിയുടെയും മുക്തിശ്രിയുടെയും കുന്നോത്ത് മേഖല യൂണിറ്റ് ഭാരവാഹികളുടെ സംയുക്തയോഗം 22.03.18ന് കുന്നോത്ത് പാരീഷ് ഹാളിൽവച്ച് ചേർന്നു. അതിരൂപത കെ.സി.ബി.സി മദ്യവിരുദ്ധസമിതി പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അദ്ധ്യക്ഷം വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം മുഖ്യ പ്രഭാഷണം നടത്തി. മേഖല ഡയറക്ടർ ഫാ. ജോസഫ് ചാത്തനാട്ട് സ്വാഗതവും ആന്റണി മേൽവെട്ടം നന്ദിയും പ്രകാശിപ്പിച്ചു.

കുന്നോത്ത് മേഖലയിൽപ്പെട്ട എല്ലാ ഇടവകകളിൽ നിന്നുമുള്ള മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റ് ഭാരവാഹികൾ കൺവെൻഷനിൽ പങ്കെടുത്തു. മേഖലാ ഡയറക്ടർ ബഹു. ചാത്തനാട്ടച്ച ന്റെയും മേഖല ആനിമേറ്റർ ബഹു. സി. ജോസ് മരിയ സി.എം.സിയുടെയും മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു സാറിന്റെയും ആത്മാർത്ഥമായ പരിശ്രമത്തിന്റെയും ത്യാഗത്തിന്റെയും ഫലമായിട്ടാണ് കുന്നോത്ത് മേഖലയെ സമ്പൂർണ്ണ മദ്യവിരുദ്ധസമിതി - മുക്തിശ്രീ മേഖല യാക്കി മാറ്റാൻ സാധിച്ചത്. അവർ മൂവർക്കും അതിരൂപത മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

**മേഖലാഭാരവാഹികൾ - മദ്യവിരുദ്ധസമിതി**

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ ആന്റണി മേൽവെട്ടം - അങ്ങാടിക്കടവ് |
| സെക്രട്ടറി | - ശ്രീ തോമസ് കളപ്പുരയ്ക്കൽ - കിളിയന്തറ |
| വൈ.പ്രസിഡന്റ് | - ശ്രീ സജി കുളങ്ങരമുറിയിൽ - വാണിയപ്പാറ |
| ജോ.സെക്രട്ടറി | - ശ്രീ ഷാജി പുളിച്ചമാക്കൽ - ചരൾ |
| ട്രഷറർ | - ശ്രീ ജോർജ് മാത്യു താഴെപ്പള്ളിൽ - കിളിയന്തറ |

**ഭാരവാഹികൾ മുക്തിശ്രീ (വനിതാസംഘടന)**

| | |
|---|---|
| പ്രസിഡന്റ് | - ലീലാമ്മ മണ്ണാപറമ്പിൽ - അങ്ങാടിക്കടവ് |
| സെക്രട്ടറി | - ജസ്സി പറക്കണശ്ശേരിൽ - അങ്ങാടിക്കടവ് |
| വൈ. പ്രസിഡന്റ് | - റോസമ്മ ചെറിയാൻ മൈലാടിയിൽ - കുന്നോത്ത് |
| ജോ. സെക്രട്ടറി | - റോസമ്മ നെല്ലിക്കാമണ്ണിൽ - കുന്നോത്ത് |
| ട്രഷറർ | - ഷൈനി കണ്ടങ്കരി - പേരട്ട |

## ചെമ്പേരി - മദ്യവിരുദ്ധ സമിതി മുക്തിശ്രീ മേഖലാ സമ്മേളനം

2018 ഏപ്രിൽ 3ന് ചെമ്പേരിമേഖല മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റ് ഭാരവാഹികളുടെ കൺവൻഷൻ മദർ തെരേസ ഹാളിൽ ചേർന്നു. മേഖല ഡയറക്ടർ ഫാ. തോമസ് പുള്ളോലിക്കൽ അദ്ധ്യക്ഷം വഹിച്ചു. ചെമ്പേരി ഫൊറോന വികാരി. ബ. ജോസഫ് കരിനാട്ടച്ചൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഫാ. ഡെന്നീസ് നെല്ലിത്താനം, ഫാ. ജയ്സൺ ഇഞ്ചിത്താനത്ത് സിഎസ്ടി തുടങ്ങിയവർ ആശംസപ്രസംഗം നടത്തി. മുക്തിശ്രീ അതിരൂപത പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു ചാമക്കാലായിൽ മുഖ്യപ്രഭാഷണം നടത്തി. ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ സ്വാഗതം ആശംസിച്ചു. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെ സംബന്ധിച്ചും സർക്കാരിന്റെ വഞ്ചനാപരമായ മദ്യനയത്തെ സംബന്ധിച്ചും സമ്മേളനം ക്രിയാത്മകമായ ചർച്ചകൾ നടത്തി. തുടർന്ന് മേഖലാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**ഭാരവാഹികൾ - മദ്യവിരുദ്ധ സമിതി**

| | |
|---|---|
| പ്രസിഡന്റ് | - ആഗസ്തി കണ്ണംകുളത്ത് - ചെറിയ അരീക്കമല |
| വൈ. പ്രസിഡന്റ് | - ജോർജ് തെങ്ങനാംകുന്നേൽ - കുടിയാന്മല |
| സെക്രട്ടറി | - തോമസ് മുന്തിരിങ്ങാട്ടുകുന്നേൽ - ചെമ്പേരി |
| ജോ. സെക്രട്ടറി | - പോൾ മുണ്ടയ്ക്കൽ - നെല്ലിക്കുറ്റി |
| ട്രഷറർ | - ബാബു പുളിക്കൽ - നെല്ലിക്കുറ്റി |

**അതിരൂപത പ്രതിനിധികൾ:** ജോസ് ചിറ്റേട്ട്, ജോൺ കാഞ്ഞിരക്കാട്ടു തൊട്ടിയിൽ, ജോയി മണ്ഡപത്തികുന്നേൽ, ജോയി പെരുമ്പുഴ.

**മുക്തിശ്രീ - ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - ചിന്നമ്മ ഇളംപ്ലാശ്ശേരി- കുടിയാന്മല |
| വൈ. പ്രസിഡന്റ് | - ചിന്നമ്മ പേരക്കാട്ടുപൊതിയിൽ - പൊന്മല |
| സെക്രട്ടറി | - വത്സമ്മ മുണ്ടയ്ക്കൽ - നെല്ലിക്കുറ്റി |
| ജോ.സെക്രട്ടറി | - ഷെൻസി കാവനാടിയിൽ -ചെമ്പേരി |
| ട്രഷറർ | - ദീപ തെക്കേടത്ത് ചെമ്പേരി |

**അതിരൂപത പ്രതിനിധികൾ:-** റോസിലി പടിഞ്ഞാറെ വീട്ടിൽ, പ്രിൻസി കുഴിമണ്ണിൽ, മാർഗരറ്റ് ചാമക്കാലായിൽ, ജോളി കാരക്കാട്ട്.

മേഖല ഡയറക്ടർ ഫാ. തോമസ് പുള്ളോലിൽ, ആനിമേറ്റർ സി. സൂസ എഫ്സിസി, മുക്തിശ്രീ അതിരൂപത പ്രസിഡന്റ് മാർഗരറ്റ് മാത്യു, ജന. സെക്രട്ടറി ജോളി കാരക്കാട്ട് എന്നിവരുടെ അക്ഷീണ പ്രവർത്തനം ചെമ്പേരിമേഖല കൺവൻഷനെ വലിയ വിജയമാക്കാൻ സാധിച്ചു. എല്ലാവർക്കും അനുമോദനങ്ങളും അഭിവാദ്യങ്ങളും.

## ലഹരിവിരുദ്ധ പ്രവർത്തകസമ്മേളനം

അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്താഭിമുഖ്യത്തിൽ 2018 ഏപ്രിൽ 27ന് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് പ്രവർത്തക സമ്മേളനം സംഘടിപ്പിക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നേതൃത്വം കൊടുക്കുന്ന സമ്മേളനത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും എക്സിക്യൂട്ടീവ് അംഗങ്ങൾ, മേഖലാ ഭാരവാഹികൾ, ഡയറക്ടറച്ചന്മാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, യൂണിറ്റ് പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുക്കുന്ന സമ്മേളനം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## മുക്തിശ്രീ - ലഹരിവിരുദ്ധ സ്ത്രീ മുന്നേറ്റം

2018 മെയ് 19ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ സമൂഹ മനഃസാക്ഷിയെ ഉണർത്താനും സർക്കാരിന്റെ ജനദ്രോഹപരവും വഞ്ചനാപരവുമായ മദ്യവർജ്ജന നയത്തിലെ കപടരാഷ്ട്രീയത്തെ തുറന്നുകാട്ടാനും വേണ്ടി ഇരിട്ടി ടൗണിൽ സംഘടിപ്പിക്കുന്ന വമ്പിച്ച ജനമുന്നേറ്റ റാലിയിൽ ലഹരിവിരുദ്ധ സമിതിയിലെ മുഴുവൻ പ്രവർത്തകരും അണിചേരണമെന്ന് അഭ്യർത്ഥിക്കുന്നു. റാലിയെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് അഭിസംബോധന ചെയ്യുന്നു.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ - ചികിത്സാകേന്ദ്രം

**ഫോൺ : 0490-2388057, 2388957**

### പഞ്ചദിന ട്രെയിനിംഗ്:

ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ട "Five Day Orientation Course on Replace Prevention and Management'' എന്ന പഞ്ചദിന പരിശീലന പരിപാടിയിൽ പ്രതീക്ഷാ സ്റ്റാഫംഗം മനു മാത്യു പങ്കെടുത്ത് സർട്ടിഫിക്കറ്റു നേടി.

### ലഹരി വിമുക്ത കുടുംബസംഗമം

മാർച്ച് നാലിന് പ്രതീക്ഷാ മാറ്റ് ടാൽബോത്ത് സ്കഃയറിൽവച്ച് ലഹരി വിമുക്തരുടെ കുടുംബകൂട്ടായ്മ നടത്തപ്പെട്ടു. ഡയറക്ടർ അധ്യക്ഷത വഹിച്ച യോഗത്തിൽ തങ്കച്ചൻ കൊല്ലക്കൊമ്പിൽ ഉദ്ഘാടകനായിരുന്നു. സി. ലൂസിയ ജോർജ്ജ് എഫ്സിസി ക്ലാസെടുത്തു. സി. സിസിലി എഫ്സിസി സ്വാഗതവും സിജോ (സ്റ്റാഫ്) നന്ദിയും പറഞ്ഞു. ചികിത്സയ്ക്കുശേഷം തുടർച്ചയായി 12 എഎ മീറ്റിംഗുകളിൽ സംബന്ധിക്കുകയും ഒരു വർഷത്തിലധികമായി ലഹരിരഹിത ജീവിതം നയിക്കുകയും ചെയ്യുന്നു വയനാട് അത്തിക്കൊല്ലി ദേശവാസിയായ ചിറയിന്മേൽ സെബാസ്റ്റ്യൻ-മേരി ദമ്പതികളെ ഷാൾ അണിയിച്ചും പുരസ്കാരം നൽകിയും ആദരിച്ചു.

### ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ

മാർച്ച് 13ന് പ്രതീക്ഷാ സെന്ററിൽവച്ച് തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.സി.ഡി.എസ്. പ്രോജക്ട് പ്രകാരം ഏകദിന സെമിനാർ നടത്തപ്പെട്ടു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈമ കെ. അധ്യക്ഷത വഹിച്ചു വി. വി. സുരേന്ദ്രൻ, ഡപ്യൂട്ടി എക്സൈസ് കമ്മീഷണർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ജോൺസൺ അന്ത്യാകുളം ആശംസയർപ്പിച്ചു. സിവിൽ എക്സൈസ് ഓഫീസർ സെമീർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഉച്ചഭക്ഷണത്തിനുശേഷം ചർച്ചകളും വിശകലനങ്ങളും നടത്തപ്പെട്ടു.

### കൗൺസിലേഴ്സ് ട്രെയിനിംഗ്

National institute of Social Defence ന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ട കൗൺസിലേഴ്സ് ട്രെയിനിംഗിൽ പ്രതീക്ഷാ സ്റ്റാഫ് പ്രതിനിധിയായി സി. ഷാന്റി ജോൺ എസ്കെഡി പങ്കെടുത്ത്, സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

## ആർച്ച് ബിഷപ്പിന്റെ സന്ദർശനവും പ്രതീക്ഷയുടെ പുനഃവെഞ്ചരിപ്പും

മാർച്ച് 26-ന് പ്രതീക്ഷാ രക്ഷാധികാരി മാർ ജോർജ് ഞറളക്കാട്ട് മെത്രാപ്പോലീത്താ ചികിത്സാകേന്ദ്രം സന്ദർശിക്കുകയും പെയിന്റ് ചെയ്ത് നവീകരിച്ച കെട്ടിടം വെഞ്ചരിക്കുകയും ചികിത്സാർഥികളോടും സ്റ്റാഫിനോടും പ്രത്യേകമായി സംവദിക്കുകയും ചെയ്തു.

## എ. എ. മീറ്റിംഗും ഈസ്റ്ററും

ഏപ്രിൽ ഒന്നിന് ഉയിർപ്പുതിരുന്നാളും എ.എ. മീറ്റിംഗും സംയുക്തമായി ആഘോഷിച്ചു. ടി.സി. തോമസ് സാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം ഉദ്ഘാടകൻ ആയിരുന്നു. ഗോപിനാഥൻ മാസ്റ്റർ മുഖ്യാതിഥിയായി ആശംസകൾ നേർന്നു. വിവിധ മത്സരപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഉച്ചഭക്ഷണത്തോടെ ഈസ്റ്റർ ആഘോഷം സമാപിച്ചു.

## പ്രതീക്ഷയിൽ വിഷു

ഏപ്രിൽ 15ന് പുലർച്ചെ ചികിത്സാർഥികൾ വിഷുക്കണി ഒരുക്കി. തുടർന്ന് ഐശര്യപൂർണമായ ഭാവിക്കായി ദിവ്യപൂജ സമർപ്പിക്കപ്പെട്ടു. തുടർന്ന് വിവിധ ഗ്രൂപ്പുകളിലായി നടത്തപ്പെട്ട വിഷുമത്സര പരിപാടികളുടെ വിജയികൾക്ക് ഡയറക്ടർ സമ്മാനം വിതരണം ചെയ്തു. ആഘോഷമായ വിഷുസദ്യയും ഒരുക്കപ്പെട്ടു.

## ഉന്നതതല അന്വേഷണവും വിലയിരുത്തലും

ഏപ്രിൽ 16-ാം തീയതി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ അന്വേഷണ ഉദ്യോഗസ്ഥർ പ്രതീക്ഷയിലെത്തി ഓഫീസും അനുബന്ധ റിക്കാർഡുകളും പരിശോധനയ്ക്ക് വിഷയമാക്കി വിലയിരുത്തലുകൾ നൽകി.

## ഏകദിനപരിശീലനം

കണ്ണൂർ എ.കെ.ജി കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികളടങ്ങിയ 66 പേരുടെ ടീം പ്രതീക്ഷാ ചികിത്സാ കേന്ദ്രത്തിൽ ഏകദിന ട്രെയിനിംഗിൽ സംബന്ധിച്ചു. ഫാ ജോൺസൺ അന്ത്യാംകുളം സി.സിസിലി എഫ്സിസി എന്നിവർ നേതൃത്വം നൽകി.

ചികിത്സാർത്ഥികളെ പറഞ്ഞുവിട്ട് പ്രതീക്ഷാ ചികിത്സാകേന്ദ്രവുമായി സഹകരിക്കുന്ന എല്ലാവർക്കും നന്ദി.

ആദരവോടെ

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമാണ പദ്ധതി ഫണ്ട് സ്വീകരണ ഉദ്ഘാടനം

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമാണ പദ്ധതിയിലേക്കുള്ള ഫണ്ട് സ്വീകരണ ഉദ്ഘാടനം 2018 ഏപ്രിൽ 4-ാം തീയതി തലശ്ശേരി കത്തീഡ്രൽ അങ്കണത്തിൽ വച്ചു നടന്നു. തലശ്ശേരി അതിരൂപതയിലെ ബഹുമാനപ്പെട്ട എല്ലാ വൈദികരും കൂടി ആറു ലക്ഷത്തിഅൻപതിനായിരം രൂപ ഈ പദ്ധതിലേക്ക് സംഭാവന ചെയ്തു. വൈദിക സമൂഹത്തിന്റെ പ്രതിനിധിയായി അതിരൂപത വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലത്തിൽ നിന്നും 6,50000/-രൂപയുടെ ചെക്ക് ഈ ഭവന നിർമാണ പദ്ധതിക്കുവേണ്ടി മാർ ജോർജ് ഞറളക്കാട്ട് സ്വീകരിച്ച് ഈ കർമ്മം ഉദ്ഘാടനം ചെയ്തു. അതിരൂപത പാസ്റ്ററൽ കൗൺസിലിനെ പ്രതിനിധീകരിച്ച് സെക്രട്ടറി ശ്രീ. ജോർജ് തയ്യിലും ഭവന നിർമാണ ഫണ്ടിലേക്ക് ആറരലക്ഷത്തിന്റെ ചെക്ക് നൽകി.

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധതിയുടെ പേരിൽ ഒരു പ്രത്യേക അക്കൗണ്ട് ബാങ്കിൽ ആരംഭിച്ചിട്ടുണ്ട്. അക്കൗണ്ട് നമ്പർ ചുവടെ ചേർക്കുന്നു.

A/C Name: Mar. Sebastian Vallopilly Bhavana Niraman Padhathi
A/c No: 00890393861819500l
IFSC: CSBK0000089
Bank Name: Catholic Syrian Bank, Thalassery.

അതിരൂപതാ അസംബ്ലിക്കുശേഷം ഇടവകകളിൽ പാവപ്പെട്ടവർക്കായി, വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നിർമിച്ചു കൊടുക്കപ്പെട്ട എല്ലാ വീടുകളും മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമാണ പദ്ധതിയിൽ പെടുത്താവുന്നതാണ് എന്ന് അഭിവന്ദ്യ പിതാക്കൻമാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ പല ഇടവകകളിൽ നിന്നും ഇപ്രകാരം പണി പൂർത്തീകരിച്ച വീടുകളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. അച്ചന്റെ ഇടവകയിലും ഇപ്രകാരം വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ, അവയുടെ ഫോട്ടോയും, മറ്റു വിവരങ്ങളും TSSS ലേക്ക് അയച്ചു തന്നാൽ അതിരൂപതാ ബുള്ളറ്റിനിൽ പരസ്യപ്പെടുത്താനും ഫയലിൽ സൂക്ഷിക്കാനും കഴിയും. ഇത് മറ്റു ഇടവകകൾക്ക് പ്രചോദനമായി തീരുകയും ചെയ്യും. വീടിന്റെ മുൻപിൽ കുടുംബാംഗങ്ങൾ നിന്നു കൊണ്ടുള്ള ഫോട്ടോയാകും ഏറെ ഉചിതം. വീടു

ലഭിച്ച ആളുടെ പേര്, വീട്ടുപേര്, ഇടവക, വീടു പണിക്കു ചിലവായ തുക, വെഞ്ചരിച്ച തീയതി എന്നീ കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിവരങ്ങൾ നൽകിയാൽ ഉപകാരമായിരിക്കും.

ഭവന രഹിതരുടെ ഒരു സർവ്വേ നടത്താനുള്ള ഫോറം 2018 മാർച്ച് മാസം എല്ലാ ഇടവകകളിലേക്കും അയച്ചു കൊടുത്തിരുന്നു. കുറെ ഇടവകകളിൽ നിന്നുള്ള സർവ്വേ ഫോറം TSSS ൽ ലഭിച്ചിട്ടുണ്ട്. അച്ചന്റെ ഇടവകയിൽ നിന്നും സർവ്വേ ഫോറം നൽകിയിട്ടില്ലെങ്കിൽ ഉടനെ തന്നെ TSSS ലേക്ക് അയച്ചു തരാനുള്ള ക്രമീകരണം ചെയ്യുമല്ലോ.

## CHAI സന്ദർശനം

15/04/2018 മുതൽ 18/04/2018 വരെ CHAI Researcher തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള Differently abled ആയ കുട്ടികളുടെ വീടുകൾ സന്ദർശിച്ചു. നെതർലന്റിൽ നിന്നുമുള്ള SLF പ്രതിനിധി മിസ്. ഇന്ദിര ബൗട്ട്, CHAI യുടെ ഹൈദരാബാദ് ഓഫീസിൽ നിന്നുള്ള ശ്രീ. എം.കെ. രാജു, ശ്രീ. വിശാൽ എന്നിവരായിരുന്നു സന്ദർശന ടീമിൽ ഉണ്ടായിരുന്നത്.

## ഡിജിറ്റൽ സർവ്വീസ് പ്രോഗ്രാം ഓഫ് ഫിസിയോതെറാപ്പി

കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഇന്ത്യയും TSSS ഉം ചേർന്ന് ഫിസിയോതെറാപ്പി ആവശ്യമുള്ള നിർദ്ദനരായ കുട്ടികൾക്ക് അവരുടെ വീടുകളിൽ തന്നെ ഈ സൗകര്യം ലഭ്യമാക്കുന്നതിനു സഹായമാകുന്ന ട്രെയിനിംഗ് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചു.

## ഭഗവത്പാദ ITI

2018-19 അക്കാദമിക് വർഷത്തിൽ പൈസക്കരി ഭഗവത്പാദ ITI യിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. X, XII കഴിഞ്ഞ കുട്ടികൾക്ക് പൈസക്കരിയിലുള്ള ഭഗവത്പാദ ITI യിൽ ചേർന്ന് സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നിവക്കുള്ള പരിശീലനം നേടാവുന്നതാണ്. നിർദ്ദനരായ കുട്ടികൾക്ക് ഫീസ് ഇളവോടുകൂടി പരിശീലനം നേടാനുള്ള സൗകര്യവും ഭഗവത്പാദ ITI യിൽ ക്രമീകരിച്ചിട്ടുണ്ട്.

## കെട്ടിടോദ്ഘാടനവും വാർഷിക പൊതുയോഗവും

കുന്നുംകൈ ക്രെഡിറ്റ് യൂണിയനുവേണ്ടി നിർമിച്ച ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മവും 2017 വർഷത്തെ വാർഷിക പൊതുയോഗവും ഏപ്രിൽ 14 നു നടത്തപ്പെട്ടു. ഇടവക വികാരി റവ. ഫാ. ജോസഫ് പൗവത്തിൽ അധ്യക്ഷത വഹിച്ചു. TSSS ഡയറക്ടർ റവ. ഫാ. തോമസ് തയ്യിൽ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രസീത രാജൻ മുഖ്യാതിഥി ആയിരുന്നു. റവ. ഫാ.

ജെയിംസ് ആനക്കല്ലിൽ അനുഗ്രഹപ്രഭാഷണം നടത്തി. യൂണിറ്റ് സെക്ര ട്ടറി ശ്രീമതി പ്രസന്ന രാമകൃഷ്ണൻ 2017 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. TSSS ന്റെ പ്രോഗ്രാം മാനേജർമാർ, RCC ലീഡേഴ്സ്, ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

**രാജഗിരി –** 08/04/2018 നു രാജഗിരി യൂണിറ്റിന്റെ വാർഷിക പൊതു യോഗം നടന്നു. പ്രസിഡന്റ് ശ്രീ. കുര്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം റവ. ഫാ. ബോബൻ റാത്തപ്പള്ളി ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം മാനേജർ ശ്രീമതി. വൽസമ്മ ടോമി മുഖ്യപ്രഭാഷണം നടത്തി. RCC പ്രസിഡന്റ് ശ്രീ. ജെമിനി സംഘശാക്തീകരണം എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു.

**പുളിങ്ങോം –** 10/04/2018 നു പുളിങ്ങോം യൂണിറ്റിന്റെ വാർഷിക പൊതു യോഗം നടന്നു. റവ. ഫാ. ഇമ്മാനുവേൽ പൂവ്വത്തിങ്കൽ ഉദ്ഘാടനം നിർവ ഹിച്ചു. RCC പ്രസിഡന്റ് ശ്രീ. ജെമിനി സംഘശാക്തീകരണം എന്ന വിഷ യത്തിൽ ക്ലാസ്സ് എടുത്തു.

**ബെഡൂർ –** ബെഡൂർ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ തയ്യൽ പരിശീലന ക്ലാസ്സ് തുടങ്ങി. സി. ക്രിസ്റ്റീന ഡി.എം. ഉദ്ഘാടനം ചെയ്ത ഈ പദ്ധതി വഴി 23 പേർ തയ്യൽ പഠിച്ചു വരുന്നു.

**കടുമേനി ക്രെഡിറ്റ് യൂണിയൻ –** ഏപ്രിൽ 22നു കടുമേനി ക്രെഡിറ്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസിഡന്റ് റോസമ്മ ടോമിച്ചൻ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടനസമ്മേളന ത്തിൽ റവ. ഫാ. ജോർജ് തൈക്കുന്നുംപുറം ഉദ്ഘാടനം നിർവഹിച്ചു. ഡോ. ജിനോ ഗോപാലൻ രോഗികളെ പരിശോധിച്ചു.

**അട്ടക്കണ്ടം –** ഏപ്രിൽ 19 നു അട്ടക്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഇട വകയിൽ ക്രെഡിറ്റ് യൂണിയൻ രൂപീകരിച്ചു. റവ. ഫാ. ജോസഫ് കൊളു ത്താപ്പള്ളി ഉദ്ഘാടനം ചെയ്തു. ജോയൽ കൈപ്പള്ളിയെ പ്രസിഡന്റായും സിൽവി മടുക്കക്കുഴിയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. 50 അംഗങ്ങൾ പ്രവർത്തനമാരംഭിച്ചു.

**പൈസക്കരി –** പൈസക്കരി ഐശ്വര്യ ക്രെഡിറ്റ് യൂണിയന്റെ വാർഷിക സമ്മേളനവും ബോധവൽക്കരണ സെമിനാറും പൈസക്കരി ദേവമാതാ ഓഡിറ്റോറിയത്തിൽവച്ച് നടന്നു. പൈസക്കരി ഫൊറോന വികാരി റവ. ഫാ. ജോസ് വെട്ടിക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഡെയ്സി ചിറ്റൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ക്രെഡിറ്റ് യൂണിയൻ സെക്രട്ടറി ശ്രീ. മാനുവൽ കോയിക്കൽ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഇടവകയിലെ എട്ടു സോണുകളിൽനിന്നു തിര ഞ്ഞെടുത്ത മികച്ച കർഷകരെ ചടങ്ങിൽ ആദരിച്ചു. വാർഷിക പ്ലാൻ അവ

തരണം, ചർച്ച, സമ്മാനദാനം എന്നിവയും നടന്നു. യൂണിറ്റ് ഭാരവാഹികളും ടി.എസ്.എസ്.എസ്. മേഖലാ ഭാരവാഹികളും മറ്റ് പ്രവർത്തകരും സമ്മേളനത്തിൽ പങ്കെടുത്തു.

**വായാട്ടുപറമ്പ് –** വായാട്ടുപറമ്പു ഗ്രാമികയുടെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ വീടുകളിൽ നിന്നും ഉപയോഗശൂന്യമായ ഇരുമ്പ്, പ്ലാസ്റ്റിക് മുതലായ സാധനങ്ങൾ ശേഖരിക്കുകയും, അതു വിറ്റു കിട്ടിയ പണം കൊണ്ട് ഇടവകയിലെ പാവപ്പെട്ട കുടുംബത്തെ സഹായിക്കുകയും ചെയ്തു.

**കരുവഞ്ചാൽ –** കരുവഞ്ചാൽ ഗ്രാമികയിൽ പുതിയതായി ഒരു SHG കൂടി രൂപീകരിച്ചു. വരുമാന വർദ്ധനവിനായി ചക്ക, കപ്പ തുടങ്ങിയവയിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള ഒരു നിർമാണ യൂണിറ്റ് ആരംഭിക്കുകയും ചെയ്തു.

**പാണത്തൂർ –** 24/04/2018 നു പാണത്തൂർ ക്രെഡിറ്റ് യൂണിയന്റെ വാർഷിക പൊതുയോഗം നടന്നു. പാണത്തൂർ ഇടവക അസി. വികാരി ഫാ.ഷിന്റോ പുലിയുറുമ്പിൽ അധ്യക്ഷത വഹിച്ച പൊതുയോഗം, ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഉദ്ഘാടനം ചെയ്തു. ടി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ടി.എസ്.എസ്.എസ്. ജനകീയ സംഘം കാസർഗോഡ് ജില്ലാ പ്രസിഡന്റ് ശ്രീ. സി. സി. വർഗീസ്, പനത്തടി RCC പ്രസിഡന്റ് ശ്രീ. ടോമി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കുറഞ്ഞ കാലം കൊണ്ട് വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന പാണത്തൂർ ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കും, ഭരണസമിതി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**യാത്രാ മംഗളങ്ങൾ**

കഴിഞ്ഞ മൂന്നു വർഷമായി ടി.എസ്.എസ്.എസിന്റെ ചെറുപുഴ മേഖലാ ഓർഗനൈസറായിരുന്ന സി. ത്രേസ്യാമ്മ എം.എം.നു ടി.എസ്.എസ്.എസ്. കുടുംബാംഗങ്ങൾ 23.04.2018 നു സ്നേഹോഷ്മളമായ യാത്രയയപ്പു നൽകി.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ...

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

2018 മെയ് 04-06 : ആത്മാഭിഷേക വളർച്ച ധ്യാനം (10 amആരംഭം)
04-06 : തപസ്സ് ധ്യാനം (10 am ആരംഭം)
15-20 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
12 : ഏകദിന കൺവെൻഷൻ
13-18 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
20-25 : 1. ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
2. കന്നട ധ്യാനം
27-30 : പഠന ഒരുക്ക ധ്യാനം (ഹൈസ്കൂൾ കുട്ടികൾക്ക്)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

മെയ് 06-10 : ആന്തരിക സൗഖ്യ ധ്യാനം
11 : ജാഗരണ പ്രാർത്ഥന
12 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
13-17 : കുടുംബ നവീകരണ ധ്യാനം
20-24 : ആന്തരിക സൗഖ്യ ധ്യാനം
27-31 : ആന്തരിക സൗഖ്യ ധ്യാനം

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

മെയ് 03-06 : യുവജന ധ്യാനം
13-16 : മരിയൻ ആന്തരീക സൗഖ്യ ധ്യാനം
18- 20 : ദമ്പതി ധ്യാനം
24- 27 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്
27-1 : പ്രാർത്ഥനാനുഭവ ആന്തരീക സൗഖ്യ ധ്യാനം
(വൈദികർക്കും സിസ്റ്റേഴ്സിനും)

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

മെയ് 01-03 : കുട്ടികൾക്കുള്ള ധ്യാനം (6 മുതൽ 12-ാം ക്ലാസ്സ് വരെ)
11- 13 : ആന്തരീക സൗഖ്യ- കുടുംബാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
25- 27 : ആന്തരീക സൗഖ്യ- കുടുംബാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

മെയ് 13-18 : ആന്തരിക സൗഖ്യ ധ്യാനം
20-25 : ആന്തരിക സൗഖ്യ ധ്യാനം
1, 8, 15,22, 29 : ഏകദിന കൺവെൻഷൻ

**6. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

മെയ് 05 : ഏകദിന കൺവെൻഷൻ
11 : ജാഗരണ പ്രാർത്ഥന
12 : ക്രിസ്റ്റീൻ വിങ്സ്
19 : അഖണ്ഡ ജപമാല
20-24 : മരിയൻ ആന്തരീക സൗഖ്യധ്യാനം
26 : മരിയൻ ദിവ്യകാരുണ്യ ആരാധന

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### 2018 മാർച്ച്

20 അതിരൂപതാ കേന്ദ്രത്തിൽ ഫൊറോന വികാരിമാരുടെ സമ്മേളനത്തിനു നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് നിർമ്മലഗിരികോളേജിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സെലിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് വൊക്കേഷൻ ബ്യൂറോയുടെ മീറ്റിംഗിൽ പങ്കെടുത്തു.

21 അതിരൂപതാ കേന്ദ്രത്തിൽ വിവിധഭാഗങ്ങളിൽ നിന്ന് വന്ന സന്ദർശകരെ ഉച്ചവരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് താമരശ്ശേരി രൂപതാകേന്ദ്രത്തിൽ മലബാർ ബിഷ്പ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

22 താമരശ്ശേരി രൂപതാകേന്ദ്രത്തിൽ മലബാർ ബിഷപ്സ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

23 രാവിലെ 6.30ന് കത്തീഡ്രൽ പള്ളിയിൽ അതിരൂപതയക്കുവേണ്ടി പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ ചെറുപട്ടങ്ങളുടെ സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. അതിനുശേഷം 11 മണിക്ക് ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ്ങ് കോളേജിൽ വച്ച് നടന്ന ഇന്റർനാഷണൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് 4.00 മണിക്ക് പാലാവയൽ ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും കൽക്കുരിശ് വെഞ്ചരിക്കുകയും ചെയ്തു.

24 തലശ്ശേരി മൈനർ സെമിനാരിയിൽ റീജൻസിക്കാരുമായി കൂടിക്കാഴ്ച നടത്തി.

25 രാവിലെ 7 മണിക്ക് തലശ്ശേരി കത്തീഡ്രലിൽ നടന്ന ഓശാനയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

26 രാവിലെ 10 മണിക്ക് തളിപ്പറമ്പിൽ വൈദികരുടെ ധ്യാനത്തിൽ പങ്കെടുക്കുകയും 11.30ന് വിശുദ്ധ മൂറോൻ വെഞ്ചരിപ്പ്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

27 ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് കള്ളാർ ഇടവകയിൽ ബഹു. ജോർജ് ആശാരിക്കുന്നേൽ അച്ചന്റെ നിര്യാതയായ വത്സല മാതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28 രാവിലെ 10.00 മണിക്ക് പൈസക്കരിയിൽ ബഹു. തോമസ് പൈമ്പള്ളി അച്ചന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വത്സലപിതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

29 രാവിലെ 7.00ന് തലശ്ശേരി കത്തീഡ്രലിൽ നടന്ന കാലുകഴുകൽ ശുശ്രൂഷയ്ക്കും വി. കുർബാനയ്ക്കും കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 3.00ന് പാലത്തിൻക്കടവിൽ നിര്യാതനായ സ്വപ്നിൽ സൈമൺ മൂലയിലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

30 രാവിലെ 7.00ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ നടന്ന ദുഃഖവെള്ളിയുടെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് 9.30ന് കണ്ണൂർ ടൗൺ സ്ക്വയറിൽ നടന്ന കുരിശിന്റെ വഴിയിൽ സംബന്ധിച്ച് സന്ദേശം നൽകി. വൈകുന്നേരം 5.00ന് കത്തീഡ്രൽ പള്ളിയിൽ നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

31 ഉച്ചകഴിഞ്ഞ് 2.30ന് പുല്ലൂരാംപാറ ദൈവാലയത്തിൽ നിര്യാതനായ സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുക്കുന്നേൽ അച്ചന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

## 2018 ഏപ്രിൽ

01 രാവിലെ 2.45ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഉയർപ്പിന്റെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

02 രാവിലെ 10.00ന് തലശ്ശേരി മൈനർ സെമിനാരിയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മലബാർ ചിത്രകാരന്മാരുടെ സംഗമ മീറ്റിംഗിന് അദ്ധ്യക്ഷതവഹിച്ചു. തുടർന്ന് 11.00ന് തലശ്ശേരി കത്തീഡ്രലിൽ വിശ്വാസോത്സവത്തിന്റെ അതിരൂപതാ ഉദ്ഘാടനം നിർവ്വഹിച്ചു.

03 രാവിലെ 10.00ന് തലശ്ശേരി കത്തീഡ്രലിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനത്തിന്റെ ഭാഗമായി വി. ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാനത്തോടനുബന്ധിച്ച് നടന്ന എക്സിബിഷൻ കാണുവാൻ വന്നവരെ സ്വീകരിച്ചു.

04 രാവിലെ 11 മണിക്ക് തലശ്ശേരി കത്തീഡ്രലിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നടത്തി.

05 ഉച്ചകഴിഞ്ഞ് 2.30ന് വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ ഇടുക്കിരൂപതയുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട ജോൺ നെല്ലിക്കുന്നേലിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

06 രാവിലെ 6.30ന് മുതലക്കോടം പള്ളിയിൽ ദിവ്യബലി അർപ്പിച്ചു.

07 രാവിലെ 9മണിക്ക് വെമ്പുവ ഇടവകയിൽ ഡീക്കൻ റൊണാൾഡ് മേച്ചേരിക്ക് തിരുപ്പട്ടംനൽകി. അതിനുശേഷം നിർമ്മാണത്തിലായിരിക്കുന്ന മുണ്ടാനൂർപള്ളി സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് പുറവയൽ

ഇടവകയിൽ കുട്ടികൾക്ക് ആദ്യകുർബാനയും സ്ഥൈര്യലേപനവും നൽകി. അതിനുശേഷം പുറവയലിൽ ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

08. പുറവയൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. വൈകുന്നേരം 7.30ന് കരുവഞ്ചാൽ ശാന്തിഭവനിലെത്തി വൈദികരുമായി കൂടിക്കാഴ്ച നടത്തി.

09. രാവിലെ 9 മണിക്ക് ആലക്കോട് പള്ളിയിൽ കുന്നത്തുമറ്റത്തിൽ ദേവസ്യ, മറിയം ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അതിനുശേഷം ആശാൻകവലപള്ളിയിൽ അരിക്കുഴിയിൽ റിജുവിന്റെ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് നെല്ലിക്കാംപൊയിൽ പുതുതായി നിർമ്മിച്ച സി.എം.സി. കോൺവെന്റ് വെഞ്ചരിച്ച് ചാപ്പൽ കൂദാശ ചെയ്തു.

10. കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ നോവിസസിന്റെ ആദ്യവ്രതവാഗ്ദാനവും സന്യാസവസ്ത്രസ്വീകരണ കർമ്മങ്ങൾക്കും കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് ആടാംപാറ ദൈവാലയം കൂദാശ ചെയ്തു. തുടർന്ന് നടന്ന പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

11. അതിരൂപതാകേന്ദ്രത്തിൽ വിവിധഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6മണിക്ക് അതിരൂപതാകേന്ദ്രത്തിൽ വച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

12. രാവിലെ 8മണിക്ക് സന്ദേശഭവനിൽ വച്ച് നടന്ന ഡിസിഎൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ ഉച്ചവരെ സന്യസ്തരെയും വൈദികരെയും സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കരുവഞ്ചാലിൽ എകെസിസിയുടെ അതിരൂപതാ സമ്മേളനത്തോടനുബന്ധിച്ച് നടന്ന റാലിയ്ക്ക് നേതൃത്വം നൽകുകയും സമ്മേളനത്തിന് അധ്യക്ഷതവഹിക്കുകയും ചെയ്തു. വൈകുന്നേരം 8ന് കരുവഞ്ചാൽ ശാന്തിഭവനിൽ സിസ്റ്റേഴ്സിനു നൽകിയ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

20. രാവിലെ 6.30ന് തലശ്ശേരി മൈനർ സെമിനാരിയിൽ മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ സമ്മേളനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്ന് വൈദികവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് 6 മണിക്ക് പരിയാരം ധ്യാനകേന്ദ്രത്തിൽ ആഡം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ബധിര മൂകർക്കായി നടത്തിയ ധ്യാനം ഉദ്ഘാടനം ചെയ്തു.

21. രാവിലെ 10ന് എറണാകുളം പാലാരിവട്ടത്ത് പി.ഒ.സിയുടെ സിൽവർ ജൂബിലിയുടെ ഭാഗമായി നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും തുടർന്ന് സമൂഹബലിയിൽ പങ്ക് ചേരുകയും ചെയ്തു.

❖❖❖

## Programme of the Archbishop
## MAR GEORGE NJARALAKATT

**May - 2018**

| | | | |
|---|---|---|---|
| 01 | 9.30 am | - | Peravoor S.H. Provincial House - Vestition |
| | evening | - | Karuvanchal |
| 02-04 | | - | Bangalore: CBCI - Standing Committee |
| 05 | | - | Ayarkunnam: Golden Jubilee Celebration of Fr. Mathew Pothanamala |
| 07 | 10.00am | - | Minor Seminary: Deacon's Parents Meet |
| 08 | 10.00am | - | Sulthan Bathery |
| 09 | | - | Visitor's Day |
| | 6.00pm | - | Monthly Recollection TLY |
| 10 | | - | Priests' and Sisters' day |
| 12 | | - | General Transfer |
| 12-13 | | - | Pastoral Visit |
| 14 | | - | Koorachundu |
| 15 | 8.30 | - | Puravayal |
| | 9.30 | - | Iritty : Vestition of Nazrath Sister |
| | 3.00pm | - | Nellikampoil |
| 16 | | - | Visitor's Day |
| 17 | | - | Priests' and Sisters' Day |
| 19 | 10.00am | - | Areekamala |
| | 2.00pm | - | Iritty |
| 19-20 | | - | Pastoral Visit |
| 20 | evening | - | Kannur |

| | | | |
|---|---|---|---|
| 21 | 10.00am | - | Iritty : Corporate Education Agency Programme |
| | 2.30 | - | Kuttaparamba : Blessing of New Church |
| 22 | Morning | - | Kanichar |
| | 2.00pm | - | Iritty : Sanjose Academy Inauguration |
| 23 | | - | Visitor's Day |
| 24 | | - | Nadavayal |
| 26 | 7.30 | - | Pariyaram |
| | 4.30 | - | Mattannur |
| 26-27 | | - | Pastoral Visit |
| 27-29 | | - | Junior Priests' Meeting |
| 30 | | - | Visitor's Day |
| 31 | | - | |

## June - 2018

| | | |
|---|---|---|
| 01 | - | Sandesa Bhavan : Catechism Seminar |
| 02-03 | - | Pastoral Visit |
| 05-07 | - | KCBC |
| 09 | - | Sunday School H.M. Conference |
| 09-10 | - | Pastoral Visit |
| 12-13 | - | Kunnoth : Seminary Visit |
| 14 | - | Priests' and Sisters' Day |
| 15 | - | Amalapuri |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2018 മാർച്ച്

8–28 നോർത്ത് ഇന്ത്യയിലെ ജഗദൽപൂർ, ചാന്ദാ മിഷൻരൂപതകളിലെ വിവിധ മിഷൻ സ്റ്റേഷനുകൾ സന്ദർശിക്കുകയും, വിവിധയിടങ്ങളിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും മലയാളി കൂട്ടായ്മകളിൽ പങ്കെടുക്കുകയും ചെയ്തു.

29 രാവിലെ 6.15ന് ഉദയപുരം ദൈവാലയത്തിലും വൈകുന്നേരം 5 മണിക്ക് കോടോത്ത് ദൈവാലയത്തിലും പെസഹാ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

30 രാവിലെ 8 മണിക്ക് അട്ടേങ്ങാനം ദൈവാലയത്തിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 5 മണിക്ക് തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ നടന്ന കുരിശിന്റെ വഴി പ്രാർത്ഥനയിൽ പങ്കെടുത്തു.

31 പുല്ലൂരാംപാറ ഇടവകയിൽ നിര്യാതനായ ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേലിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്തു.

### 2018 ഏപ്രിൽ

1 രാവിലെ 7.30ന് കത്തീഡ്രലിൽ ഈസ്റ്റർ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

2 രാവിലെ 9.30ന് കല്ലാനോട് ദൈവാലയത്തിൽ ബെൻ സ്കറിയ പുളിന്താനത്തിന്റെ മാമ്മോദീസ നടത്തി. 12 മണിക്ക് കൂരാച്ചുണ്ട് ദൈവാലയത്തിൽവച്ച് അൽഫോൻസാ വലിയമറ്റത്തിന്റെ (തുണ്ടിയിൽ) വിവാഹ വാഗ്ദാനശുശ്രൂഷകൾ നടത്തി.

3 ബിഷപ്പ് മാർ വള്ളോപ്പിള്ളി തീർത്ഥാടനദിനത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 11.30ന് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

4 ബിഷപ്പ് മാർ വള്ളോപ്പിള്ളി തീർത്ഥാടനദിനത്തിൽ ഉച്ചയ്ക്ക് 12ന് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന സമൂഹബലിയർപ്പണത്തിൽ പങ്കാളിയായി.

5 ഇടുക്കി രൂപതാ കത്തീഡ്രലിൽ നടന്ന മാർ ജോൺ നെല്ലിക്കുന്നേലിന്റെ മെത്രാഭിഷേകകർമ്മങ്ങളിൽ പങ്കാളിയായി.

6 രാവിലെ 6.15ന് തോപ്രാംകുടി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

8 ഇടുക്കി രൂപതയിൽപ്പെട്ട ചെമ്പകപ്പാറ ഇടവക ദൈവാലയത്തിൽ രാവിലെ 11 മണിക്ക് ജിൻസ് ജോസഫ് വലിയമറ്റവും (മരിയ) എമിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

10 എടക്കോം ഇടവകയിൽ ജോർജ് പുതുമന അച്ചന്റെ സഹോദരിയുടെ ശവസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

12 രാവിലെ 7.30ന് ആടാംപാറ ദൈവാലയത്തിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യകാർമ്മികനായി. 11.30ന് മൈനർ സെമിനാരിയിൽ ഫാ. മാത്യു ഇളംതുരുത്തിപടവിന്റെ പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് പേരാവൂർ ഇടവകയിൽ കൃപാഭിഷേക ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

14 നിർമ്മലഗിരിയിൽ പ്രൊഫസേഴ്സ് ജോൺ ജോസഫിന്റെയും ലൂസിയുടെയും മകൻ ബോബിയും വല്യാപ്പുഴ ഇടവക അൻസ തോമസ് കണ്ടത്തിലും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

വൈകുന്നേരം 5 മണിക്ക് കൂരാച്ചുണ്ട് ഇടവകയിൽനിന്നുള്ള അഞ്ജലി അൽഫോൻസ് വലിയമറ്റവും, കൂടരഞ്ഞി ഇടവക ജോയൽ ടോം പ്ലാത്തോട്ടവും തമ്മിലുള്ള വിവാഹം തിരുവമ്പാടി ഫൊറോന പള്ളിയിൽ വച്ച് ആശീർവദിച്ചു.

15 താമരശ്ശേരി രൂപതാദ്ധ്യക്ഷൻ റെമീജിയൂസ് ഇഞ്ചനാനി പിതാവിനെ സന്ദർശിച്ചു.

16 തളിപ്പറമ്പ് ദേവാലയത്തിൽവച്ച് ബാസ്റ്റിൻ മണലേലിന്റെ ആദ്യ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

18 രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ ദൈവവിളി ക്യാമ്പിലെ കുട്ടികൾക്കൊപ്പം വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. 10 മണിക്ക് കച്ചേരിക്കടവ് ദേവാലയത്തിൽ കുര്യൻ, ബ്രിജീത്ത പ്ലാത്തോട്ടത്തിൽ ദമ്പതികളുടെ വിവാഹസുവർണ്ണജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 കൊട്ടിയൂർ ഫൊറോന ദേവാലയത്തിൽവച്ച് ജോസഫ് ആരോൺ കാഞ്ഞിരക്കാട്ടുകുന്നേലിന്റെ മാമ്മോദീസാ നടത്തി.

22 രാവിലെ 8 മണിക്ക് ബളാൽ ഇടവകദേവാലയത്തിലെ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽവച്ച് രാവിലെ 10 മണിക്ക് സിസ്റ്റേഴ്സിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

# Programme of the Archbishop Emeritus
# MAR GEORGE VALIAMATTAM

## May - 2018

| | | |
|---|---|---|
| 01-18 | - | UAE |
| 19 | - | Kodanchery |
| 22 | - | Manikadav |

**Secretary to the Archbishop Emeritus**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### 2018 മാർച്ച്

24 പടന്നക്കാട് റീജണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

25 രാവിലെ 7.15ന് പുറവയൽ ദൈവാലയത്തിൽ നടന്ന ഓശാനഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 4 മണിമുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ നോമ്പ്കാല ധ്യാനത്തിൽ പ്രഭാഷണം നടത്തി.

26 തളിപ്പറമ്പ ദൈവാലയത്തിൽ രാവിലെ 10 മണിക്ക് നടന്ന മൂറോൻ തൈലവെഞ്ചരിപ്പ് കർമ്മത്തിൽ സഹകാർമ്മികനായി.

27 രാവിലെ 10 മണിക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

28 കുന്നോത്ത് മേജർ സെമിനാരിയിൽ നോമ്പ്കാല ധ്യാനത്തിൽ ഉച്ചവരെ പ്രഭാഷണം നടത്തി.

ഉച്ചകഴിഞ്ഞ് 2.30ന് അങ്ങാടിക്കടവ് ഹയർസെക്കന്ററി സ്കൂളിൽ മികച്ച ഹയർസെക്കന്ററി അദ്ധ്യാപകനായി തിരഞ്ഞെടുക്കപ്പെട്ട ND സണ്ണി സാറിന്റെ ആദരിക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

29 രാവിലെ 7 മണിക്ക് ഉളിക്കൽ ദൈവാലയത്തിലും ഉച്ചകഴിഞ്ഞ് 3.30ന് അറബി ദൈവാലയത്തിലും നടന്ന പെസഹാവ്യാഴാഴ്ച തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

30 രാവിലെ 7.30ന് നെല്ലിക്കാംപൊയിൽ ദൈവാലയത്തിൽ നടന്ന ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് താമരശ്ശേരി ചുരത്തിൽ നടന്ന കുരിശിന്റെ വഴിയിൽ സമാപനസന്ദേശം നൽകി.

31 വൈകുന്നേരം 4.30ന് പൊയ്നാച്ചി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

## 2018 ഏപ്രിൽ

1 രാവിലെ 3 മണിക്ക് പടന്നക്കാട് ദൈവാലയത്തിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

3 രാവിലെ 6.15ന് നിർമ്മലഗിരി തിരുഹൃദയസന്യാസിനി മഠത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

4 രാവിലെ 10മണിക്ക് തലശ്ശേരി കത്തീഡ്രലിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനദിനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

5 പടുപ്പ് ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ പ്രിയേഷ് കുമ്പുളുവേലിക്ക് തിരുപ്പട്ടം നൽകി.

6. രാവിലെ 7 മണിക്ക് മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന യുവജനസംഗമത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

7. പശുക്കടവ് ദൈവാലയത്തിൽ രാവിലെ 11 മണിക്ക് റോഷിൻ പുല്ലാട്ട്കുന്നേലിന്റെയും ദീപ്തിയുടെയും വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരം 4 മണിക്ക് കൊളക്കാട് ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് പുതുഞ്ഞായർ തീർത്ഥാടനം ഉദ്ഘാടനം ചെയ്തു.

8 രാവിലെ 10 മണിക്ക് കനകക്കുന്ന് ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് തിരുനാൾ സന്ദേശം നൽകി.

9 അങ്ങാടിക്കടവ് ദൈവാലയത്തിൽ രാവിലെ 10.30ന് ജിബിൻ മണ്ണാപറമ്പിലിന്റെയും റിഷിനാ ചിറയത്തിന്റെയും വിവാഹം ആശീർവദിച്ചു.

10 കരയത്തുംചാൽ ദൈവാലയത്തിൽ രാവിലെ 8മണിക്ക് വി. കുർബാനയർപ്പിക്കുകയും കുട്ടികൾക്ക് ആദ്യകുർബാന നൽകുകയും ചെയ്തു. വൈകുന്നേരം 3.45ന് ജയഗിരി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. തുടർന്ന് തോട്ടുങ്കൽ സിസിലിയ മരിയ ജിജിക്ക് മാമ്മോദീസാ നൽകി.

11 വൈകുന്നേരം 3.30ന് പേരാവൂർ ഇടവകാ ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

12 ഭദ്രാവതി കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 10 മണിക്ക് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

13 പാലത്തുംകടവ് ദൈവാലയത്തിൽ വൈകുന്നേരം 4 മണിക്ക് തിരുനാൾ കുർബാനയർപ്പിക്കുകയും പുതുതായി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

14 രാവിലെ 9 മണിക്ക് സന്ദേശ്ഭവനിൽ ഡിസിഎൽ ക്യാമ്പിൽ സമാപന സന്ദേശം നൽകി. രാവിലെ 10 മണിക്ക് കച്ചേരിക്കടവ് ദൈവാലയത്തിൽ കുറ്റിയാനിക്കൽ ഐെറിൻ ട്രീസ റിജേഷിന് മാമ്മോദിസ നൽകി. 11 മണിക്ക് ചരൾ ഇടവകയിൽ കൂറ്റനാൽ കുടുംബയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി.

15 രാവിലെ 8 മണിക്ക് വിമലഗിരി ദൈവാലയത്തിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ് 3.30ന് കണ്ണിവയൽ ഇടവകയിൽ ഇടവകദിനത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം 6.30ന് തോമാപുരം ഫൊറോന യൂത്ത് അസംബ്ലിയിൽ പങ്കെടുത്തു.

16 കുന്നോത്ത് ഇടവകയിൽ രാവിലെ 9.30ന് സാൻജോസ് അക്കാഡമി യുടെ നെറ്റ് കോച്ചിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു. തുടർന്ന് പെരുവണ്ണാമൂഴിയിൽ ശാലോം ടിവിയുടെ ഷൂട്ടിംഗ് പരിപാടികളിൽ പങ്കെടുത്തു.

18 രാവിലെ 11 മണിക്ക് കോട്ടയം ലൂർദ്ദ് പള്ളിയിൽ അന്ന പാംപ്ലാനിക്ക് മാമ്മോദീസാ നൽകി. തുടർന്ന് തിരുവല്ല അരമനയിൽ സിബിസിഐ ഡോക്ട്രിനൽ കമ്മീഷൻ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

19 രാവിലെ 10 മണിമുതൽ തലശ്ശേരിയിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് മുളപ്ര ഇടവകയിൽ പുതുതായി നിർമ്മിച്ച മഠം വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

20 തലശ്ശേരി കത്തീഡ്രലിൽ കുട്ടികളുടെ വൊക്കേഷൻക്യാമ്പിൽ രാവിലെ 6.30ന് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 രാവിലെ 9 മണിക്ക് പാലാരിവട്ടം പിഒസിയുടെ ജൂബിലി ആഘോഷ ങ്ങളിൽ പങ്കാളിയായി.

22 രാവിലെ 7 മണിക്ക് ഉരുപ്പുംകുറ്റി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് 10 മണിക്ക് കണിച്ചാർ ഇടവകയിൽ വി. കുർബാനയർപ്പിച്ച് തിരുനാൾ സന്ദേശം നൽകി.

❖❖❖

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

### May - 2018

| | | | |
|---|---|---|---|
| 01 | 10.00am | - | Mananthavady |
| | 4.00pm | - | Kacherikadav |
| 02 | 11.00am | - | Vellarikundu |
| | 2.00pm | - | Padannakad |
| 03 | 10.00am | - | Chemperi |
| | 4pm | - | Kottody |
| 05 | 8.00am | - | Panathady |
| | 10.00am | - | CFIC Panathady |
| | 2.30pm | - | Malome |
| | 5.30pm | - | Vellarikundu |
| 06 | 8.00am | - | Kavumthala : Pastoral Visit |
| | 7.00pm | - | Alakode |
| 07 | 9.00am | - | Thomapuram |
| 08 | 07.00am | - | Vilamana |
| | 10.00am | - | Kunnoth |
| | 4.00pm | - | Mandapam |
| 09 | 10.00am | - | Kulathuvayal |
| | 6.00pm | - | Thalassery |
| 10 | 8.00am | - | Adampara |
| 11 | 9.00am | - | Edoor |
| | 6.00pm | - | Kilianthara SABS |
| 12 | 10.00am | - | Kanjrapally |

| | | | |
|---|---|---|---|
| 13 | 8.00am | - | Kilianthara |
| 14 | 10.30am | - | Kannur Hrudayaram |
| 15 | 9.00am | - | Josgiri : Ordination |
| | 6.00pm | - | Sandeshabhavan |
| 16 | 11.00am | - | Manippara |
| 17 | 9.00am | - | Udyagiri : Ordination |
| 18 | | - | Engaged |
| 19 | 10.00am | - | Thaliparamba |
| | 2.30pm | - | Cherupuzha |
| 20 | 8.00am | - | Udayapuram, Kodoth : Pastoral Visit |
| | 6.00pm | - | Panathady |
| 21 | 11.00pm | - | Iritty |
| 23 | 10.00am | - | Pala, Kottayam |
| 24 | | - | Kothamangalam |
| 27 | 8.00am | - | Adottukayam : Pastoral Visit |
| 28 | 11.00am | - | Karikottakary |
| | 6.00pm | - | Goodness T.V. |
| 29 | | - | Sandeshbhavan |
| 30-31 | | - | Out of Station |

**Secretary to the Auxiliary Bishop**

❖❖❖